# ശ്രീ വെങ്കടേശ്വര വ്രതം



ലളിത ഋഷികേശ്



Rushikesh Neyhaa Lalitha



September 5, 2010



September 7, 2010



September 12, 2010



September 12, 2010

# ശ്രീ വെങ്കടേശ്വര വ്രതം



**Malayalam translation, by the following devotees of Lord Venkateswara**
**Kalpana Suresh, Vidya Hani, Mini Renjith Nambiar & Mini Vachaspathi**

**To download this book:**
**https://www.venkateswaravratham.org/download**

**Email: info@venkateswaravratham.org**
**Website: www.venkateswaravratham.org**
**www.facebook.com/venkateswaravratham**

# ശ്രീ വെങ്കടേശ്വര വ്രതം

First Release: Nov, 2012 (Malayalam Version)

ഞങ്ങളുടെ വെബ്സൈറ്റിൽ നിന്നും ശ്രീ വെങ്കടേശ്വര വ്രതത്തിന്റെ PDF ബുക്ക് തെലുങ്ക് , തമിഴ്, കന്നഡ , ഹിന്ദി, മറാഠി, ഇംഗ്ലീഷ്, മലയാളം എന്നീ ഭാഷകളിൽ ലഭ്യമാണ്.

http://www.venkateswaravratham.org/download

**ഉള്ളടക്കം**

ഏഴുമലകളുടെ അധിപനായ ഭഗവാനും ഞാനും തമ്മിലുള്ള ബന്ധം.......6
ഏഴു മലകളുടെ അധിപനും ഞാനും തമ്മിലുള്ള ബന്ധം ....... 6
ഭഗവാന് വെങ്കടേശ്വരന്റെ മന്ത്രം ....... 18
കഥ 2....... 43
ശ്രീ വിശ്വാമിത്ര ഉവാച ....... 43
കഥ 3 ....... 46
ശ്രീ വസിഷ്ഠ ഉവാച ....... 46
കഥ 4 ....... 48
ശ്രീ ഭരദ്വാജ ഉവാച ....... 48
കഥ 5 ....... 50
ശ്രീ അത്രി ഉവാച....... 50
നിങ്ങളുടെ സംശയങ്ങളും അതിനുള്ള ഉത്തരങ്ങളും ....... 54

ശ്രീ കല്യാണ വെങ്കടേശ്വരസ്വാമിയുടെ ചിത്രം ഈ ബുക്കിന്റെ അവസാനത്തെ പേജിൽ അല്ലെങ്കിൽ പുറത്തെ കവറിൽ കാണാവുന്നതാണ്.

### ഓം നമോ വെങ്കടേശായ നമഹ

# തുടങ്ങുന്നതിന് മുൻപ് കുറച്ച് വാക്കുകൾ...

***വെങ്കടാദ്രി സമം സ്ഥാനം ബ്രഹ്മാണ്ഡെ നാസ്തി കിഞ്ചന***
***വെങ്കടേശ സമോദേവോ ന ഭൂതോ ഭവിഷ്യതി***

(ഈ ഭൂലോകത്തിൽ ഏഴുമലകളുടെ അധിപനായി വെങ്കടാദ്രിയിൽ വസിക്കുന്ന ഭഗവാന് തുല്യനായി ഭൂതകാലത്തിലും ഭാവിയിലും ആരും തന്നെയുണ്ടാകില്ല )

ഈ കലിയുഗത്തിൽ ശ്രീ വെങ്കടേശ്വര ഭഗവാന്റെ അനുഗ്രഹം സിദ്ധിക്കുന്നതിനായി ഏററവും ഉചിതമായ മാർഗ്ഗം വെങ്കടേശ്വര വ്രതം ചെയ്യുന്നത് ആകുന്നു. ഭഗവാന്റെ അത്ഭുത സിദ്ധികൾ എത്രയേറെ ഞാൻ കേട്ടിരിക്കുന്നു. ഞാൻ എന്റെ ജീവിതം പോലെയാണ് ഭഗവാനെ ആരാധിച്ചിട്ടുള്ളത് . എല്ലാ അത്ഭുത സിദ്ധികളുടേയും അധിപനായ ഭഗവാൻ കാരുണ്യ കടലാണ്, കനിവിന്റെ ഉറവിടമാണ്. ഭഗവാനെ വിശ്വസിക്കുന്നവരുടെ എല്ലാ ദുരിതങ്ങളും പ്രയാസങ്ങളും ഭഗവാൻ തുടച്ചു നീക്കും. തന്റെ ഭക്തന്മാരെ അവരുടെ ദുരിതക്കടലിൽ നിന്ന് കരകയറുവാൻ ഭഗവാൻ സഹായിക്കുന്നു. തന്റെ എല്ലാ ഭക്തന്മാരിലും ഭഗവാൻ അനുഗ്രഹവും കാരുണ്യവും ചൊരിയും. തന്നിൽ സമർപ്പിക്കുന്നവരുടേയും പരിപാവനമായ ജീവിതം നയിക്കുന്നവരുടേയും എല്ലാ ഉത്തരവാദിത്വങ്ങളും ഭഗവാൻ ഏറെറടുത്തുകൊള്ളും, അതിൽ ഒരു സംശയവുമില്ല.

എന്റെ പ്രിയമുള്ള അച്ഛനമ്മമാരായ ശ്രീ ബുർലേ പുല്ല റാവുവും ശ്രീമതി ബുർലേ വെങ്കട്ട ലക്ഷ്മിയും ഭഗവാന്റെ അത്ഭുത സിദ്ധികളെക്കുറിച്ചുള്ള അതിശയിപ്പിക്കുന്ന വസ്തുതകൾ എന്നോടു പറയുകയുണ്ടായി. ‘‘ഏഴുമലകളുടെ അധിപനായ’’ ഭഗവാനോടുള്ള അതിരുകളില്ലാത്ത ഭക്തിയും സ്നേഹവും എന്നിൽ സൃഷ്ടിച്ചത് എന്റെ അച്ഛനമ്മമാരാണ്. ഞാൻ വളരുന്നതനുസരിച്ച് ഭഗവാനിലുള്ള എന്റെ അടുപ്പവും വളർന്നുകൊണ്ടേയിരുന്നു. എന്റെ ജീവത്തിന്റെ പ്രധാനപ്പെട്ട ഒരു ഭാഗമായി മാറി ഭഗവാൻ. എന്റെ ഹൃദയത്തിൽ ഭഗവാനോടുള്ള ഭക്തി ക്രമാതീതമായി വളർന്നു. എന്റെ ഓർമ്മ ശരിയാണെങ്കിൽ നാളിതു വരെയും എന്റെ ഒരാഗ്രഹവും സാധിച്ചു തരണമേ എന്ന് ഞാൻ ഭഗവാനോടു പ്രാർത്ഥിച്ചിട്ടില്ല. എന്നിൽ ഉത്ഭവിച്ച ധൈര്യം എന്റെ വിശ്വാസത്തിന് ശക്തി നല്കി. അതായത് എന്റെ എല്ലാ ദുഖത്തിലും സന്തോഷത്തിലും ഭഗവാൻ കൂടെയുണ്ടാകും എന്നുള്ളത്. ഈ കാലഘട്ടത്തിൽ ഈശ്വര വിശ്വാസം വളരെക്കുറവും സ്വാർത്ഥതാല്പര്യങ്ങൾക്ക് പ്രാധാന്യം കൂടുതലുമാണ്. ഒരുപാട് ആഗ്രഹങ്ങൾ ഉള്ളിൽ വച്ചാണ് നാം ആരാധിക്കുന്ന്. എന്നാൽ ഒരാഗ്രഹവും ഉള്ളിലില്ലാത്ത ശുദ്ധ ഹൃദയരായ ഭക്തന്മാർക്ക് ഭഗവാന്റെ ദിവ്യ ദർശനം സിദ്ധിക്കും.

ഭഗവാന്റെ അനുഗ്രഹത്തിന്റെ പശ്ചാത്തലത്തിൽ നിന്നും എനിക്കുണ്ടായിട്ടുള്ള അനുഭവങ്ങൾ നിങ്ങളുമായി പങ്കുവെയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഭഗവാൻ

ശ്രീനിവാസൻ (ഏഴ മലകളുടെ അധിപൻ ,വെങ്കടേശ്വരൻ വെങ്കടേശൻ,ബാലാജി, തിരുമലേശൻ, പെരുമല്ല , ഗോവിന്ദൻ എന്നി നാമങ്ങളിലും അറിയപ്പെടുന്നു) തന്റെ എല്ലാ ഭക്തന്മാരുടെ ഭവനങ്ങളും സന്ദർശിക്കും . പ്രത്യേകിച്ചും മാതാപിതാക്കളും , മക്കളും , മരുമക്കളും , കൊച്ചു മക്കളുമായി സ്നേഹത്തോടെയും സന്തോഷ ത്തോടെയും കഴിയുന്ന ഭവനങ്ങളിൽ .ഈ ഭവനങ്ങളിൽ ശ്രീ ലക്ഷ്മി (സമ്പത്തിന്റെ ദേവി )ആനന്ദ നൃത്തമാടും . എല്ലാ മനുഷ്യർക്കും ആഗ്രഹങ്ങൾഉണ്ടാകും എന്നത് സ്വാഭാവികം .എന്നാൽ മറ്റുള്ളവർക്ക് ദോഷം ഭവിക്കത്തക്ക രീതിയിലുള്ള ആഗ്രഹ സാഫല്യത്തിനായി ഒരിക്കലും പ്രാർത്ഥിക്ക ര. എപ്പോഴും ആരോഗ്യപരവും ദോഷരഹിതവും , നല്ല ഫലങ്ങൾ നൽകുന്നതുമായ ആഗ്രഹങ്ങളേ ഭഗവാനോട് ചോദിയ്ക്കാൻ പാടുള്ളൂ . ഭഗവാൻ ശ്രീനിവാസന് പ്രവചനാതീതമായ സ്നേഹവും വാത്സല്യവും തന്റെ എല്ലാ ഭക്തന്മാരോടും ഉണ്ട് .നമ്മൾ ഭഗവാനോട് തുറന്ന ഹൃദയത്തോടെ എല്ലാ സ്വാർത്ഥ താല്പര്യങ്ങളും , അമിതമായ ആഗ്രഹങ്ങളും , ദുരഭിമാനവും ഉപേക്ഷിച്ചു വേണം പ്രാർഥിക്കാൻ .

## ഏഴു മലകളുടെ അധിപനും ഞാനും തമ്മിലുള്ള ബന്ധം

വാക്കുകൾക്കതീതമായ ഭക്തിയും സ്നേഹവുമാണ് എന്റെ മാതാപിതാക്കളായ ശ്രീ ബുർലേപുല്ല റാവുവിനും ശ്രീമതി ബുർലേ വെങ്കട്ടലക്ഷ്മിക്കും ഭഗവാൻ വെങ്കടേശ്വരനോടുള്ളത് . എന്റെ മാതാപിതാക്കൾ മിക്കവാറും തിരുമല സന്ദർശിക്കുമായിരുന്നു . അതും നഗ്നപാദരായി ഏഴു മലയും നടന്നു കയറിയാണ് പോയിരുന്നത് .എന്റെ അച്ഛൻ നിറഞ്ഞ മനസോടെ ആയിരുന്നു ഭഗവാനെ ആരാധിച്ചിരുന്നത് . ഞാൻ ജനിച്ചത് 1980 ഖമ്മം എന്ന സ്ഥലത്ത് എന്റെ മുത്തച്ഛന്റെയും, മുത്തശ്ശിയുടെയും ഗൃഹത്തിലായിരുന്നു. (ശ്രീമാൻ സിംഗവരപ്പു അനന്ത രാമുലുവും ശ്രീമതി കോടിരത്നവും ). 2000 - ആണ്ടിൽ ജോലി സംബന്ധമായി എനിക്ക് ഹൈദരാബാദിൽ ഒരു ഹോസ്റ്റലിൽ താമസിക്കേണ്ടതായി വന്നു. ഒരു ദിവസം എനിക്ക് ഒരു സ്വപ്നമുണ്ടായി , തെളിഞ്ഞ ഒരു പ്രകാശമായിരുന്നു ഞാൻ കണ്ടത് .ആ പ്രകാശം വളരെ തെളിഞ്ഞതായിരുന്നതു കൊണ്ട് എനിക്ക് വേറൊന്നും കാണാൻ കഴിഞ്ഞിരുന്നില്ല . പക്ഷെ ഒരു സ്വരം ഞാൻ കേട്ടു അത് ഇങ്ങനെ ആയിരുന്നു " നീ ശ്രീ വെങ്കടേശ്വര വ്രതം ഉടൻ തന്നെ ചെയ്യണം " ഞാൻ എന്റെ കണ്ണുകൾ തുറന്നപ്പോൾ എനിക്ക് ചുറ്റും ഇരുട്ടായിരുന്നു,അതിനാൽ ഞാൻ വീണ്ടും ഉറക്കത്തിലേക്കു വഴുതിപ്പോയി . പിറേറ ദിവസം തന്നെ ഞാൻ അമീർ പേട്ടിലുള്ള ഒരു ക്ഷേത്രത്തിലെ തിരുമേനിയെ പോയി കണ്ടു . ശ്രീ വെങ്കടേശ്വര വ്രതത്തിനെക്കുറിച്ച് അന്വേഷിച്ചു .

പക്ഷെ അദ്ദേഹത്തിന്റെ മറുപടി ഇങ്ങനെ ഒരു വ്രതത്തെക്കുറിച്ച് അറിയില്ല എന്നായിരുന്നു. ഞാൻ നിരവധി ക്ഷേത്രങ്ങളിലെ തിരുമേനിമാരോട് ഈ വ്രതത്തെക്കുറിച്ച് അന്വേഷിച്ചു . പക്ഷെ ആർക്കും ഇങ്ങനെ ഒരു വ്രതത്തെക്കുറിച്ച് അറിയില്ലായിരുന്നു. കുറച്ചു നാളുകൾക്ക് ശേഷം ഞാൻ എന്റെ സ്വപ്നത്തെക്കുറിച്ചും ഈ വ്രതത്തെക്കുറിച്ചും മുഴുവനായി മറന്നു . എന്നാൽ എല്ലാ വർഷവും ഞാൻ മുടങ്ങാതെ ഏഴുമലയും നടന്ന് തിരുമല ക്ഷേത്രം സന്ദർശിച്ച് അംഗ പ്രദക്ഷിണം (ശയന പ്രദക്ഷിണം -ശരീര ഭാഗങ്ങൾ നിലത്തു തൊട്ട് പ്രദക്ഷിണ വഴി മുഴുവൻ കിടന്നു ഉരുളുക) നടത്തുമായിരുന്നു.പക്ഷെ എന്റെ സ്വപ്നം അപ്പോഴും ഓർമയിൽ വന്നില്ല .

2002 ൽ ആണ് ഞാൻ ഋഷികേശിനെ വിവാഹം ചെയ്യുന്നത് .ഞാൻ അദ്ദേഹവുമായി അമേരിക്കയിലുള്ള കാലിഫോർണിയയിലേക്ക് താമസം മാറി. 2003 - ആണ്ടിൽ ഒരു മകളെ ഞങ്ങൾക്ക് നൽകി ഭഗവാൻ അനുഗ്രഹിച്ചു.നേഹ എന്നാണ് അവളുടെ പേര്. 2005 - ആണ്ടിലെ ഒരു ഒഴിവുകാലത്ത് ഇന്ത്യയിൽ പോയപ്പോൾ എന്റെ കുടുംബവുമൊത്തു ഞാൻ തിരുമല തിരുപ്പതി സന്ദർശിച്ചു. ഞാൻ അംഗ പ്രദക്ഷിണം നടത്താൻ നിശ്ചയിച്ചു . തിരുമലയിൽ ഞങ്ങൾ താമസിച്ചിരുന്ന കോട്ടേജ് ക്ഷേത്രത്തിൽ നിന്നും കുറച്ചു അകലെ ആയിരുന്നു. ഞാൻ  അതിരാവിലെ ഉണർന്നു കുറച്ചു പണവുമായി പുറത്തിറങ്ങി. ഒരു ടാക്സി അന്വേഷിച്ചു നടക്കുകയായിരുന്ന എന്റെ മുൻപിൽ ഒരു കുതിരവണ്ടി വന്നു നിന്നു. ആ വണ്ടിയിൽ നിന്നും പ്രായമായ ഒരു മനുഷ്യൻ ഇറങ്ങി വന്ന് എന്നോട് പറഞ്ഞു " വന്ന് ഈ വണ്ടിയിൽ ഇരിക്ക് ,ഞാൻ നിന്നെ ക്ഷേത്രത്തിൽ എത്തിക്കാം. " പത്തു നിമിഷത്തിനുള്ളിൽ എനിക്ക് ക്ഷേത്രത്തിൽ എത്തണം, സമയം അധികമില്ല . അംഗ പ്രദക്ഷിണം ചെയ്യാൻ സാധിക്കുമോ എന്നോർത്ത് എനിക്ക് ആവലാതി ആയി . അതിനാൽ ഞാൻ അദ്ദേഹത്തോട് പറഞ്ഞു. " എനിക്ക് നിങ്ങളുടെ ഈ വണ്ടിയിൽ വരാൻ പറ്റില്ല .കാരണം യഥാസമയം എനിക്ക് ക്ഷേത്രത്തിൽ എത്താൻ പ്രയാസമാകും . അംഗ പ്രദക്ഷിണം നടത്താനും സാധിക്കില്ല . അതിനാൽ ഞാൻ ഒരു ടാക്സിയിൽ പോകാം , അപ്പോൾ സമയത്തിന് എനിക്ക് ക്ഷേത്രത്തിൽ എത്താമല്ലോ " അദ്ദേഹം ചിരിച്ചു കൊണ്ട് എന്നോട് പറഞ്ഞു ഭയപ്പെടേണ്ട യഥാസമയം എന്നെ ക്ഷേത്രത്തിൽ എത്തിക്കാം. എന്നിട്ട് ഇങ്ങനെയും പറഞ്ഞു " “നിനക്ക് മുടക്കം കൂടാതെ അംഗ പ്രദക്ഷിണം ചെയ്യാൻ സാധിക്കും " . എനിക്ക് കൂടുതൽ ചിന്തിക്കാനുള്ള സമയം ഇല്ലാതിരുന്നതു കൊണ്ട് ഞാൻ വേഗം കുതിരവണ്ടിയിൽ കയറി. ആ മനുഷ്യൻ എന്നെ ക്ഷേത്രത്തിൽ കൊണ്ട് പോയി ഒരു സ്ത്രീയുടെ അടുക്കൽ ഏൽപ്പിച്ചു .ഇന്നും ആ സ്ത്രീയുടെ വശ്യതയാർന്ന തിളക്കമുള്ള മുഖം എനിക്ക് ഓർമയുണ്ട് . അവരുടെ മുഖത്ത് മഞ്ഞൾ പുരട്ടിയിരുന്നു. തിരുനെറ്റിയിൽ കുങ്കുമപ്പൊട്ടു ചാർത്തിയിട്ടുണ്ടായിരുന്നു , രണ്ടു മൂക്കുകളിലും മൂക്കുത്തി അണിഞ്ഞിരുന്നു. മുടി നിറയെ പൂക്കൾ ചൂടിയിരുന്ന  അവർ പത്മാവതി ദേവിയെപ്പോലെ തികച്ചും സുന്ദരിയായിരുന്നു . അവർ എന്റെ കൈ പിടിച്ച് കുളത്തിനരികിലേക്ക് കൊണ്ട് പോയി . എന്നിട്ട് മൂന്നു പ്രാവശ്യം എന്നോട് മുങ്ങാൻ പറഞ്ഞു . പിന്നീട് അവർ എന്റെ മുഖത്ത് മഞ്ഞളും കുങ്കുമവും ചാർത്തിത്തന്നതിന് ശേഷം സൂര്യ നമസ്കാരം (സൂര്യഭഗവാനോട് പ്രാർത്ഥിക്കാൻ  ) ചെയ്യാൻ പറഞ്ഞു . അതിനു ശേഷം അവർ എന്നെ ക്ഷേത്രത്തിലെ പ്രധാന കവാടത്തിലൂടെ (ധ്വജ സ്തംഭം ) അകത്തേക്ക് കൊണ്ട് പോയി .എന്റെ അംഗ പ്രദക്ഷിണത്തിനു ശേഷം അവർ എനിക്ക് വെങ്കടേശ്വര ഭഗവാനെ ദർശിക്കാനുള്ള പ്രത്യേക ഒരുക്കങ്ങൾ ചെയ്തു തന്നു.

പ്രത്യേക ദർശനം ഒരുക്കിത്തന്നതിൽ എനിക്ക് ആ സ്ത്രീയോട് നന്ദി പറയണമായിരുന്നു .അതിനായി അവരെ ഞാൻ ക്ഷേത്രത്തിന്റെ അകത്തും പുറത്തും അന്വേഷിച്ചു . പല ആളുകളോടും തിരക്കി, പക്ഷെ ആർക്കും അവരെക്കുറിച്ച് ഒന്നും തന്നെ അറിയില്ലായിരുന്നു . ഞാൻ മറ്റൊന്നും ചിന്തിക്കാൻ പറ്റാത്ത ഒരു പ്രത്യേക മാനസികാവസ്ഥയിൽ ആയിപ്പോയി. പിന്നീട് ഞാൻ ആ സ്ത്രീയെ കണ്ട സ്ഥലത്തേക്ക് പോയി എല്ലാവരോടും അവരെക്കുറിച്ച് അന്വേഷിച്ചു . പക്ഷെ എനിക്ക് ഒരു മറുപടിയും കിട്ടിയില്ല . വളരെ അത്ഭുതത്തോടെ ആയിരുന്നു അവിടുത്തെ തിരുമേനിമാരും സ്ഥലനിവാസികളും തിരുമല തിരുപ്പതിയിൽ കുതിരവണ്ടികൾ ഇല്ല എന്ന് എന്നോട് പറഞ്ഞത്. ഈ ആൾക്കാരെ അവർ ആരും തന്നെ കണ്ടിട്ടില്ല പോലും . എന്നെ ഏറ്റവും അതിശയിപ്പിച്ചത് എന്തെന്നാൽ ഞാൻ ടാക്സിയിൽ പോകാൻ വേണ്ടി സൂക്ഷിച്ചിരുന്ന പണം മൂന്ന് പ്രാവശ്യം വെള്ളത്തിൽ മുങ്ങിയിട്ടും ഒട്ടും തന്നെ നനഞ്ഞില്ല എന്നുള്ളതായിരുന്നു. എന്നെ ക്ഷേത്രത്തിൽ കൊണ്ട് പോയ ആ മനുഷ്യൻ മറ്റാരും തന്നെയല്ല സാക്ഷാൽ "ഭഗവാൻ വെങ്കടേശ്വരൻ " തന്നെ ആയിരുന്നു എന്നും , അത് പോലെ എന്നെ സൂര്യ നമസ്കാരം ചെയ്യിച്ചതും ഭഗവാന്റെ പ്രത്യേക ദർശനം ഒരുക്കിത്തന്നതുമായ ആ സ്ത്രീ സാക്ഷാൽ "ശ്രീ പത്മാവതി " ദേവി ആയിരുന്നു എന്നതും. എനിക്ക് അവരെ മനസിലാക്കാൻ സാധിച്ചില്ലല്ലോ എന്നോർത്ത് ഞാൻ ആകെ വിഷമിച്ചു പോയി . പക്ഷെ ദേവി പത്മാവതി എന്നോട് പറഞ്ഞ പുണ്യമായ വാക്കുകൾ ഓർത്തപ്പോൾ എനിക്ക് അതിയായ സന്തോഷം തോന്നി .ആ വാക്കുകൾ ഇങ്ങനെ ആയിരുന്നു " എന്റെ ഭഗവാന്റെ ദർശനം നിനക്ക് ലഭിക്കും. ഞാൻ നിനക്ക് ഉറപ്പു തരുന്നു " എനിക്ക് മനസിലായി ആ സംഭവം ഭഗവാന്റെ അത്ഭുത പ്രവർത്തികളിൽ ഒന്നു മാത്രമായിരുന്നു എന്ന്. ഞാൻ തിരികെ ഞങ്ങളുടെ താമസസ്ഥലത്ത് എത്തിയപ്പോൾ എന്റെ ഭർത്താവിനോടും ഭർതൃസഹോദരൻ ഗണേഷിനോടും ഭാര്യ ശിവപ്രിയയോടും ബാക്കി എല്ലാവരോടും ഈ സംഭവം പറഞ്ഞു. അവർ അവിടുത്തെ സ്ഥലവാസികളോട് എല്ലാവരോടും ഈ കുതിരവണ്ടിയെക്കുറിച്ച് അന്വേഷിച്ചു. തിരുമല തിരുപ്പതിയിൽ കുതിരവണ്ടികൾ ഇല്ല എന്നുള്ളത് എല്ലാവരും തറപ്പിച്ചു തന്നെ പറഞ്ഞു. ആ പ്രായമായ മനുഷ്യൻ ഭഗവാൻ വെങ്കടേശ്വരൻ ആണെന്നും ആ സ്ത്രീ ദേവി പത്മാവതി ആണെന്നതും അവർ വിശ്വസിച്ചിരുന്നോ എന്നെനിക്കറിയില്ല. എന്നാൽ അവർ പരിപാവനമായ ആ ജോഡി ആയിരുന്നു എന്നുള്ളത് എനിക്ക് ഉറച്ച വിശ്വാസം തന്നെയാണ്.

ആ സംഭവത്തിന് ശേഷം ഞങ്ങൾ അമേരിക്കയിലെ കാലിഫോർണിയയിലേക്ക് തിരികെപ്പോയി . എങ്കിലും 2005 ലെ തിരുമല തിരുപ്പതിയിലെ യാത്ര എന്റെ ജീവിതത്തിലെ മങ്ങാത്ത ഓർമകളിൽ ഒന്നായി മാറി . 2000 ആണ്ടിൽ ഞാൻ കണ്ട അതേ സ്വപ്നം വീണ്ടും 2010 മെയ് മാസത്തിൽ ആവർത്തിക്കുകയുണ്ടായി . അതേ തെളിഞ്ഞ പ്രകാശവും "ശ്രീ വെങ്കടേശ്വര " സ്വരവുമാണ് ഞാൻ കേട്ടത് . അദ്ദേഹം വീണ്ടും എന്നോട് ഈ "വ്രതം" ചെയ്യണമെന്നു പറയുകയുണ്ടായി .അത് കൂടാതെ ഈ വ്രതം ഞാൻ മാലോകരെ അറിയിക്കണമെന്നും ഭഗവാനെക്കുറിച്ചുള്ള എല്ലാ നല്ല അനുഭവങ്ങളും എല്ലാവരെയും അറിയിക്കണമെന്നും ഉപദേശിക്കുകയുണ്ടായി. അദ്ദേഹം എന്നോട് വീണ്ടും പറഞ്ഞത് എന്തെന്നാൽ "നീ ജനിച്ചത് തന്നെ ശ്രീ വെങ്കടേശ്വര വ്രതത്തിന്റെ പ്രാധാന്യം മാലോകരെ അറിയിക്കാൻ വേണ്ടിയാണ്. " അപ്പോൾ ഞാൻ ഭഗവാനോട് ചോദിച്ചു " ഭഗവാനെ ഞാൻ തനിച്ചാണ് . എന്നെ സഹായിക്കാൻ ആരും തന്നെയില്ല . എന്റെ വാക്കുകൾ ആര് കേൾക്കും ? ആരെങ്കിലും എന്നെ വിശ്വസിക്കുമോ? എന്റെ ചോദ്യം കേട്ടപ്പോൾ ഭഗവാൻ മന്ദഹസിച്ചു

കൊണ്ട് പറഞ്ഞു " നീ ഈ വ്രതം നിന്റെ വീടിനുള്ളിൽ ചെയ്യൂ. അപ്പോൾ നിന്റെ മുൻപിൽ എല്ലാ വഴിയും തെളിയും" എന്ന് മാത്രമല്ല ഉടൻ തന്നെ ഈ പുസ്തകം എഴുതാനും ഭഗവാൻ എന്നെ ഉപദേശിച്ചു .എന്റെ ഭർത്താവ് ഋഷികേശിനോട് എന്റെ ഈ സ്വപ്നത്തെക്കുറിച്ച് ഞാൻ പറഞ്ഞു. അദ്ദേഹം എന്നെ പൂർണമായി വിശ്വസിക്കുകയും എന്റെ ആഗ്രഹം സഫലമാക്കാൻ സഹായിക്കാമെന്നും പറഞ്ഞു. 2010 ജൂൺ 26 -ാം തീയതി ശനിയാഴ്ച പൗർണമി നാളിൽ ഞങ്ങൾ "ശ്രീ വെങ്കടേശ്വര വ്രതം " നടത്തി .അതിനു ശേഷം 2010 ജൂലൈ 25 -ാം തീയതി ഞായറാഴ്ച പൗർണമി നാളിൽ ഞങ്ങൾ വീണ്ടും വ്രതം നടത്തി. ഞങ്ങൾ ഭഗവാന് " മഹാനൈവേദ്യം " (പതിനഞ്ചു വ്യത്യസ്തമായ ഗ്രഹങ്ങളിൽ തയ്യാറാക്കിയ ഭക്ഷണവും വിവിധ തരം പഴ വർഗങ്ങളും) സമർപ്പിച്ച് പൂജാമുറിയുടെ വാതിൽ അടച്ചു. അരമണിക്കൂറിനു ശേഷം ഞങ്ങൾ പൂജാമുറി തുറന്നു നോക്കിയപ്പോൾ കല്യാണ വെങ്കടേശ്വരന്റെ പടത്തിനു മുൻപിൽ ഒരുരുള നാരങ്ങ ചോറാണ് കാണാൻ സാധിച്ചത്. ആ കാഴ്ച ഞങ്ങളെ സ്തബ്ധരാക്കി . 2010 സെപ്തംബർ 4-ാം തീയതി ശനിയാഴ്ച " ഏകാദശി " നാളിൽ വീണ്ടും ഞങ്ങ ൾ വ്രതം നടത്തി. അന്നും പതിവുപോലെ ഭഗവാന് " മഹാനൈവേദ്യം" സമർപ്പിച്ച് പൂജാമുറി അടച്ചു. കുറച്ചു നിമിഷത്തിനു ശേഷം പൂജാമുറി തുറന്നപ്പോൾ ഞാൻ കണ്ടത് " മഹാനൈവേദ്യം" മുഴുവൻ ഒരു ബാളിന്റെ ആകൃതിയിൽ ആയതാണ് .ഉടൻ തന്നെ ഞാൻ എന്റെ ഭർത്താവിനെയും മക്കളെയും സുഹൃത്തുക്കളെയും വിളിച്ച് ഈ അത്ഭുത കാഴ്ച കാട്ടി കൊടുത്തു. എല്ലാവരും ഇതു കണ്ട് സ്തബ്ധരായി നിന്നു. എനിക്ക് മറക്കാനാകാത്ത ഒരു ദിവസമായിരുന്നു ഇത്. വാക്കുകൾക്കതീതമായി അത്രയ്ക്ക് മനോഹരവും മധുരിതവും ആയിരുന്നു. അതിനു ശേഷം എല്ലാ ദിവസവും ഞങ്ങളുടെ വീട്ടിൽ അത്ഭുതങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുകയാണ് . ഇപ്പോഴും, ഈ പുസ്തകം ഇംഗ്ലീഷിലേക്ക് തർജ്ജമ ചെയ്യുന്ന സമയത്തും (ജനുവരി 2 - 2011 ) അത്ഭുതങ്ങൾ സംഭവിച്ചു കൊണ്ടിരിക്കുന്നു.

ഇതേ അത്ഭുതങ്ങൾ ഞങ്ങൾ 2010 ഒക്ടോബർ മാസത്തിൽ പ്രസിദ്ധീകരിച്ച തെലുങ്ക് പുസ്തകത്തിലും വിവരിച്ചിട്ടുണ്ട്. 2010 ഒക്ടോബർ 10 നു ശേഷവും ഞങ്ങൾക്ക് അത്ഭുതങ്ങൾ സംഭവിക്കുന്നുണ്ടെങ്കിലും സെപ്തംബർ 5 -2010 മുതൽ ഒക്ടോബർ 10 -2010 വരെയുള്ള സംഭവങ്ങളാണ് ഞങ്ങൾ ഈ പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

**സെപ്തംബർ 5 2010:** രാവിലെ ഞാനുണർന്നു കണ്ണാടിയിൽ എന്റെ മുഖം നോക്കിയപ്പോൾ കണ്ട കാഴ്ച ശരിക്കും എന്നെ ഞെട്ടിച്ചു. ഭഗവാന്റെ നെററിയിലെ നാമം(മൂന്നു ചന്ദന വരകൾ) എന്റെ നെററിയിൽ പ്രത്യക്ഷപ്പെട്ടിരിക്കുന്നു. അത് വളരെ വലുതായിരുന്നു. അതായത് എന്റെ നെററി മുതൽ മൂക്കുവരെ ഉണ്ടായിരുന്നു. അന്ന് എനിക്ക് മനസ്സിലായി ഭഗവാൻ മററെങ്ങുമല്ല എന്റെ വീടിനുള്ളിൽ തന്നെ കുടി കൊള്ളുന്നു എന്ന്. അന്ന് രാവിലെ ഞങ്ങൾ പൂജ നടത്തിയതിന് ശേഷം പുറത്ത് സാധനങ്ങൾ വാങ്ങാൻ പോയി. ഞങ്ങൾ വൈകുന്നേരം തിരികെ വന്നപ്പോൾ കണ്ടത്, ആരതി ചെയ്യാൻ വേണ്ടി എന്ന പോലെ ആരതിപാത്രത്തിൽ നിറയെ നെയ്യും തിരിയും ആരോ ശരിയാക്കി വെച്ചിരിക്കുന്നു. എന്താണ് സംഭവിക്കുന്നത്, എന്ന് മനസ്സിലാകാതെ കുറച്ച് ഭയത്തോടെ ഞങ്ങൾ നിന്നു പോയി. ഞങ്ങളുടെ വീട്ടിൽ ആരും തന്നെയില്ല. പിന്നെ ആരിത് ചെയ്തു ,എങ്ങനെ ഇതു സംഭവിച്ചു എന്നാലോചിച്ചപ്പോൾ ഞങ്ങൾക്കു മനസിലായി ഇതിനു കാരണഭൂതനായത് മററാരുമല്ല കലിയുഗത്തിന്റെ ഭഗവാനാണെന്ന്. ഭഗവാന് ആരതി സമർപ്പിച്ചിനു ശേഷം ഞാൻ ആഹാരം പാകം ചെയ്യാനായി അടുക്കളയിലേക്ക് പോയി. പെട്ടെന്ന് ഞങ്ങളുടെ വീടിനുള്ളിൽ നല്ല സുഗന്ധം പരക്കാൻ തുടങ്ങി. പൂജാമുറിയിലേക്ക് ഓടിച്ചെന്നു നോക്കിയപ്പോൾ ഞങ്ങൾ കണ്ടത് ചന്ദനത്തിരികൾ കത്തി നില്ക്കുന്നതാണ്. കുറച്ച് നിമിഷങ്ങൾക്കു ശേഷം എന്റെ മകൾ വന്നെന്നോടു പറഞ്ഞു വീണ്ടും ആരതിപാത്രത്തിൽ നെയ്യും തിരിയും ആരോ

ശരിയാക്കി വച്ചിരിക്കുന്നു എന്ന്. ഞാൻ ഭഗവാനോട് പ്രാർത്ഥിച്ച് വീണ്ടും ആരതി സമർപ്പിച്ചു. സ്വപ്നത്തിൽ ഭഗവാൻ എന്നോടു പറഞ്ഞതുപോലെ അദ്ദേഹംതന്നെയാണ് അതായത് ഭഗവാൻ ശ്രീമാൻ നാരായണൻ തന്നെയാണ് ഞങ്ങളുടെ വീട്ടിനുള്ളിൽ ഉള്ളത്. ഞങ്ങളുടെ സന്തോഷത്തിന് അതിരുകളില്ലായിരുന്നു.

**സെപ്തംബർ 6 2010** : അന്ന് രാവിലെ ഉണർന്നത് അക്ഷിന്ത (അരിമണികളിൽ മഞ്ഞളും എണ്ണയും കലർന്നത്) ഞങ്ങളുടെ കിടക്കയുടെ മുകളിൽ വിതറിയിരുന്നതു കണ്ടു കൊണ്ടാണ്. അതു മുഴുവൻ ഞങ്ങൾ ഒരു ബാഗിനുള്ളിൽ സൂക്ഷിച്ചു വച്ചു.അന്ന് ഞാൻ കുളി കഴിഞ്ഞ് പൂജാമുറിയിൽ പോയി ഭഗവാന്റെ നാമം ഉരുവിട്ടു കൊണ്ട് പൂജ ചെയ്യുമ്പോൾ പെട്ടെന്ന് ഭഗവാന്റെ ചിത്രത്തിൽ നിന്നും ഒരു തെളിഞ്ഞ പ്രകാശം വരുന്നത് കണ്ടു. വളരെ തെളിഞ്ഞ പ്രകാശമായതിനാൽ ഞാൻ എന്റെ കണ്ണുകൾ അടച്ചു. പിന്നീട് എന്ത് സംഭവിച്ചു എന്നെനിക്കറിയില്ല . ഭർത്താവ് എന്റെ പേര് ഉച്ചത്തിൽ വിളിക്കുന്നതു കേട്ടാണ് ഞാനുണർന്നത് . അബോധാവസ്ഥയിൽ ആയിരുന്നു എന്നാണ് ഞാൻ കരുതിയത്.എന്റെ മുഖം കണ്ണാടിയിൽ നോക്കിയപ്പോൾ നാമം (മൂന്ന് ചന്ദന വരകൾ) എന്റെ ശ്രദ്ധയിൽപ്പെട്ടു. ഈ തവണ ഞാൻ കുറച്ചു ഭയക്കുകയും ചെയ്തു. കാരണം നാമത്തിനു നടുവിലായി ഒരു വലിയ കുങ്കുമപ്പൊട്ടു കൂടി പ്രത്യക്ഷപ്പെട്ടു. അപ്പോൾ എന്റെ ഭർത്താവ് ,നിന്നിൽ ഭഗവാൻ പ്രവേശിക്കപ്പെടുകയും നിന്റെ ശബ്ദത്തിനു വ്യത്യാസം അനുഭവപ്പെടുകയും ചെയ്തുവെന്ന് എന്നോട് പറഞ്ഞു .അതായതു ഒരു പുരുഷശബ്ദം എന്നിൽ നിന്നും പുറപ്പെട്ടുവത്രേ . ഞാൻ വീണ്ടും വീണ്ടും എന്റെ ഭർത്താവിനോട് ചോദിച്ചു അത് സത്യമായിരുന്നോ എനിക്കൊന്നും ഓർമ്മയില്ലല്ലോഎന്ന് .അന്ന് ഉച്ചക്ക് ഒരു മണിക്ക് ഞങ്ങൾ പുറത്തു പോയിട്ട് വൈകിട്ട് 6 മണിക്കാണ് തിരികെ വീട്ടിൽ എത്തുന്നത്. അപ്പോൾ ഞങ്ങൾ കണ്ടത് വിളക്കുകളെല്ലാം തെളിഞ്ഞു നിൽക്കുന്നതും പൂജക്ക് എന്നപോലെ നെയ്യും, തിരിയും, ചന്ദനത്തിരിയും എല്ലാം ആരോ ശരിയാക്കി വച്ചിരിക്കുന്നതുമാണ് ,തീർത്ഥവും (തണുത്ത പാലിൽ പഞ്ചസാര കലർത്തിയത് )ഉണ്ടാക്കി വെച്ചിരിക്കുന്നു.

**സെപ്തംബർ** 7 2010 : ഈ ദിവസം ഭഗവാന്റെ ചിത്രത്തിൽ നിന്നും മഞ്ഞൾപ്പൊടി പുറത്തേക്ക് പ്രത്യക്ഷപ്പെടാൻ തുടങ്ങി . രാവിലെ ഞാൻ പൂജ ചെയ്യുമ്പോൾ ഈ മഞ്ഞൾപ്പൊടി കാണുന്നില്ലായിരുന്നു. അന്ന് ഉച്ചക്ക് 12 .30 നു ഞാനും എന്റെ മകളും കൂടി പൂജാമുറി വൃത്തിയാക്കാൻ വേണ്ടി ചെന്നപ്പോൾ എന്റെ മകൾ എന്നോട് പറഞ്ഞു " അമ്മേ ഭഗവാന്റെ ചിത്രത്തിൽ നിന്നും മഞ്ഞൾപ്പൊടി വരുന്നു" . മഞ്ഞൾപ്പൊടി കണ്ടപ്പോൾ ഇത് എന്റെ വീട്ടിൽ തന്നെയാണോ സംഭവിക്കുന്നതെന്നു ഞാൻ അതിശയത്തോടെ ഓർത്തു. എനിക്കറിയാമായിരുന്നു എന്റെ വീടിനുള്ളിൽ ഇത്രയും മഞ്ഞൾപ്പൊടി ഇല്ല എന്നുള്ളത് .ഞാൻ അടുക്കളയിലേക്ക് പോയി മഞ്ഞൾപ്പൊടി സൂക്ഷിച്ചിരുന്ന പാത്രം തുറന്നു നോക്കി.അപ്പോൾ കണ്ടത് ഓം, സ്വസ്തി എന്നീ ചിഹ്നങ്ങൾ അതിൽ തെളിഞ്ഞിരിക്കുന്നതാണ്. ഉടൻ തന്നെ ഞാനത് എന്റെ ഭർത്താവിനെ കാണിച്ചു .അദ്ദേഹം അതിന്റെ കുറച്ചു ചിത്രങ്ങളും എടുത്തു. ഭഗവാന്റെ ചിത്രത്തിൽ നിന്നും വന്ന മഞ്ഞൾപ്പൊടിക്ക് നല്ല സുഗന്ധമുണ്ടായിരുന്നു. ആ സുഗന്ധം എന്റെ വീടിനുള്ളിൽ മുഴുവൻ നിറഞ്ഞു നിന്നു.എന്റെ വീട്ടിൽ അന്ന് വന്ന എല്ലാ സുഹൃത്തുക്കൾക്കും ഇത് അനുഭവിക്കാനുള്ള യോഗമുണ്ടായി. അന്നു വൈകുന്നേരവും പതിവുപോലെ ആരതിക്ക് വേണ്ടി എല്ലാം തനിയെ ശരിയായി അതായത് നെയ്യും തിരിയും എല്ലാം.

**സെപ്തംബർ** 8 2010 : ഈ ദിവസം ഭഗവാന്റെ ചിത്രത്തിൽ നിന്നും കൂടുതൽ മഞ്ഞൾപ്പൊടി പ്രത്യക്ഷപ്പെടാൻ തുടങ്ങി .ഒരു വെള്ളിപ്പാത്രത്തിൽ പാലും തേനും കൂടി കലർത്തിയതും പ്രത്യക്ഷപ്പെട്ടു. ഈ അത്ഭുതങ്ങളെല്ലാം സംഭവിക്കാൻ തുടങ്ങിയ ദിവസം മുതൽ ഞങ്ങൾ മൂന്ന് നേരവും ഭഗവാനു നൈവേദ്യം സമർപ്പിക്കാൻ തുടങ്ങി. ഭഗവാന് സമർപ്പിക്കാതെ ഞങ്ങളുടെ മകൾ നേഹ പോലും ഒന്നും കഴിക്കില്ല.

**സെപ്തംബർ 9 2010** : ഈ ദിവസം ഭഗവാന്റെ ചിത്രത്തിൽ നിന്നും പ്രത്യക്ഷപ്പെട്ട മഞ്ഞൾപ്പൊടി ഒരു കുന്നു പോലെ വളർന്നു ഭഗവാന്റെ മുഖം വരെ പൊതിഞ്ഞു. ഈ മഞ്ഞൾ കൂമ്പാരത്തിൽ ഭഗവാൻ നരസിംഹസ്വാമിയുടെ രൂപം തെളിഞ്ഞത് ഞങ്ങളുടെ ശ്രദ്ധയിൽപ്പെട്ടു . അന്നു ഞങ്ങൾ കുറച്ചു സുഹൃത്തുക്കളെ വീട്ടിലേക്ക് ക്ഷണിച്ചു. ചിലർക്ക് മഞ്ഞൾപ്പൊടിയിൽ തെളിഞ്ഞു കാണാൻ സാധിച്ചത് ശ്രീ വെങ്കടേശ്വര സ്വാമിയേയും , ചിലർക്ക് ഭഗവാൻ നരസിംഹസ്വാമിയേയും , മറ്റു ചിലർക്ക് ഭഗവാൻ കൃഷ്ണനെയും അതുമല്ലാതെ മറ്റു ചിലർക്ക് ഓംകാരവുമാണ്. ഓരോരുത്തരും ഏതു രൂപത്തിലാണോ ഭഗവാനെ ആരാധിക്കുന്നത് ആ രൂപത്തിൽ അവർക്ക് ഭഗവാൻ ദർശനം നൽകി .

അന്നേ ദിവസം അവിശ്വസനീയമായ മറ്റൊരു സംഭവം കൂടി ഞങ്ങൾക്ക് ഉണ്ടായി . അതുവരെ ഭഗവാന്റെ എല്ലാ അത്ഭുത പ്രവർത്തികളും ഞങ്ങൾക്ക് അനുഭവിക്കാൻ സാധിച്ചു.അതായത് ഭഗവാന്റെ ചിത്രത്തിൽ നിന്നും മഞ്ഞൾപ്പൊടി പ്രത്യക്ഷപ്പെടുന്നതും , നെയ്യും, തിരിയും, ചന്ദനത്തിരിയും പൂജയ്ക്കായി തനിയെ ശരിയാകുന്നതുമെല്ലാം. പക്ഷെ ഇനി ഞാൻ പറയാൻ പോകുന്ന കാര്യം വളരെ പ്രത്യേകതയുള്ളതും മനോഹരവുമായ ഒന്നാണ്. ഇതു കണ്ടു നിന്നവരെല്ലാം തന്നെ വളരെയധികം അത്ഭുതപ്പെട്ടുപോയി. അന്നു അതിരാവിലെ ഉണർന്ന ഭർത്താവ് എന്റെ മുഖം കണ്ടു ഭയന്ന് പോയി . അദ്ദേഹം എന്നോട് ചോദിച്ചു " നിന്റെ മുഖത്ത് നീ എന്താണ് പുരട്ടിയിരിക്കുന്നത്?. ഇതു കേട്ട് കണ്ണാടിയിൽ നോക്കിയ ഞാൻ കണ്ടത് എന്റെ മുഖം നിറയെ മഞ്ഞളും നെറ്റിയിൽ ഒരു നാണയ വലിപ്പമുള്ള കുങ്കുമപ്പൊട്ടും പ്രത്യക്ഷപ്പെട്ടിരിക്കുന്നതാണ്. ക്രമേണ ആ കുങ്കുമപ്പൊട്ട് വലുതാകാൻ തുടങ്ങി .എന്താണ് സംഭവിക്കുന്നത് എന്ന് എനിക്ക് മനസ്സിലായില്ല. എന്നിൽ ചില സംശയങ്ങൾ ഉടലെടുക്കുവാൻ തുടങ്ങി .വൈകുന്നേരം ആയപ്പോൾ ഈ കുങ്കുമപ്പൊട്ട് വളർന്നു ഒരുപാട് വലുതായി. അന്നു വൈകുന്നേരം ഭജൻ ( ദൈവീക ഗാനങ്ങൾ ) പാടാൻ എന്റെ കുറച്ചു സുഹൃത്തുക്കളും അവരുടെ കുട്ടികളും ഞങ്ങളുടെ വീട്ടിൽ വന്നു. അവർ ഭജൻ പാടുന്നതിനിടയിൽ ഞാൻ എന്റെ കണ്ണുകൾ അടച്ചു. ആ നിമിഷം ഞാൻ ശ്രീ വെങ്കടേശ്വര സ്വാമിയേയും ദേവി പത്മാവതിയെയും കണ്ടു.അപ്പോഴാണ് എന്റെ മുഖത്ത് മഞ്ഞളും കുങ്കുമവും തെളിഞ്ഞത് എന്തുകൊണ്ടാണെന്ന് എനിക്ക് മനസിലായത്. നമ്മുടെ നഗ്നനേത്രങ്ങൾ കൊണ്ട് ഒരിക്കലും ഭഗവാനെ കാണാൻ സാധിക്കില്ല. അതിനു പ്രത്യേക ശക്തി നമ്മൾക്ക് ഉണ്ടാകണം. ആ ശക്തി ആണ് ഭഗവാൻ എനിക്ക് നൽകി അനുഗ്രഹിച്ചത്.ഭഗവാനും ദേവിയും അങ്ങനെ ഒരനുഗ്രഹം നമ്മൾക്ക് നൽകിയില്ലങ്കിൽ അവർക്ക് ചുറ്റുമുള്ള അത്ഭുത പ്രഭാവലയം നമ്മൾക്ക് കാണാൻ സാധിക്കുകയില്ല . ഇത്ര വലിയ അനുഗ്രഹം എനിക്ക് നൽകിയതിൽ ഞാൻ ഭഗവാനിൽ കൃതാർത്ഥയാണ് . അന്നു പാലും പഞ്ചസാരയും ചേർത്ത് ഞങ്ങൾ ഭഗവാനു സമർപ്പിച്ചു . കുറച്ചു നിമിഷം കഴിഞ്ഞപ്പോൾ പഞ്ചസാര തേനായി മാറിയതാണ് കാണാൻ കഴിഞ്ഞത്. ഈ ദിവസം നടന്ന എല്ല അത്ഭുതങ്ങളും കാണാനും അനുഭവിക്കാനും സാധിച്ച എന്റെ എല്ലാ സുഹൃത്തുക്കളും വളരെ സന്തുഷ്ടരായിരുന്നു.

**സെപ്തംബർ 10 - 2010** : ഈ ദിവസം കുളി കഴിഞ്ഞ ഞാൻ പൂജാമുറിയിൽ പോയപ്പോൾ കണ്ടത് ഭഗവാന്റെ ചിത്രത്തിന് മുൻപിൽ പ്രത്യക്ഷപ്പെട്ട മഞ്ഞൾപ്പൊടി വിനായക ഭഗവാന്റെ രൂപം കൈക്കൊണ്ടതായാണ് . അന്നും പതിവുപോലെ വിളക്കുകളെല്ലാം തനിയെ തെളിഞ്ഞു , ആരതി പാത്രത്തിൽ നെയ്യും തിരിയും തനിയെ ശരിയായി. എല്ലാം പൂജയ്ക്കായി ശരിയായതുപോലെ. ഭഗവാൻ അന്നു വിനായകന്റെ രൂപത്തിൽ ദർശനം നൽകിയാണ് ഞങ്ങളെ അനുഗ്രഹിച്ചത്. അന്ന് ഞങ്ങളുടെ വീട് സന്ദർശിച്ച അതിഥികളെല്ലാം ഞങ്ങളോട് ചോദിച്ചു "വിനായക ചതുർഥിക്ക് മുൻപ് തന്നെ ഭഗവാൻ നിങ്ങളുടെ വീട്ടിൽ വന്നല്ലോ "എന്ന് . ഭഗവാന്റെ പ്രവർത്തികളെല്ലാം അതിശയം ഉളവാക്കുന്നതാണ് .ഒരായിരം കണ്ണുകളുണ്ടായാലും ഭഗവാന്റെ ഈ അത്ഭുതങ്ങൾ കാണാൻ മതിയാകില്ല.

**സെപ്തംബർ 11 2010** : ഇന്നും പതിവ് പോലെ വിളക്കുകളെല്ലാം തനിയെ തെളിഞ്ഞു. ആരതി പാത്രത്തിൽ നെയ്യും തിരിയും തനിയെ ശരിയായി കഴിഞ്ഞിരുന്നു. ഞാൻ രാവിലെ ഉണർന്നപ്പോൾ വീണ്ടും എന്റെ മുഖത്ത് മഞ്ഞളും നെറ്റിയിൽ കുങ്കുമപ്പൊട്ടും തെളിഞ്ഞു കണ്ടു. ഇങ്ങനെ വീണ്ടും സംഭവിച്ചതിൽ ഞാൻ അതിയായി സന്തോഷിച്ചു. കഴിഞ്ഞ പ്രാവശ്യം ഇങ്ങനെ സംഭവിച്ചപ്പോൾ ഭഗവാനും ദേവിയും എനിക്ക് ദർശനം നൽകി അനുഗ്രഹിച്ചിരുന്നു. ഭഗവാന്റെ ദർശനം ഇനിയും എനിക്ക് ഉണ്ടാകും എന്നാലോചിച്ചപ്പോൾ അതിയായ സന്തോഷം എനിക്ക് അനുഭവപ്പെട്ടു . നാരങ്ങചോറും തൈരു സാദവും ഭഗവാന് നൈവേദ്യമായി ഞങ്ങൾ സമർപ്പിച്ചു. കുറച്ചു സമയത്തിനു ശേഷം പൂജാമുറി ഞങ്ങൾ തുറന്നു നോക്കുമ്പോൾ കണ്ടത് നാരങ്ങാചോറും തൈരുസാദവും കൂടി കുഴഞ്ഞു കിടക്കുന്നതാണ്. ഭഗവാൻ ഭക്ഷിച്ചതിന്റെ ബാക്കി ഞങ്ങൾ കഴിച്ചു.

അന്നേ ദിവസം ഞങ്ങൾക്ക് കുറച്ചു അതിഥികൾ ഉണ്ടായിരുന്നു.അവരിൽ ഒരാൾക്ക്, ഞങ്ങൾക്ക് സംഭവിക്കുന്ന അത്ഭുതങ്ങളിൽ അത്രയ്ക്ക് വിശ്വാസം ഇല്ലായിരുന്നു. അവർ എന്നോട് പറഞ്ഞു " ദൈവം വെറും കല്പ്രതിമയാണ്. നമ്മുടെ ആഗ്രഹങ്ങൾ അദ്ദേഹത്തോട് പറഞ്ഞാൽ അത് നിറവേറ്റി തരും, അല്ലാതെ ഈ വീട്ടിനുള്ളിൽ നടക്കുന്നു എന്ന് പറയുന്നതെല്ലാം നിന്റെ തോന്നൽ ആണെന്ന്". എന്നിട്ട് ഏകദേശം ഒരു മണിക്കൂറോളം എന്നോട് ഓരോരോ ചോദ്യങ്ങൾ ചോദിച്ചു കൊണ്ടേയിരുന്നു.അതിനെല്ലാം ഞാൻ ക്ഷമയോടെ ഉത്തരവും നൽകി. അവരുടെ ചോദ്യങ്ങൾക്ക് മറുപടി നൽകിയതിനു ശേഷം അവർ കൊണ്ട് വന്ന പൂക്കളെല്ലാം ഞാൻ ഭഗവാന്റെ മുൻപിൽ വച്ചു. അതിനു ശേഷം അവർ ഞങ്ങൾ നൽകിയ പ്രസാദവും കഴിച്ചു തിരികെപ്പോയി . അതിനുശേഷം വളരെ നാളുകളായി ഞങ്ങൾക്ക് പരിചയമുള്ള കുറച്ചു അതിഥികളും ഞങ്ങളുടെ വീട് സന്ദർശിക്കുകയുണ്ടായി . അതിൽ ഒരു സ്ത്രീ എന്റെ വീട്ടിൽ നടക്കുന്ന അത്ഭുതങ്ങൾ സത്യമാണോ എന്ന് പരീക്ഷിക്കുവാൻ ഇതിനു മുൻപ് എന്റെ വീട്ടിൽ വന്നിരുന്നതായി ഞാൻ ഓർത്തു. കുറച്ചു നിമിഷങ്ങൾ ഞങ്ങളോടൊപ്പം ചിലവിട്ടതിനു ശേഷം പ്രസാദം സ്വീകരിക്കാതെ അവർ തിരികെപ്പോയി .അന്നു വൈകുന്നേരം എന്റെ ഭർത്താവും മകളും ഞങ്ങളുടെ ഒരു സുഹൃത്തിന്റെ വീട്ടിൽ ഭക്ഷണം കഴിക്കാൻ പോയി. ഞാൻ വീട്ടിലുണ്ടായിരുന്നു .എന്റെ നെറ്റിയിലെ കുങ്കുമപ്പൊട്ട് വളരുവാൻ തുടങ്ങി. ഞാൻ ഭഗവാന്റെ ദർശനത്തിനു വേണ്ടി ക്ഷമയോടെ കാത്തിരുന്നു.

അന്നു വൈകുന്നേരം എന്റെ വീട് സന്ദർശിച്ചിരുന്ന അതിഥികളിൽ ഒരാൾക്ക് ഞങ്ങൾക്ക് സംഭവിച്ചുകൊണ്ടിരിക്കുന്ന അത്ഭുതങ്ങളിൽ വിശ്വാസം ഇല്ലായിരുന്നു എന്നും ഞങ്ങൾ കൊടുത്ത പ്രസാദം സ്വീകരിച്ചില്ല എന്നും നേരത്തെ സൂചിപ്പിച്ചിരുന്നല്ലോ . അവർ എന്നെ ഫോണിൽ വിളിച്ചു എന്നിട്ട് എന്നോട് പറഞ്ഞു " ബാലാജി എന്നും പത്മ എന്നും പേരുള്ള ഒരു ദമ്പതി നിങ്ങളുടെ വീട് സന്ദർശിക്കാൻ വരുന്നു എന്ന് തോന്നുന്നു . അവർ എന്നോട് നിങ്ങളുടെ മേൽവിലാസവും ഫോൺ നമ്പറും ചോദിച്ചു വാങ്ങി പോയിട്ടുണ്ട്. അവർക്ക് നിങ്ങളുടെ വീട് കണ്ടുപിടിക്കാൻ എന്തെങ്കിലും ബുദ്ധിമുട്ടുണ്ടെങ്കിൽ ഒരു പക്ഷെ നിങ്ങളെ വിളിക്കുമായിരിക്കും. ഞാൻ ശരിയെന്നു പറഞ്ഞു. അപ്പോഴും ഭഗവാന്റെ ദർശനത്തിനായി ഞാൻ കാത്തിരിക്കുകയായിരുന്നു . അപ്പോഴേക്കും ബാലാജിയും പത്മയും എന്റെ വീട്ടിൽ എത്തി . ഞാൻ അവരെ സ്വീകരിച്ചു എന്റെ പൂജാമുറിയിലേക്ക് കൊണ്ടുപോയി . ഭഗവാനെ പ്രാർഥിച്ചതിന് ശേഷം അവരെന്നോട് പറഞ്ഞു "നീ ഭാഗ്യവതിയാണ്. ഭഗവാന്റെ മുഴുവൻ അനുഗ്രഹവും നിനക്ക് ഉണ്ട് " . അതിനു ശേഷം ഞാൻ കൊടുത്ത പ്രസാദം സന്തോഷത്തോടെ സ്വീകരിച്ചു . അല്പ സമയങ്ങൾക്കു ശേഷം വീണ്ടും വരാം എന്ന് പറഞ്ഞു അവർ യാത്രയായി. അവർ യാത്രയായതിനു ശേഷം എനിക്ക് വീണ്ടും ശ്രീ വെങ്കടേശ്വര സ്വാമിയുടെയും പത്മാവതി ദേവിയുടെയും ദർശനം ലഭിക്കാൻ ഭാഗ്യമുണ്ടായി. കുറച്ചു സമയത്തിന് ശേഷം എന്റെ ഭർത്താവും മകളും ഞങ്ങളുടെ സുഹൃത്തിന്റെ വീട്ടിൽ നിന്നും തിരികെ എത്തി . ഞാൻ അദ്ദേഹത്തോട് അന്നു വൈകുന്നേരം ഞങ്ങളുടെ വീട് സന്ദർശിച്ച അതിഥികളിൽ ഒരാൾ (ഞങ്ങൾ കൊടുത്ത പ്രസാദം സ്വീകരിക്കാതിരുന്ന വ്യക്തി ) പറഞ്ഞതനുസരിച്ച് ബാലാജി എന്നും പത്മ എന്നും പേരുള്ള ഒരു ദമ്പതികൾ വീട് സന്ദർശിച്ചു എന്ന കാര്യം പറഞ്ഞു.എന്റെ

ഭർത്താവ് എന്നോട് ചോദിച്ചു "അവർക്ക് തന്നെ നമ്മൾക്ക് കിട്ടുന്ന അത്ഭുതങ്ങളിൽ വിശ്വാസമില്ല .പിന്നെ എങ്ങനെയാണ് മറ്റുള്ളവരെ നമ്മുടെ വീട്ടിലേക്കയക്കുന്നത് ?" എന്റെ ഭർത്താവ് ഇങ്ങനെ പറഞ്ഞില്ലായിരുന്നെങ്കിൽ എന്റെ മനസ്സിൽ ഒരു സംശയവും ഉണ്ടാകില്ലായിരുന്നു .

ആ നിമിഷം മുതൽ ഞാൻ എന്നോട് തന്നെ ചോദിക്കുകയുണ്ടായി . ബാലാജി, പത്മ എന്ന ദമ്പതിക ൾ വരുന്നതുവരേയും ഞാൻ ഭഗവാന്റെ ദർശനത്തിനായി കാത്തിരിക്കുകയായിരുന്നു. പക്ഷെ അവർ ഇവിടെ വന്നു പോയതിനു ശേഷമേ എനിക്ക് ഭഗവാന്റെ ദർശനം കിട്ടിയുള്ളൂ . എന്ത് കൊണ്ട് എനിക്ക് അതിനു മുൻപ് ഭഗവാന്റെ ദർശനം കിട്ടിയില്ല? ഈ ചോദ്യത്തിന് എനിക്ക് ഒരു ഉത്തരം ആവശ്യമായിരുന്നു. ഉടൻതന്നെ ഞാൻ ആ സുഹൃത്തിനെ വിളിച്ചന്വേഷിച്ചു , ബാലാജി എന്നും , പത്മ എന്നും പേരുള്ള ഒരു ദമ്പതിയെ ഞങ്ങളുടെ വീട്ടിലേക്കു പറഞ്ഞയച്ചിരുന്നോ എന്ന്. അവർ അതിനു നൽകിയ മറുപടി അവർക്ക് ഈ പേരിലുള്ള ആരെയും അറിയില്ല എന്നുള്ളതായിരുന്നു.

പിന്നീട് എനിക്ക് മനസിലായി എന്റെ വീട് സന്ദർശിച്ചത് മറ്റാരുമല്ല ഞാൻ ക്ഷമയോടെ കാത്തിരുന്ന ഭഗവാൻ തന്നെയാണെന്ന് . ആദ്യം (തിരുമല തിരുപ്പതിയിൽ 2005 ൽ ) ഭഗവാൻ ദർശനം നൽകിയപ്പോഴും ഇപ്പോൾ രണ്ടാമത്തെ ദർശനം നൽകിയപ്പോഴും ഭഗവാനെ എനിക്ക് മനസിലാക്കാൻ സാധിച്ചില്ല എന്നോർത്ത് എനിക്ക് വലിയ നിരാശയായി .ഞാൻ വിതുമ്പലോടെ ഭഗവാനോട് ചോദിച്ചു "ഭഗവാനേ അങ്ങ് എന്റെ വീട് സന്ദർശിച്ചിട്ട് എനിക്ക് അങ്ങയെ മനസിലാക്കാൻ സാധിച്ചില്ല. എന്തൊരു പരീക്ഷണമാണിത് ?.

അന്ന് രാത്രി 11 മണിക്ക് പൂജാ മുറിയുടെ വാതിലടച്ച് കുറച്ചു സമയം ടി . വി കാണാനായി ഞങ്ങൾ സ്വീകരണ മുറിയിലേക്ക് പോയി.അര മണിക്കൂറിനു ശേഷം ഉറങ്ങുവാനായി പോകുന്നതിനു മുൻപ് ഭഗവാനെ വണങ്ങുവനായി ഞാൻ പൂജാമുറിയിലേക്ക് പോയി. അവിടെ ഞാൻ അത്ഭുതകരമായ ഒരു കാഴ്ച ആണ് കണ്ടത്. വെങ്കടേശ്വര ഭഗവാന്റെയും പത്മാവതി ദേവിയുടെയും വിഗ്രഹങ്ങളിൽ നിന്നും തേൻ പുറത്തേക്ക് ഒഴുകി വരുന്നു. തികച്ചും അവിശ്വസനീയമായിരുന്നു ആ കാഴ്ച . എന്റെ ഭർത്താവ് ഇത് കണ്ടു അത്ഭുതത്തോടെ ചോദിച്ചു " ഇത് സ്വപ്നമാണോ ?"എന്ന്. ഈ അത്ഭുത കാഴ്ചയുടെ വീഡിയോ ചിത്രങ്ങളും കുറച്ചു ചിത്രങ്ങളും ഞങ്ങൾ എടുത്തു. എന്റെ ഭർതൃ സഹോദരൻ ഗണേഷിനെയും ഭാര്യ ശിവപ്രിയയേയും (സ്കൈപ്പ് വീഡിയോ ) വഴി ഈ അത്ഭുത കാഴ്ച ഞങ്ങൾ കാണിച്ചു കൊടുത്തു.അവരുടെ സന്തോഷത്തിനു അതിരുകളില്ലായിരുന്നു. പിന്നിടാണ് ഞാൻ ഒരു കാര്യം ശ്രദ്ധിച്ചത്.അന്ന് ഉച്ചക്ക് എന്നെ ചോദ്യം ചെയ്ത ഞങ്ങളുടെ ഒരു സ്ത്രീ സുഹൃത്ത് ഭഗവാനു സമർപ്പിക്കാൻ തന്ന പൂക്കളെല്ലാം നിലത്തു ചിതറിക്കിടക്കുന്നു. ഈ സംഭവത്തിന് ശേഷം ഞങ്ങൾ ഒരു കാര്യം തീരുമാനിച്ചു , ഇനി മുതൽ ഭഗവാനിൽ കറ കളഞ്ഞ വിശ്വാസമുള്ള ഭക്തർ നൽകുന്ന പൂക്കൾ മാത്രമേ ഞങ്ങൾ ഭഗവാനു സമർപ്പിക്കുകയുള്ളൂ.ഞങ്ങളുടെ ഓരോ ദിവസവും മറക്കാനാകാത്തതായി മാറി.മധുരമുള്ള ഓർമ്മകളും വിവരണാതീതമായ അനുഭവങ്ങളുമായി ദിവസങ്ങൾ ഓരോന്നും കടന്നു പോയ്കൊണ്ടിരുന്നു.

**സെപ്തംബർ 12 -2010** : ഈ ദിവസം ഭഗവാന്റെ ചിത്രത്തിൽ നിന്നും കുങ്കുമം പുറത്തേക്കു വന്നു മഞ്ഞൾപ്പൊടിക്ക് മേൽ വീഴാൻ തുടങ്ങി.തേൻ ഇപ്പോഴും തുള്ളികളായി വീഴുന്നുണ്ട്. അന്ന് ഉച്ചക്ക് ഭഗവാന് ഞങ്ങൾ നൈവേദ്യം സമർപ്പിച്ചു.കുറച്ചു നിമിഷങ്ങൾക്ക് ശേഷം പൂജാമുറി തുറന്നു നോക്കിയപ്പോൾ ഭഗവാൻ ഒന്നും എടുത്തതായി കണ്ടില്ല .അന്ന് വൈകുന്നേരം ഞങ്ങൾ ഭഗവാന് ചോറും കുറച്ചു കറിയും നിവേദിച്ചു.അൽപ സമയം കഴിഞ്ഞ് നോക്കിയപ്പോൾ ചോറും കറികളും ചേർന്ന് ലഡ്ഡു പോലെ ഒരു വലിയ ഉരുളയായി മാറിയ കാഴ്ചയാണ് ഞങ്ങൾ കണ്ടത്.അന്ന് ഞങ്ങളുടെ വീട് സന്ദർശിച്ച എല്ലാ അതിഥികൾക്കും ഞങ്ങൾ ഈ പ്രസാദം വിതരണം ചെയ്തു.

**സെപ്തംബർ 13 -2010** :രാവിലെ നൈവേദ്യമായി ഞങ്ങൾ ഭഗവാന് കുറച്ചു പഴങ്ങൾ സമർപ്പിച്ചു.സ്വാമി കുറച്ചു ഭക്ഷിച്ചിട്ടു ബാക്കി ഞങ്ങൾക്കായി മാറ്റി വച്ചു. അന്നും പതിവ് പോലെ,പൂജ ചെയ്യാൻ വേണ്ടി ആരതി പാത്രം തനിയെ നെയ്യും തേനുമായി തയ്യാറായിരുന്നു.ഞാൻ എന്റെ മകളെ സ്കൂളിലേക്ക് അയച്ചതിന് ശേഷം തിരികെ വീട്ടിൽ വന്ന് പാചകം ചെയ്യാനായി അടുക്കളയിലേക്ക് പോയി.ഇതിനിടയിൽ എന്റെ ഭർത്താവിനോട് എനിക്ക് ഫോണിൽ സംസാരിക്കേണ്ടതായി വന്നു. ആ നിമിഷം എന്റെ പൂജാമുറിയിൽ നിന്നും ചിലങ്കയുടെ ശബ്ദം കേൾക്കുകയുണ്ടായി . ഞാൻ എന്റെ ഭർത്താവിനോട് ചിലങ്കയുടെ ശബ്ദം കേൾക്കുന്നുണ്ടോ എന്ന് ചോദിച്ചു. അദ്ദേഹത്തിന് പക്ഷെ ഒന്നും കേൾക്കാൻ സാധിച്ചില്ല . ഞാൻ ഈ സംഭവം വീഡിയോയിൽ പകർത്തി (സ്കൈപ്പ് ) വഴി ഭർതൃസഹോദരനെ കേൾപ്പിച്ചു. അദ്ദേഹത്തിന് ചിലങ്കയുടെ ശബ്ദം നല്ലതുപോലെ കേൾക്കാൻ സാധിച്ചു. ഇതിൽ നിന്നും ഞാൻ കേട്ടത് സത്യമാണെന്ന് എനിക്ക് മനസിലായി. ദേവിയുടെ നൃത്തച്ചുവടുകളുടെ ശബ്ദം കേൾക്കാനുള്ള ഭാഗ്യം ഉണ്ടായല്ലോ എന്നോർത്ത് എനിക്ക് വളരയധികം സന്തോഷം തോന്നി.

എന്റെ മകൾ സ്കൂളിൽ നിന്നും വന്നതിനു ശേഷം ഞങ്ങൾ രണ്ടു പേർക്കും മധുരതരമായ ആ ചിലങ്കയുടെ ശബ്ദം കേൾക്കാൻ സാധിച്ചു. അഞ്ചു നിമിഷത്തോളം ഞങ്ങൾക്കത് കേൾക്കാൻ സാധിച്ചു. ദേവിമഹാമായ ചിലങ്കകളണിഞ്ഞ കാലുകളാൽ നടക്കുന്നത് ഞങ്ങൾക്കറിയാൻ കഴിഞ്ഞു. അന്ന് രാത്രിയിൽ എന്റെ ഭർത്താവിനും ഇതേ ശബ്ദം കേൾക്കാനുള്ള ഭാഗ്യമുണ്ടായി.

**സെപ്തംബർ 14 2010** : ഇപ്പോഴും വിഗ്രഹങ്ങളിൽ നിന്നും തേൻ ഒഴുകുന്നുണ്ട് . ഞങ്ങളുടെ വീട് സന്ദർശിച്ച എല്ലാ സുഹൃത്തുക്കൾക്കും , അതിഥികൾക്കും , ഭക്തർക്കും പുണ്യ തീർഥമായി ഞങ്ങൾ അത് കൊടുത്തു.

**സെപ്തംബർ 15 2010** :ഇന്ന് കൂടുതൽ കുങ്കുമം ഭഗവാന്റെ ചിത്രത്തിൽ നിന്നും പുറത്തേക്കു വരാൻ തുടങ്ങി.തേൻ ശേഖരിക്കുന്നതിനായി വച്ചിരുന്ന പാത്രം നിറഞ്ഞു തുളുമ്പിയതിനാൽ ഞാൻ വേറെ ഒരു പാത്രം വച്ചു.

**സെപ്തംബർ 16 2010** : ഇന്നു ഞങ്ങൾ ഒരു ആപ്പിളാണ് ഭഗവാനു നൈവേദ്യമായി സമർപ്പിച്ചത്.കുറച്ചു നിമിഷങ്ങൾക്കു ശേഷം പൂജാമുറി തുറന്നു നോക്കിയ ഞങ്ങൾ കണ്ടത് ആപ്പിളിന്റെ ഒരു ഭാഗം കഴിച്ചതായാണ്, സ്വാമി ആ പഴം കഴിച്ചു .

**സെപ്തംബർ 18 2010** : ഇന്ന് ഭഗവാന്റെ ചിത്രം മൂടിയിരുന്ന മഞ്ഞളും കുങ്കുമവും പടർന്നു മാറിയിരുന്നു. ഇപ്പോൾ അത് ഭഗവാന്റെ മുഖവും കിരീടവും മൂടിയിട്ടില്ല. ഭഗവാന്റെ മുഖവും കിരീടവും നല്ലതു പോലെ പ്രകാശിക്കുന്നുണ്ടായിരുന്നു. ഞങ്ങളുടെ വീട് സന്ദർശിച്ച എല്ലാ ആളുകൾക്കും ഞങ്ങൾ ഈ മഞ്ഞൾപ്പൊടിയും കുങ്കുമവും വിതരണം ചെയ്തു. ഇപ്പോഴും ഭഗവാന്റെയും ദേവിയുടെയും വിഗ്രഹങ്ങളിൽ നിന്നും തേൻ ഒഴുകുന്നുണ്ട്. ഇടയ്ക്കു പത്തു നിമിഷത്തോളം തേൻ ധ്രുതഗതിയിൽ ഒഴുകി.അന്ന് ഉച്ചക്ക് ഭഗവാന് കിച്ചടി ( ചോറും പയറു വർഗങ്ങളും കൂടി വേവിച്ചത് ) ആണ് നൈവേദ്യമായി സമർപ്പിച്ചത്.പതിനഞ്ചു നിമിഷം കഴിഞ്ഞ് ഞാൻ ടി . വി .കാണുവാനായി ഞങ്ങളുടെ സ്വീകരണ മുറിയിലേക്ക് പോയി.അവിടെ ഞാൻ ടി.വി. കാണുന്നതിനിടയിൽ ഭഗവാനു സമർപ്പിച്ച കിച്ചടിയുടെ ഒരു ഭാഗം എന്റെ വായ്ക്കുള്ളിൽ പ്രത്യക്ഷപ്പെട്ടു. ഞാൻ പൂജാമുറിയിൽ പോയി നോക്കുമ്പോൾ ഭഗവാനും ഒരു ഭാഗം കഴിച്ചതായി കാണാൻ കഴിഞ്ഞു. (സെപ്റ്റംബർ 18 2010 ലെ ചിത്രം കാണുക.)

**സെപ്തംബർ 19 2010** : ഇന്ന് ഞങ്ങൾ ഭഗവാന് ഒരു ആപ്പിൾ ആണ് സമർപ്പിച്ചത് . ഭഗവാനും ഒരു ഭാഗം ആപ്പിൾ എടുത്തു , ഒരു ഭാഗം എനിക്കും തന്നു . അത് എങ്ങിനെയെന്നാൽ ഒരു ഭാഗം ആപ്പിൾ

ഞാൻ ഭക്ഷണം പാകം ചെയ്തു കൊണ്ടിരുന്നപ്പോൾ എന്റെ വായ്ക്കുള്ളിൽ തനിയെ പ്രത്യക്ഷപ്പെട്ടു.ഉടൻ തന്നെ ഞാനത് എന്റെ ഭർത്താവിനെ കാണിച്ചു. ഞങ്ങൾ പൂജാമുറിയിൽ ചെന്ന് നോക്കുമ്പോൾ അത്ഭുതമെന്നു പറയട്ടെ ആപ്പിളിന്റെ രണ്ടു ഭാഗത്തും ആരോ കടിച്ചത് പോലെ കാണപ്പെട്ടു. അന്ന് വൈകുന്നേരം ഭഗവാന് ഞങ്ങൾ പഴച്ചാറാണ് നൈവേദ്യമായി സമർപ്പിച്ചത്.കുറച്ചു സമയത്തിന് ശേഷം ഞങ്ങൾ പൂജാമുറി തുറന്നു നോക്കിയപ്പോൾ പഴച്ചാർ പകുതിയും അപ്രത്യക്ഷമായ കാഴ്ചയാണ് കണ്ടത് . ഭഗവാൻ ഞങ്ങളുടെ പ്രസാദം സ്വീകരിച്ചു എന്നുള്ളത് ഞങ്ങൾക്ക് മനസിലായി. ബാക്കി ഉണ്ടായിരുന്ന പഴച്ചാറ് ഞങ്ങൾ കഴിച്ചു.ഇപ്പോഴും ഭഗവാന്റെ വിഗ്രഹത്തിൽ നിന്നും തേൻ ഒഴുകുന്നുണ്ട്.

**സെപ്തംബർ 20 2010** : ഇന്ന് ഞങ്ങൾ ഭഗവാന് ചോറും കറിയും സമർപ്പിച്ചു. കുറച്ചു നിമിഷങ്ങൾക്ക ശേഷം പൂജാമുറി തുറന്ന ഞങ്ങൾക്ക് കാണാൻ കഴിഞ്ഞത് ആ ഭക്ഷണം കുഴച്ചു നാല് ഉരുളകളാക്കി (ലഡ്ഡു പോലെ ) പാത്രത്തിൽ വെച്ചിരിക്കുന്നതാണ്.അന്ന് ഭഗവാൻ വേറൊരു അത്ഭുതവും കാട്ടി. വൈകുന്നേരം ഞാൻ ഭഗവാന് റൊട്ടിയും കടലക്കറിയും നൈവേദ്യമായി സമർപ്പിച്ചു.ഭഗവാൻ ഒരു ഭാഗം ഭക്ഷിച്ചിട്ടു ബാക്കി ഞങ്ങൾക്ക് വച്ചു. ഇപ്പോഴും ഭഗവാന്റെ വിഗ്രഹത്തിൽ നിന്നും തേൻ ഒഴുകുന്നുണ്ട്.

**സെപ്തംബർ 21 2010** : ഇന്ന് ഞങ്ങൾ ഭഗവാന് ചോറും ചീരയും പരിപ്പ് ചേർത്ത കറിയുമാണ് സമർപ്പിച്ചത്.കുറച്ചു സമയത്തിനു ശേഷം ഞങ്ങൾ കണ്ടത് ചോറും ചീരക്കറിയും കുഴച്ചു കുറച്ച് ഭാഗം കഴിച്ചതായിട്ടാണ്. സ്വാമി പ്രസാദം ഭക്ഷിച്ചു.ആരതി പാത്രത്തിൽ നെയ്യും തിരിയും താനേ പ്രത്യക്ഷപ്പെട്ടു. ഈ രീതിയിൽ ഭഗവാൻ അത്ഭുതങ്ങൾ പ്രവർത്തിച്ച് ഈ കലിയുഗത്തിൽ അദ്ദേഹം തന്റെ സാന്നിധ്യം അറിയിക്കുന്നു. ഈ മനോഹരമായ പ്രവർത്തികൾക്ക് അദ്ദേഹം ഞങ്ങളെ തിരഞ്ഞെടുത്തതിൽ ഞാൻ അതീവസന്തുഷ്ടയാണ്.

**സെപ്തംബർ 22 2010** : ആ ദിവസം ഞങ്ങൾ ഭഗവാന് ചോറും ബീൻസ് വറുത്തതും ആണ് സമർപ്പിച്ചത്. കുറച്ചു സമയത്തിന് ശേഷം പൂജാമുറി തുറന്ന ഞങ്ങൾ കണ്ടത് ചോറും ബീൻസ് വറുത്തതും കുഴച്ചു കുറച്ച് ഭാഗം കഴിച്ചത് പോലെ ആണ്. ഭഗവാൻ ഞങ്ങളുടെ പ്രസാദം സ്വീകരിച്ചു . വൈകുന്നേരം ഞങ്ങൾ ഭഗവാന് മുന്തിരിങ്ങയാണ് സമർപ്പിച്ചത്. അന്ന് രാത്രിയിൽ ഞങ്ങൾ ഭക്ഷണം കഴിച്ചു കൊണ്ടിരുന്നപ്പോൾ കുറച്ചു മുന്തിരിങ്ങ എന്റെ വായിനുള്ളിൽ പ്രത്യക്ഷപ്പെട്ടു. ഉടൻ തന്നെ ഞങ്ങൾ പൂജാമുറിയിൽ ചെന്നു നോക്കി .അവിടെ രണ്ടു മുന്തിരിങ്ങ മാത്രമാണ് ഉണ്ടായിരുന്നത്.

**സെപ്തംബർ 23 2010** : ഇന്ന് ഞങ്ങൾ ഭഗവാന് ചെറിയ മുന്തിരിങ്ങകളാണ് നൈവേദ്യമായി സമർപ്പിച്ചത്. അന്നും എന്റെ വായ്ക്കുള്ളിൽ ഭഗവാന് സമർപ്പിച്ചതിൽ നിന്നും കുറച്ചു മുന്തിരിങ്ങകൾ പ്രത്യക്ഷപ്പെട്ടു.സ്വാമിയുടെയും ദേവിയുടെയും വിഗ്രഹങ്ങളിൽ നിന്നും ഇപ്പോഴും തേൻ ഒഴുകുന്നുണ്ട്. എന്റെ ഭർത്താവിന്റെ ചില സുഹൃത്തുക്കൾ ഇന്ന് ഞങ്ങളുടെ വീട് സന്ദർശിച്ചു.

അവർ വരുന്നതിനു തൊട്ടു മുൻപ് ഭഗവാന്റെ വിഗ്രഹത്തിൽ നിന്ന് തേൻ അരുവിപോലെ ഒഴുകുകയായിരുന്നു. എന്റെ ഭർത്താവ് തേൻ ഒഴുകുന്നത് വീഡിയോയിൽ പകർത്തുന്നതിനിടയിൽ ഒരു അത്ഭുതം ശ്രദ്ധിച്ചു. അതായത് കത്തിത്തീർന്ന ആരതി പാത്രത്തിൽ നെയ്യും തിരിയും തനിയെ പ്രത്യക്ഷപ്പെട്ട് നല്ല പ്രകാശത്തിൽ വീണ്ടും കത്താൻ തുടങ്ങി. അദ്ദേഹം എന്നെയും അദ്ദേഹത്തിന്റെ സുഹൃത്തുക്കളെയും വിളിച്ച് ഈ അത്ഭുത കാഴ്ച കാട്ടി തന്നു. ഈ അത്ഭുത കാഴ്ച കാണാൻ ഭാഗ്യം സിദ്ധിച്ച എല്ലവരും ആഹ്ളാദചിത്തരായി. അവർ ഭാഗ്യമുള്ളവരാണ്.

**സെപ്തംബർ 24 - 2010** : ഇന്നും രാവിലെയും ഉച്ചക്കും ഞങ്ങൾ ഭഗവാന് നൈവേദ്യം സമർപ്പിച്ചു. പക്ഷെ ഒന്നും തന്നെ സ്വാമി ഭക്ഷിച്ചില്ല. വൈകുന്നേരം ഉണക്ക മുന്തിരിങ്ങയാണ് ഭഗവാന് ഞങ്ങൾ സമർപ്പിച്ചത്. അതിനു ശേഷം ഞങ്ങൾ പുറത്തു പോയി. ഏകദേശം അഞ്ചു കിലോമീറ്റർ അകലെ

എത്തിയപ്പോൾ ഭഗവാന് ഞങ്ങൾ സമർപ്പിച്ച ഉണക്ക മുന്തിരിങ്ങ എന്റെ വായ്ക്കുള്ളിൽ പ്രത്യക്ഷപ്പെട്ടു. ഇതു വരെ ഞങ്ങൾക്ക് സംഭവിച്ചിട്ടുള്ള എല്ലാ അത്ഭുതങ്ങളും ഞങ്ങൾ വീടിനുള്ളിൽ ഉള്ളപ്പോഴായിരുന്നു. ആദ്യമായിട്ടാണ് ഇങ്ങനെ ഒരു സംഭവം ഞങ്ങൾ വീടിനു പുറത്തു പോയപ്പോൾ നടക്കുന്നത്. ഞാൻ അതീവ സന്തുഷ്ട ആയിരുന്നു.

**സെപ്തംബർ 25- 2010** : ഇന്ന് ഞാൻ പൂജാമുറിയിൽ  പോയപ്പോൾ പൂജക്ക് എന്നത് പോലെ ആരതി പാത്രത്തിൽ നെയ്യും തിരിയും പ്രത്യക്ഷപ്പെട്ടു. ഭഗവാന് മുൻപിൽ ഒരു വെള്ളിപ്പാത്രത്തിൽ തേനും പാലും തനിയെ പ്രത്യക്ഷപ്പെട്ടു. ഞാനും എന്റെ ഭർത്താവും ഞങ്ങളുടെ മകളും ഒരുമിച്ചു പൂജ നടത്തി. സെപ്തംബർ 4 2010 ന ഞാൻ ഒരു ചെറിയ വെള്ളിപ്പാത്രത്തിൽ ചന്ദനവും വെള്ളവും ചേർത്ത് ഭഗവാന് മുൻപിൽ വച്ചു. ഇന്നും ആ ചന്ദനം അതേ നനവോടെ ഉണ്ട്. പൂജ ചെയ്തു കഴിഞ്ഞപ്പോൾ എന്റെ നെറ്റിയിൽ ഒരു പൊട്ട് പ്രത്യക്ഷപ്പെട്ടു.അത് സാധാരണ പോലെയുള്ള കുങ്കുമപ്പൊട്ടല്ലായിരുന്നു പകരം ഒരു ചന്ദനപ്പൊട്ടായിരുന്നു. ഭഗവാന്റെ നാമം ( മൂന്ന് ചന്ദന വരകൾ ) അതേ ചന്ദനം കൊണ്ട് വരച്ചത് എന്റെ കഴുത്തിലും പ്രത്യക്ഷപ്പെട്ടു. പൂജക്ക് ശേഷം ഞാൻ ആഹാരം പാകം ചെയ്യാൻ അടുക്കളയിലേക്കു പോയി. എന്റെ ഭർത്താവു മകളുമായി കളിയ്ക്കാൻ സ്വീകരണ മുറിയിലേക്കും പോയി. ആ സമയത്ത് മൂന്ന് ചന്ദനത്തിരികൾ പൂജാമുറിയിൽ താനേ കത്തി തുടങ്ങി. ഞാൻ അവിടെപ്പോയി അതിനെ ഒരു ഗ്ലാസിനുള്ളിൽ വച്ചു. അല്പനിമിഷം കഴിഞ്ഞപ്പോൾ ഒരു കെട്ടു ചന്ദനത്തിരികൾ താനെ പ്രത്യക്ഷപ്പെട്ടു കത്താൻ തുടങ്ങി. ഞങ്ങളുടെ ഗൃഹം മുഴുവൻ ചന്ദനത്തിരിയുടെ സുഗന്ധം കൊണ്ടു നിറഞ്ഞു.ഇന്ന് ഞങ്ങൾ പച്ചക്കറി ചേർത്തുണ്ടാക്കിയ ചോറാണ് ഭഗവാന് സമർപ്പിച്ചത്. ഭഗവാൻ ആ ചോറിന്റെ ഒരു ഭാഗം സ്വീകരിച്ചു. അന്ന് വൈകുന്നേരം പതിവുപോലെ വിളക്കുകളിൽ തനിയെ തിരിയും പ്രത്യക്ഷപ്പെട്ടു നെയ്യും നിറഞ്ഞു, എല്ലാം ആരതി ചെയ്യാൻ വേണ്ടി തനിയെ തയ്യാറായി. ഞങ്ങൾ കറുത്ത മുന്തിരിങ്ങ ഭഗവാന് നൈവേദ്യമായി സമർപ്പിച്ചുവെങ്കിലും സ്വാമി ഒന്നും തന്നെ സ്വീകരിച്ചില്ല.ഇപ്പോഴും ഭഗവാന്റെ വിഗ്രഹത്തിൽ നിന്നും തേൻ ഒഴുകുകയാണ്.ചെറിയ വെള്ളിപ്പാത്രത്തിൽ ചന്ദനം ഇപ്പോഴും പുതുമയോടെ നനവോടെ ഉണ്ട്.

**സെപ്തംബർ 26-2010** : ഇന്ന് രാവിലെയും ഉച്ചക്കും ഭഗവാന് ഞങ്ങൾ നൈവേദ്യം സമർപ്പിച്ചു. പക്ഷെ ഭഗവാൻ ഒന്നും തന്നെ സ്വീകരിച്ചില്ല.വൈകുന്നേരം കുറച്ചു പഴങ്ങൾ ഞങ്ങൾ ഭഗവാന് സമർപ്പിച്ച് അത് സ്വീകരിക്കണേ എന്ന് പ്രാർത്ഥിച്ചതിനു ശേഷം ഞങ്ങൾ കുറച്ചു സാധനങ്ങൾ വാങ്ങാൻ പുറത്തു പോയി. ഞങ്ങൾ സാധനങ്ങൾ വാങ്ങാൻ പോയ സ്ഥലം ഞങ്ങളുടെ വാസസ്ഥലത്ത് നിന്നും 4 കിലോമീറ്റർ അകലെ ആയിരുന്നു. ഞങ്ങൾ കടയിലേക്ക് കയറാൻ തുടങ്ങുമ്പോഴേക്കും എന്റെ വായ്ക്കുള്ളിൽ ഭഗവാന് സമർപ്പിച്ച പഴങ്ങളിൽ കുറച്ചു മുന്തിരിങ്ങ പെട്ടെന്ന് പ്രത്യക്ഷപ്പെട്ടു. തിരികെ വീട്ടിലെത്തിയപ്പോൾ ഞങ്ങൾ കണ്ടത് പൂജാമുറിയിൽ ഞങ്ങൾ പഴങ്ങൾ വച്ചിരുന്ന പാത്രത്തിൽ കുറച്ചു മാത്രമേ ബാക്കി ഉണ്ടായിരുന്നുള്ളൂ എന്നതാണ്.

**സെപ്തംബർ 27 2010** : ഇന്ന് ഞങ്ങൾ ഭഗവാന് കുറച്ചു അപ്പിളാണ് സമർപ്പിച്ചത്. ഭഗവാൻ ആപ്പിളിന്റെ ഒരു ഭാഗം കഴിച്ചു.മറുഭാഗം അതിശയിപ്പിക്കും പോലെ എന്റെ വായ്ക്കുള്ളിൽ പ്രത്യക്ഷപ്പെട്ടു. വൈകുന്നേരം ഞങ്ങൾ നേന്ത്രപ്പഴമാണ് ഭഗവാനു സമർപ്പിച്ചത്. എന്റെ വായയുടെ ഉള്ളിൽ നിന്നും മൂന്നാമതൊരു നേന്ത്രപ്പഴവും തനിയെ പ്രത്യക്ഷപ്പെട്ടു.ഈ നേന്ത്രപ്പഴം ഒരു ചതവും കൂടാതെ മുഴുവനായി ആണ് പുറത്തേക്കു വന്നത്. ഈ അത്ഭുതം കണ്ടു എന്റെ ഭർത്താവും മകളും സ്തബ്ധരായി നിന്നു പോയി.ആ കുറച്ചു സമയം എന്റെ തൊണ്ടയിൽ വല്ലാത്ത വേദന അനുഭവപ്പെട്ടു.കുറച്ചു സമയത്തിനു ശേഷം ഞങ്ങൾ പൂജാമുറിയിൽ ചെന്നപ്പോൾ ഒരു നേന്ത്രപ്പഴം അവിടെ കാണുന്നില്ലായിരുന്നു എന്ന് മാത്രമല്ല ബാക്കി ഉണ്ടായിരുന്ന നേന്ത്രപ്പഴത്തിന് മേൽ ഒരു തുള്ളി തേനും ഉണ്ടായിരുന്നു.തേൻ ഇപ്പോഴും ഭഗവാന്റെ വിഗ്രഹത്തിൽ നിന്നും ഒഴുകുന്നുണ്ട്.ഞങ്ങൾ കഴിഞ്ഞ 3 ആഴ്ചകളായി ഭഗവാന്റെ വിഗ്രഹത്തിൽ നിന്നും തേൻ ഒഴുകുന്നത് കാണുകയാണ്.

**ഒക്ടോബർ 10 2010** : ഇന്ന് ഞങ്ങൾ ഭഗവാനു ഒരു ആപ്പിൾ സമർപ്പിച്ചു. ഞാൻ അടുക്കളയിൽ ഭക്ഷണം പാകം ചെയ്യുന്ന തിരക്കിലായിരുന്നു. പെട്ടെന്ന് പൂജാമുറിയിൽ നിന്നു പുറത്തേക്ക് സുഗന്ധം പരക്കാൻ തുടങ്ങി. പൂജാമുറിയിൽ കണ്ട കാഴ്ച സത്യമോ മിഥ്യയോ എന്ന് മനസിലാകാതെ ഞങ്ങൾ പകച്ചു നിന്നു പോയി . ഞങ്ങൾ ഭഗവാനു സമർപ്പിച്ച ആപ്പിൾ അതുപോലെ തന്നെ പാത്രത്തിൽ ഉണ്ട്. പക്ഷെ ഞങ്ങളെ അതിശയിപ്പിച്ചത് എന്തെന്നാൽ ആ ആപ്പിളിന് തൊട്ടരികിൽ തിരുപ്പതി ലഡ്ഡു പ്രത്യക്ഷപ്പെട്ടിരിക്കുന്നു എന്നുള്ളതാണ്. ഞങ്ങൾ പല തവണ തിരുപ്പതി ലഡ്ഡു കഴിച്ചിട്ടുണ്ട് പക്ഷെ ഇത്രയും ചൂടുള്ള ലഡ്ഡു ആദ്യമായാണ് ഞങ്ങൾ കഴിക്കുന്നത്.ആ ലഡ്ഡുവിൽ തൊട്ടപ്പോൾ ഞങ്ങളുടെ വിരലുകളിൽ നെയ്യ് തെളിഞ്ഞു വന്നു. ആ ലഡ്ഡുവിന്റെ സ്വാദ് വിവരണാതീതമായിരുന്നു.

ഒരു സാധാരണ വീട്ടമ്മയായ എനിക്ക് " **ശ്രീ വെങ്കടേശ്വര ലീലകൾ & ശ്രീ വെങ്കടേശ്വര വ്രതം"** എന്ന ഈ പുസ്തകം രചിക്കുക

എന്നത് അത്ര എളുപ്പമുള്ള കാര്യമല്ലായിരുന്നു.കലിയുഗത്തിന്റെ ഭഗവാനായ "ശ്രീ വെങ്കടേശ്വര സ്വാമിയുടെയും ദേവി പത്മാവതിയുടെയും " അനുഗ്രഹത്താൽ മാത്രമാണ് എനിക്ക് ഇത് സാധ്യമായത്.

ഈ പുസ്തകം മുഴുവനാക്കാൻ എന്റെ ഭർത്താവ് എന്നെ ഒരുപാട് പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. അദ്ദേഹമാണ് ഈ പുസ്തകം ഇംഗ്ലീഷിലേക്ക് തർജ്ജമ ചെയ്തത്.എനിക്ക് എല്ലാ തുണയും നൽകിയ എന്റെ മകൾ നേഹക്കും ഞാൻ നന്ദി പറയുന്നു.അത് പോലെ "ശ്രീ വെങ്കടേശ്വര വ്രതം" എഴുതിയ ശ്രീ തിമ്മരാജു വിശ്വപതി രാമകൃഷ്ണമൂർത്തി അവർകളോടും എന്റെ ഹൃദയംഗമായ നന്ദി രേഖപ്പെടുത്തുന്നു. ഈ പുസ്തകം എഴുതാൻ എന്നെ സഹായിച്ച എല്ലാവർക്കും ഭഗവാൻ അനുഗ്രഹം ചൊരിയേണമേ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു.ഈ വ്രതം നിറഞ്ഞ മനസ്സോടെ അനുഷ്ഠിക്കുന്ന എല്ലാ ഭക്തർക്കും ഭഗവാന്റെ അനുഗ്രഹം ഉണ്ടാകുമാറാകട്ടെ എന്ന് ആത്മാർഥമായി ഞാൻ ആഗ്രഹിക്കുന്നു.

**ലളിത ഋഷികേശ്**

# ഭഗവാൻ വെങ്കടേശ്വരന്റെ മന്ത്രം

കലിയുഗത്തിന്റെ ഭഗവാനായ ശ്രീ വെങ്കടേശ്വരൻ വേദങ്ങളിൽ നിന്ന് തിരഞ്ഞെടുത്ത കുറച്ച് മന്ത്രങ്ങൾ എന്നെ അറിയിക്കുകയുണ്ടായി. ഈ പ്രത്യേക മന്ത്രം പൂജാസമയത്ത് എല്ലാ ദിവസവും ഭക്തിയോടെ ചൊല്ലിയാൽ ഭഗവാന്റെ അനുഗ്രഹം സിദ്ധിക്കും എന്നത് ഉറപ്പ്.

താഴെ പറയുന്നത് പോലെ മന്ത്രം ജപിക്കുക .

**മുരാരിസേവക ജരാധി പീഡിത നിരാർത്തി ജീവന നിരാശ**

**ഭൂസുര വരാതി സുന്ദര സുരാംഗനാരതി**

**കരാംഗ സൌഷ്ടവ കുമാര താകൃതി കുമാര താരക**

**സമാപനോധയ തന്നുന പാതക മഹാപധമയ**

**വിഹാപനോധിത സകലഭുവന വിധിത കുമാര ധാരാഭി ധാന തീർഥ ദിഷ്ടിതസ്യ**

**ധരണി തല ഗത സകല ഹത കലില ശുഭസലില**

**ഗതബഹുല വിവിധമല ഹതിചതുര രുചിരതര**

**വിലോകനമാത്ര വിദളിത വിവിധമഹാ പാതക**

**സ്വാമി പുഷ്കരിണി സമേതസ്യ**

ഈ മന്ത്രം എല്ലാ ദിവസവും ജപിക്കുന്ന ഭക്തർക്ക് ആരോഗ്യവും സമ്പത് സമൃദ്ധവുമായ ജീവിതം ലഭിക്കുന്നു .

**ലളിത ഋഷികേശ്**

## വ്രതത്തിന് ആവശ്യമുള്ള സാധനങ്ങൾ

തേങ്ങ 6 ( 1 തേങ്ങ കലശത്തിന്, 5 തേങ്ങ കഥകൾ പറയുമ്പോൾ ഉടയ്ക്കാൻ വേണ്ടി) , വസ്ത്രം (ഭഗവാന് ചാർത്താൻ) കലശം, ചുവന്ന ബ്ലൗസിന്റെ തുണി, മഞ്ഞൾപ്പൊടി,കുങ്കുമം,അക്ഷിന്ത (അരിമണികൾ മഞ്ഞൾപ്പൊടിയും ചന്ദനവും ചേർത്ത് കുഴച്ചത്) ,ചന്ദനത്തിരി , കർപ്പൂരം (ആരതി ചെയ്യാൻ ആവശ്യമായത്) മാവില 5 ,വെററില 2 ,പൂക്കൾ, തുളസിയില, പഞ്ചാമൃതം (പശുവിൻ പാൽ, തൈര്, നെയ്യ്, തേൻ, പഞ്ചസാര), വിഘ്നേശ്വരന് നൈവേദ്യം (ഒരു ചെറിയ കഷണം ശർക്കര) വ്രതം നൈവേദ്യത്തിന് (സൂചി ഗോതിന്റെ റവ, നെയ്യ്, പഞ്ചസാര ഏലയ്ക്ക പൊടിച്ചത്, പഴം)

## കലശം ഒരുക്കുന്നത്:

1 തേങ്ങ ചുവന്ന ബ്ലൗസ് പീസിൽ പൊതിയുക. ഒരു ചെറിയ പിച്ചളത്തട്ടത്തിൽ കുറച്ച് അരി ഇടുക. അതിനു മുകളിൽ ഒരു പിച്ചളക്കുടത്തിൽ 3/4 ഭാഗം വെള്ളം നിറച്ചു വയ്ക്കുക കുടത്തിനുള്ളിൽ മാവില വച്ച് അതിന് നടുവിൽ തേങ്ങ പൊതിഞ്ഞ് വെയ്ക്കുക. മുല്ലപ്പൂവ്, സ്വർണ്ണമാല തുടങ്ങിയവ കൊണ്ട് തേങ്ങ അലങ്കരിക്കുക.

## വ്രതം നൈവേദ്യത്തിനുള്ള കുറിപ്പ്

ഒരു പാത്രത്തിൽ കുറച്ച് നെയ്യ് ഇടുക.അതിലേക്ക് സൂചി ഗോതമ്പിന്റെ റവ ഇട്ട് കുറച്ചുസമയം വറക്കുക. കുറച്ച് വെള്ളം ഒഴിച്ച് വേവിക്കുക.ഇതിലേക്ക് പഞ്ചസാരയും ഏലയ്ക്കാപ്പൊടിയും ചേർക്കുക.തണുത്തുകഴിയുമ്പോൾ പഴം അരിഞ്ഞു ചേർക്കുക.കുറച്ച് തേങ്ങാക്കൊത്ത്, അണ്ടിപ്പരിപ്പ്, കിസ്മിസ് എന്നിവ ചേർക്കാം.

### വ്രതം ചെയ്യേണ്ട രീതി

ഈ കലിയുഗത്തിൽ ഭഗവാൻ വെങ്കടേശ്വരന്റെ അനുഗ്രഹം സിദ്ധിക്കാൻ ഏററവും എളുപ്പ വഴി ഈ വ്രതം ചെയ്യുക എന്നുള്ളതാണ്. എല്ലാ പ്രയാസങ്ങളും ഈ വ്രതം അനുഷ്ഠിച്ചാൽ അകന്നു പോകും. വൈകുണ്ഠത്തിൽ വസിക്കുന്ന ശ്രീമാൻ നാരായ ണന്റെ അനുഗ്രഹം ചൊരിഞ്ഞിട്ടുള്ള ഈ വ്രതം ചെയ്യാൻ വളരെ എളുപ്പമാണ്.ആർക്കും എപ്പോൾ വേണമെങ്കിലും ഈ വ്രതം ചെയ്യാം . ഈ വ്രതം ചെയ്യുന്ന ഭക്തന്മാർക്ക് ആരോഗ്യ പ്രശ്നങ്ങളിൽ നിന്നും, കുടുംബപ്രശ്നങ്ങളിൽ നിന്നും രക്ഷകിട്ടും. മനസ്സമാധാനം അനുഭവിക്കാൻ കഴിയും.ഇതിലൂടെ എല്ലാ ബുദ്ധിമുട്ടുകളും ഒഴിഞ്ഞുമാറും.നിങ്ങളുടെ ഗൃഹത്തിൽ നടക്കുന്ന എല്ലാ മംഗളകർമ്മങ്ങൾക്കും ഈ വ്രതം അനുഷ്ഠിക്കുന്നത് ഉത്തമമാണ്. ഈ വ്രതം ചെയ്യുന്നതു വഴി എല്ലാ ഭക്തർക്കും ജോലിയിലും ബിസിനസ്സിലും നേട്ടങ്ങൾ കൈവരിക്കാൻ സാധിക്കും.

ഈ വ്രതംതാഴെ വിവരിച്ചിരിക്കുന്നതു പോലെ രണ്ടു രീതിയിൽ ചെയ്യാം.

# ആദ്യത്തെ രീതി (ഉത്തമമായ രീതി)

ആദ്യം പറഞ്ഞതുപോലെ ഈ വ്രതം അവരവരുടെ സൗകര്യവും സാമ്പത്തിക ശേഷി അനുസരിച്ചും എപ്പോൾ വേണമെങ്കിലും ചെയ്യാം.ഈ വ്രതം ചെയ്യുന്നതു വഴി ഏററവുംകൂടുതൽ ഫലസിദ്ധി ഉണ്ടാകുന്നത് മാർഗഷീര, മാഘ, കാർത്തികേയ മാസങ്ങളിലും,അതു പോലെ പൗർണ്ണമി, പഞ്ചമി, സപ്തമി, ഏകാദശി നാളുകളിലും, ശ്രാവണ ദിവസങ്ങളിലും ചോതി നാളുകളിലും ആകുന്നു.

രാവിലെ അല്ലെങ്കിൽ വൈകുന്നേരം ഈ വ്രതം അനുഷ്ഠിക്കാവുന്നതാണ്. ഈ വ്രതത്തിൽ അഞ്ച് കഥകളാണുള്ളത്.ആദ്യത്തേത് ഭഗവാൻ ശ്രീ വെങ്കടേശ്വരൻ തന്നെ അനുഗ്രഹിച്ച് പറഞ്ഞിട്ടുള്ളതാണ്. ശേഷിച്ച നാലു കഥകളും രചിച്ചിട്ടുള്ളത് മഹാമുനികളായ വിശ്വാമിത്രൻ, വസിഷ്ഠൻ, ഭരദ്വജൻ, അത്രി എന്നിവരാണ ് തെററു ചെയ്യുന്നവരെ ശിക്ഷിക്കാൻ ഒരു മടിയില്ലാത്ത മഹാമുനികളാണ് ഇവർ ഈ വ്രതം വീടിനുള്ളിലോ ഭഗവാന്റെ ക്ഷേത്രത്തിലോ, പുണ്യപ്രദേശങ്ങളിലോ, പുണ്യ നദീതീരത്തിലോ നടത്താം. കഴിയുമെങ്കിൽ എല്ലാ കുടുംബാംഗങ്ങളേയും സുഹൃത്തുക്കളേയും ഈ വ്രത്തിൽ പങ്കു കൊള്ളാൻ ക്ഷണിക്കാം. ആദ്യം ഒതുക്കമുള്ള ഒരു സ്ഥലം കണ്ടുപിടിച്ചു ശുദ്ധമാക്കി വയ്ക്കുക. അവിടെ ഒരു മണ്ഡപമോ അമ്പലമോ ഉണ്ടാക്കി വയ്ക്കാം. അിനുള്ളിൽ ഭഗവാന്റെ വിഗ്രഹമോ പടമോ വയ്ക്കുക. ശ്രീദേവിയും ഭൂദേവിയും ഇരുവശങ്ങളിലുമുള്ള ശ്രീ കല്യാണ വെങ്കടേശ്വരന്റെ പടമാണ് കൂടുതൽ ഫലസിദ്ധി ഉളവാക്കുന്നത ്.

വളരെയധികം ഭക്തിയോടും വിശ്വാസത്തോടം കൂടി ഈ വ്രതം ചെയ്താൽ ഭഗവാൻ നേരിട്ട് വന്ന് പ്രസാദം സ്വീകരിക്കും എന്ന് തീർച്ചയാണ്.

വ്രതത്തിലെ ഓരോ കഥകളും പറഞ്ഞവസാനിക്കുമ്പോൾ ഓരോ തേങ്ങ പൊട്ടിച്ച് ഭഗവാന് സമർപ്പിക്കുക. **മഹാപ്രസാദം** സൂചിഗോതമ്പിന്റെ റവ, പഞ്ചസാര, പഴം എന്നിവ കൊണ്ട് ഉണ്ടാക്കാം.ഓരോ കഥയും പറഞ്ഞുതീരുമ്പോൾ പ്രാർത്ഥനയോടെ 3 പ്രാവശ്യം

ഗോവിന്ദാ........................ ഗോവിന്ദാ.......................

ഗോവിന്ദാ.................................. എന്ന് ചൊല്ലുക. ഭഗവാന് തുളസിയില വളരെ ഇഷ്ടമാണ്. അതുകൊണ്ട ് ഫലസിദ്ധി കൂടുതൽ ഉണ്ടാകുവാൻ തുളസിയിലകൾ ഭഗവാനു മുന്നിൽ സമർപ്പിക്കുക. വ്രതം നടത്തിയതിനുശേഷം ഈ തുളസിയിലകൾ പ്രസാദമായി കഴിച്ചാൽ എല്ലാ അസുഖങ്ങളും പമ്പകടക്കും എന്നു മാത്രമല്ല അഷ്ടഐശ്വര്യങ്ങളും ഭഗവാൻ അനുഗ്രഹിച്ചു നല്കും. കഴിയുന്നതും വ്രതം ചെയ്യുമ്പോൾ കലശം (തയ്യാറാക്കുന്ന രീതി മുകളിൽ സൂചിപ്പിച്ചിട്ടുണ്ട്) സ്ഥാപിച്ചിട്ടു വേണം മന്ത്രങ്ങളും കഥകളും ചൊല്ലാൻ.

# രണ്ടാമത്തെ രീതി

ഭഗവാൻ ശ്രീമാൻ നാരായണൻ ഒരു കാര്യവും കൂടി പറയുകയുണ്ടായി. എന്തെങ്കിലും ബുദ്ധിമുട്ട് കൊണ്ടോ,സമയക്കുറവ് കൊണ്ടോ അതുമല്ലെങ്കിൽ മറ്റെന്തെങ്കിലും കാരണങ്ങൾ കൊണ്ടോ ആദ്യത്തെ രീതി അനുസരിച്ച് വ്രതം നടത്താൻ സാധിച്ചില്ലെങ്കിൽ ആർക്കും തനിച്ചിരുന്ന് ഈ വ്രതം ചെയ്യാം. ബാലാജി ഭഗവാന്റെ പടത്തിന്റെയോ വിഗ്രഹത്തിന്റെയോ മുൻപിൽ ഇരുന്ന് ആദ്യം വിഘ്നേശ്വര ഭഗവാനെ മനസിൽ ഭജിക്കുക. അതിനുശേഷം അഷ്ടദിക് പാലകരേയും, നവഗ്രഹങ്ങളേയും മനസ്സിൽ നമസ്കരിക്കുക. .പിന്നീട് ഒരു പാത്രത്തിൽ തുളസിയിലകൾ, തേങ്ങകൾ, പൂക്കൾ, പഴങ്ങൾ എന്നിവ വയ്ക്കുക. അതിനു ശേഷം ഭഗവാനെ നമസ്കരിച്ച് വ്രതത്തിലുള്ള അഞ്ച് കഥകളും പറയുക. കഥകൾ വായിച്ചതിന് ശേഷം ഭഗവാൻ വെങ്കടേശ്വരന് നൈവേദ്യമായി തേങ്ങ, പൂക്കൾ, പഴങ്ങൾ എന്നിവ സമർപ്പിക്കുക. ഈ പ്രസാദം (ഭഗവാന് സമർപ്പിച്ച നൈവേദ്യം) കഴിച്ചാൽ നമ്മുടെ എല്ലാ പ്രയാസങ്ങളും ഒഴിഞ്ഞു പോകും. ഭഗവാൻ നമ്മുടെ എല്ലാ പ്രയാസങ്ങളും മനസ്സിലാക്കും. നമ്മൾക്ക് കാരുണ്യ കടലായ ഈ ഭഗവാനോട് എല്ലാ ബുദ്ധിമുട്ടുകളും ഒഴിവാക്കി തരണമേ എന്ന് പ്രാർത്ഥിക്കാം. ഈ രീതിയിൽ വ്രതം ചെയ്താൽ നമ്മളുടെ എല്ലാ ആഗ്രഹങ്ങളും സഫലീകരിക്കും. നമ്മളുടെ ബുദ്ധിമുട്ടുകളും കഷ്ടപ്പാടുകളും അപ്രത്യക്ഷമാകും. എല്ലാ ഭക്തർക്കും അഷ്ടഐശ്വര്യങ്ങളും ലഭിക്കും.

**!! സമസ്ത സന്മംഗളാനി ഭവന്തു !!**

**ശ്രീ ലക്ഷ്മി ശ്രീനിവാസ കടാക്ഷ സിദ്ധിരസ്തു**

# ശ്രീ വെങ്കടേശ്വര വ്രതം

## ശ്രീ ഗണപതി ധ്യാനം

വക്രതുണ്ഡ മഹാകായ കോടിസൂര്യ സമപ്രഭ |
നിർവിഘ്നം കുരുമേദേവ സർവ്വകാര്യേഷു സർവ്വദാ |
ശുക്ലാംബരധരം വിഷ്ണും ശശിവർണം ചതുർഭുജം |
പ്രസന്നവദനം ധ്യായേത് സർവ്വവിഘ്നോപശാന്തയേ ||
തദേവലഗ്നം സുദിനം തദേവ താരാബലം ചന്ദ്രബലം തദേവ |
വിദ്യാബലം ദൈവബലം തദേവ ലക്ഷ്മീപതേ തെങ്ക്രിയുഗം സ്മരാമി ||

### ആചനൂം

| | |
|---|---|
| ഓം കേശവായ സ്വാഹ\| | ഓം സംകർഷനായ നമ:\| |
| ഓം നാരായണായ സ്വാഹ\| | ഓം വാസുദേവായ നമ:\| |
| ഓം മാധവായ സ്വാഹ:\| | ഓം പ്രദ്യുമ്നായ നമ:\| |
| ഓം ഗോവിന്ദായ നമ:\| | ഓം അനിരുദ്ധായ നമ:\| |
| ഓം വിഷ്ണവേ നമ: \| | ഓം പുരുഷോത്തമായ നമ:\| |
| ഓം മധുസൂദനായ നമ: \| | ഓം അധോക്ഷജായ നമ:\| |
| ഓം ത്രിവിക്രമായ നമ: \| | ഓം നരസിംഹായ നമ:\| |
| ഓം വാമനായ നമ: \| | ഓം അച്യുതായ നമ: \| |
| ഓം ശ്രീധരായ നമ: \| | ഓം ജനാർദ്ദനായ നമ: \| |
| ഓം ഋഷികേശായ നമ: \| | ഓം ഉപേന്ദ്രായ നമ: \| |
| ഓം പത്മനാഭായ നമ: \| | ഓം ഹരയേ നമ: \| |
| ഓം ദാമോദരായ നമ: \| | ഓം ശ്രീകൃഷ്ണായ നമ: \| |

### ഭൂതോചാതനം

ഉത്തിഷ്ഠന്തു ഭൂതപിശാചഹആതേയ് ഭൂമി ഭാരകാ: |
ഏതേഷാമ വിരോധേനബ്രഹ്മ കർമ്മ സമാരഭേ ||
(കുറച്ച് അക്ഷിന്ത അതായത് അരിമണികൾ എണ്ണയും മഞ്ഞൾപ്പൊടിയും ചേർത്ത് കുഴച്ചത് എടുത്ത് നിങ്ങളുടെ പുറകിലേക്ക് എറിയുക. അതിനു ശേഷം വലതു കൈ കൊണ്ട് മൂക്ക് അടച്ചു പിടിച്ച് പ്രാണായാമം ചെയ്യുക.)

# പ്രാണായാമം

ഓം ഭുഹു, ഓം ഭുവഹ, ഓം സുവഹ, ഓം മഹ , ഓം ജനഹ, ഓം തപഹ, ഓം സത്യം, ഓം തത് സവിതൂർ-വരേണ്യം-ഭർഗോ ദേവസ്യ ധീമഹി, ധീയോയോനഹ പ്രചോദയാത്, ഓം ആപോ ജ്യോതീര–സോമൃതം ബ്രഹ്മ ഭൂർഭുവസുവരം

മമ ഉപാത ദുരിതക്ഷയദ്വാരാ ശ്രീ പരമേശ്വര പ്രീത്യർത്ഥം ശുഭേശോഭനാ മുഹൂർത്തേ ശ്രീ മഹാ –വിഷ്ണോ–രാഗ്നേയാ പ്രവർത്തേ മാനസ്യാ ആദ്യ ബ്രഹ്മണഹാ ദ്വിതീയ പരാർത്ഥേ ശ്വേത വരാഹകല്പേ വൈവസ്വത മന്വന്തരേ കലിയുഗേ പ്രഥമപാദേ ജംബൂദ്വീപേ ഭരതവർഷേ ഭരതകണ്ഠേ മേയ്രോ ദക്ഷിണ ദിഗ്ഭാഗേ ശ്രീ ശൈലസ്യ (ഏററവും അടുത്തുള്ള നദികളൂടെ പേരുകൾ പറയുക) പ്രദേശേ, കൃഷ്ണാ, ഗോദാവരി മധ്യഭാഗേ, സ്വ ശോഭനഗൃഹേ,സമസ്ത ദേവതാ ബ്രഹ്മണാ, ഹരിഹരസന്നിധൗ, അസ്മിൻ വർത്തമാന, വ്യവഹാരിക, ചന്ദ്രമാനേന, സ്വസ്തിശ്രീ, പ്രഭവാതി, നാമ സംവത്സര മദ്ധ്യേ (അന്നത്തെ തീയതി, ദിവസം, മാസം, വർഷം) സംവത്സരേ, അയനേയ്, രുതൗ, മാസേ, പക്ഷെ, തിഥൗ, വാസരേ, ശുഭനക്ഷത്രേ, ശുഭയോഗേ ശുഭകരണ ഇവംഗുനാ വിശേഷണ വിശിഷ്ടായാം ശുഭതിഥൗ ശ്രീമാൻ (പേര് പറയുക) ഗോത്രഹ (ജാതി പറയുക) നാമധേയഹ ധർമ്മപത്നീ സമേതസ്യ അസ്മാകം സഹകുടുംബാനാം, ക്ഷേമ, സ്ഥൈര്യ, ധൈര്യ, വിജയ, ആയുർ–ആരോഗ്യ, ഐശ്വര്യ–അഭിവൃദ്ധ്യർത്ഥം, ധർമ്മാർത്ഥ കാമമോക്ഷ ചതുർവിധ പുരുഷാർത്ഥ ഫലസിദ്ധ്യർത്ഥം മമോപാത ദുരിതക്ഷയ ദ്വാരാ ശ്രീ പരമേശ്വര പ്രീത്യർത്ഥം ശ്രീ ലക്ഷ്മീപത്മാവതി സമേതേ ശ്രീ വെങ്കടേശ്വര ദേവതാ മുദ്ധിഷ്യ ശ്രീ വെങ്കടേശ്വര വ്രതകല്പകരിഷ്യേ ദ്രവ്യഹി സംഭവത്ഭിഹി പദാർത്തേ സംഭവതാ നിയമേനയാവച്ഛക്തി ധ്യാനാ വാഹനാദി ഷോദഷോപചാര പൂജ്യം കരിഷ്യേ. (വെള്ളത്തിൽ തൊടുക)

## തടംഗ കലശാരാധനം കരിഷ്യേ

സ്വാമിയുടെ വലതുവശത്ത് കലശം വെയ്ക്കുക. അതിന് അടുത്തായി ഒരു സ്റ്റീൽ തട്ടിനുള്ളിൽ ചെറിയ മൂന്നുകുഴിയുള്ള പാത്രങ്ങളിൽ ചന്ദനം, കുങ്കുമം, അക്ഷിന്ത എന്നിവ വെയ്ക്കുക.

ഈ പൂജാ പാത്രത്തിനുള്ളിൽ ഒരു പൂവ് വെച്ചിട്ട് താഴെ വിവരിക്കുന്ന ശ്ലോകം ചൊല്ലുക.

# ശ്ലോകം

കലശ്യമുഖേ വിഷ്ണുഹു കാന്തേ രുദ്രഹ സമാശ്രിതഹ
മൂലേതത്ര സ്ഥിതോബ്രഹ്മ മദ്ധ്യേ മാതൃഗനാഹാ ശ്രിതാഹാ ||
കുക്ഷൗതു സാഗരസർവ്വേ സപ്തദ്വീപ വസുന്ധരാ
ഋഗ്വേദേ: യജുർവേദ: സാമവേദോഹ്യതർവന: ||
അംഗിശ്ച സഹിതാസർവ്വേ കലശാമ്പു സമാശ്രിതഹ |
കലശേ ഗന്ധ പുഷ്പാക്ഷതാൻ നിക്ഷിപ്ത്യ, ഹസ്തേനാചാദ്യ,
ആപോ വാ ഇദം സർവ്വം വിശ്വഭൂതാന്യാപഹ പ്രാണവാ ആപഹാ
പഷവ ആപോന്ന മാപോമൃത മാപ സാമ്രധൂപോ വിരാദാപാ
സ്വരാദാപ ശ്ചന്താം ശ്യാപോ ജോതിം യജും ശ്യാപ
സത്യമാപാ സർവ്വാ ദേവതാ അപോഭൂർഭുവസ്വ രാപ ഓം.
(ഒരു ചെറിയ ഗ്ലാസിൽ വെള്ളം നിറച്ച് അതിൽ ഒരു തുളസിയില ഇടുക.)

**ശ്ലോകം**

ഗംഗേ! ച യമുനേ! കൃഷ്ണേ! ഗോദാവരി! സരസ്വതി !
നർമ്മദേ! സിന്ധുകാവേര്യോ! ജലസ്മിൻ സന്നിധിം കുരു ||
കാവേരേ തുംഗഭദ്രേ ച കൃഷ്ണവേണീ ച ഗൗതമേ
ഭാഗീരഥീ ച വിഖ്യാത പഞ്ചഗംഗാ പ്രകീർത്തിതാ:
കലശോദകേന ദേവമാത്മാനാം പൂജദ്രവ്യാണി ച സംപ്രോക്ഷ്യ

(മുകളിൽ പറഞ്ഞ ഗ്ലാസിലെ വെള്ളത്തിനുള്ളിൽ ഒരു പൂവ് മുക്കുക. അതിനുശേഷം ഭഗവാന്റെ ചിത്രത്തിലും പൂജാപാത്രത്തിലും നിങ്ങളുടെ സ്വയവും ആ വെള്ളം തളിക്കുക)

# ശ്രീ ഗണപതി പ്രാർത്ഥന

ശുക്ലാംബരധരം വിഷ്ണും ശശിവർണം ചതുർഭുജം |
പ്രസന്നവദനം ധ്യായേത് സർവ്വവിഘ്നോപശാന്തയേ ||
ആദൗ നിർവിഘ്നേന വ്രതപരിസമാപ്തം ഗണപതിപൂജം കരിഷ്യേ ||

## അത: ഗണപതി പൂജ

ഓം ഗണാനാം ത്വ ഗണപതിം ഹവാമഹേ | കവിം കവീണാമൂപ മസ്രമസ്ഥവം |
ജ്യേഷ്ഠരാജം ബ്രഹ്മണാം ബ്രഹ്മണസ്പതാ | ആനശ്രൂനൃന്നൂതിഭി സീദസാദനം ||

ശ്രീ മഹാഗണാതിപതയേ നമ: ധ്യായാമി ധ്യാനം സമർപ്പയാമി

ആവാഹയാമി, രത്നസിംഹാസനം സമർപ്പയാമി,

പാദ്യോ പാദ്യം സമർപ്പയാമി, ഹസ്തയോരർഘ്യം സമർപ്പയാമി,മുഖേ ആചമനീയം സമർപ്പയാമി

അപോഹിഷ്ടമയോ ഭുവസ്തന ഊർജ്യേധാതന, മഹേരനായ ചക്ഷസേ

യോ വഷിവത മുരസസ്ഥസ്യ ഭാജയതേഹനഹ ഉഷതീരിന

മാതര: , തസ്മാ ആരം ഗമാമവോ യസ്യക്ഷയായ ജിന്വദ,അപോജനയധചനഹ

ശ്രീ മഹാഗണാതിപതയേ നമ: ശുദ്ധോദക സ്നാനം സമർപ്പയാമി ||
സ്നാനാനന്തരം ശുദ്ധ ആചമനീയം സമർപ്പയാമി ||

അഭിവസ്ത്രാശു വസനാന്യർ ശാഭിധേനോസു ദുഖ:ഃ
അഭിചന്ദ്ര ഭർതവേനോ ഹിരണ്യാഭ്യാഷൻ രതിനോദേവ സോമ ||

ശ്രീ മഹാഗണാതിപതയേ നമ: വസ്ത്രയുഗ്മം സമർപ്പയാമി ||

യഗ്നോപവീതം പരമം പവിത്രം പ്രജാപതേ ര്യത്സഹജം പുരസ്താത് |
ആയുഷ്യമഗ്രം പ്രതിമുഞ്ചശുഭ്രം യഗ്നോപവീതം ബലമസ്തുതേജ : ||

ശ്രീ മഹാഗണാതിപതയേ നമ: യഗ്നോപവീതം സമർപ്പയാമി ||

ഗന്ധദ്വാരാം ധുരാദർശാം നിത്യപുഷ്ടാം കരീഷിനീം |
ഈശ്വരീഗം സർവ്വഭൂതാനാം ത മിഹോപഹ്വയേ ശ്രിയാം ||

ശ്രീ മഹാഗണാതിപതയേ നമ: - ദിവ്യശ്രീ ചന്ദനം സമർപ്പയാമി ||

അയനേയ് തേ പരായണേ ദുർവാരോഹന്തുപുഷ്പിണീഹി |
ഹൃദാശ്ച പുണ്ഡരീകാനി സമുദ്രസ്യ ഗൃഹാ ഇമേ ||

ശ്രീ മഹാഗണാതിപതയേ നമ: -ദുർവാദി നാനാവിധ പുഷ്പാനി സമർപ്പയാമി ||

# അത: ശ്രീ ഷോദഷനാമ പൂജ

| | |
|---|---|
| ഓം സുമുഖായ നമ: \| | ഓം ഗണാധ്യക്ഷായ നമ: \| |
| ഓം ഏകദന്തായ നമ: \| | ഓം ഫാലചന്ദ്രായ നമ: \| |
| ഓം കപിലായ നമ: \| | ഓം ഗജാനനായ നമ: \| |
| ഓം ഗജകർണികായ നമ: \| | ഓം വക്രതുണ്ഢായ നമ: \| |
| ഓം ലംബോധരായ നമ: \| | ഓം ശൂർപകർണായ നമ: \| |
| ഓം വികടായ നമ: \| | ഓം ഹൈരംബായ നമ: \| |
| ഓം വിഘ്നരാജായ നമ: \| | ഓം സ്കന്ദപൂർവ്വജായ നമ: \| |
| ഓം ഗജാദിപതയെ നമ: \| | ഓം സർവ്വസിദ്ധിപ്രദായകായ നമ: \| |
| ഓം ധൂമകേതവേ നമ: \| | ഓം ശ്രീ മഹാഗണാതിപതയേ നമ: \| |

**നാനാവിധ പരിമളപുഷ്പാനീ സമർപ്പയാമി**

വനസ്പതിയുർഭവ്യർദിവി നാനാ ഗന്ധിശു സമ്യുതം |
ആഗ്രേയ സർവ്വദൈവാനാം ധൂപോയം പ്രതിഗൃഹ്യതാം ||

ശ്രീ മഹാഗണാതിപതയേ നമ: ധൂപമാഗ്രപയാമി ||

സാജ്യം ത്രിവർത്തി സംയുക്തം വഹ്നിനാ യോജിതം പ്രിയം |
ഗൃഹാണ മംഗളം ദീപം ത്രൈലോക്യതിമിരാവഹം ||
ഭക്ത്യാദീപം പ്രയച്ഛാമി ദേവായ പരമാത്മനേ |
ത്രാഹിമാം നരകാഢ്ഘോര ദിവ്യജോതി ഋണമോസ്തുതേ ||

ശ്രീ മഹാഗണാതിപതയേ നമ: - ദീപം സമർപ്പയാമി
ധൂപദീപാനന്തരം ആചമനീയം സമർപ്പയാമി

**നൈവേദ്യം**

ഒരു ചെറിയ തട്ടത്തിൽ ഒരു ചെറിയ കഷണം ശർക്കര വെച്ച് കുറച്ചു വെള്ളം ഒഴിക്കുക

ഓം ഭുർഭുവസ്വ: തത് സവിതുർ വരേണ്യം ഭർഗോദേവസ്യധീമഹി, ധിയോയോന: പ്രജോദയാത്

സത്യം ത്വർതെന പരിഷിഞ്ചാമി (രാത്രിയിൽ ചൊല്ലുകയാണെങ്കിൽ, “ രുതം ത്വ സത്യേന പരിഷിഞ്ചാമി”, എന്ന് ചൊല്ലുക )

ശ്രീ മഹാഗണാതിപതയേ നമ: - ഗൂഡോപഹാര നൈവേദ്യം സമർപ്പയാമി ||
അമൃതമസ്തു അമൃതോപസ്തരനമസി

ഓം പ്രാണായ സ്വാഹാ | ഓം ആപാനായ സ്വാഹാ | ഓം വ്യാനായ സ്വാഹാ |
ഓം ഉദനായ സ്വാഹാ | ഓം സമാനായ സ്വാഹാ മദ്ധ്യേ മദ്ധ്യേ പാനീയം
സമർപ്പയാമി ||

അമൃതാഭിധാനാമസി ഉത്തരാപോഷണം സമർപ്പയാമി |
ഹസ്തൗ പ്രക്ഷലയാമി, ശുദ്ധ ആചമനീയം സമർപ്പയാമി |
പൂഗീഫലൈ സകർപ്പൂരി ഋണാഗവല്ലീ ദല്യർയുതം |
മുക്താപൂർണ്ണ സമായുക്തം താംബൂലം പ്രതിഗൃഹ്യതാം ||

താംബൂലം സമർപ്പയാമി ||

(ഒരു വെററിലയിൽ ഏതെങ്കിലും ഒരു പഴം സമർപ്പിക്കുക)

ഓം ഗണാനാം ത്വ ഗണപതിം ഹവാമഹേ |കവിം കവീണാമുപ മസ്രവസ്തവം |
ജ്യേഷ്ഠരാജം ബ്രഹ്മണാം ബ്രഹ്മണസ്പത |ആനനശ്രൂന്യന്നുതിഭി സ്സീദസാദനം ||

ശ്രീ മഹാഗണാതിപതയേ നമ: - സുവർണ്ണമന്ത്രപുഷ്പം സമർപ്പയാമി ||

(പൂക്കൾ ഭഗവാന് സമർപ്പിക്കുക)

മന്ത്രഹീനം ക്രിയാഹീനം ഭക്തിഹീനം ഗണാതിപ |
യത്പൂജിതം മയാദേവ പരിപൂർണ്ണം തദാസ്തുതേ ||
യഗ്നേന യഗ്നമയ ജന്ത ദേവാ സ്ഥാനി ധർമ്മാനി പ്രഥമാ
ന്യാസം തെഹനാകം മഹിമാനസ്സചന്ദേ യത്രപൂർവ്വേസാധ്യ ശാന്തിദേവാഹ ||

# പുനരാചനം

അനയാധ്യാനാവാഹനാദി ഷോദഷപചാരപൂജയാ ച ഭഗവാൻ സർവ്വാത്മകഹ
ശ്രീ മഹാഗണാതിപതി സുപ്രീതോ വരദോ ഭൂത്വ ഉത്തരൈ കർമ്മണ്യ
വിഘ്നമസ്തവിതി ഭവന്തോ ഭ്രുവന്തു ഉത്തരേ കർമ്മണ്യ വിഘ്നമസ്തു ഗണാതിപതി
പ്രസാദം ശിരസാഗൃഹനാമി ||

സഹസ്രപരമാദേവി ശതമൂല ശതാങ്കൂരാ |
സർവ്വഗം ഹരതുമേ പാപം ദുർവ്വാദുസ്വപ്നനാശനേ |
ഗണപതി യഥാസ്ഥാനമുദ്വാസയാമി ||

## പ്രാണപ്രതിഷ്ഠ

ഓം അസുനീതേ പുനരസ്മാസു ചക്ഷുഹു പുന:
പ്രാണമിഹനോദേഹി ഭോഗംജ്യോക്പഷ്യേമ
സൂര്യമുച്ചരന്ത മനുമതേ മൃദയാന സ്വസ്തി
അമൃത വി പ്രാണ അമൃതമാപഹ പ്രാണാനേവ
യഥാസ്ഥാനമുപഹ്വയതേ(ഭഗവാന്റെ ചിത്രത്തിലോ വിഗ്രഹത്തിലോ തൊടുക)
ശ്രീ വെങ്കടേശ്വര ആവാഹയാമി ,സ്ഥാപയാമി, പൂജയാമി
സ്ഥിരോഭവ, വരദോഭവ, സുപ്രസന്നോഭവ, സ്ഥിരസ്ഥാനം കുരു |

## ധ്യാനം

ശാന്താകാരം ഭുജഗശയനം പദ്മനാഭം സുരേശം |

വിശ്വാധാരം ഗഗന സദൃശം മേഘവർണം ശുഭാംഗം |

ലക്ഷ്മീകാന്തം കമലനയനം യോഗി ഹൃദ്ധ്യാന ഗമ്യം |

വന്ദേ വിഷ്ണും ഭവ ഭയ ഹരം സർവ്വ ലോകൈക നാഥം |

വന്ദേ വിഷ്ണും ഭവ ഭയ ഹരം സർവ്വ ലോകൈക നാഥം ||

ശ്രീ ലക്ഷ്മീ പത്മാവതി സമേത ശ്രീ വെങ്കടേശ്വര സ്വാമിന്യേ നമ:

ധ്യായാമി, ധ്യാനം സമർപ്പയാമി (ഭഗവാന്റെ വിഗ്രഹത്തിലോ ചിത്രത്തിലോ ഒരു പൂവോ തുളസിയിലയോ സമർപ്പിക്കുക)

## ആവാഹനം

ആവാഹയാമി ദേവേശ സിദ്ധഗന്ധർവ്വസേവിത |

യദ്രഹശ്യാമിദം പുണ്യം സർവ്വപാപ ഹരോഹരഹ ||

ശ്രീ ലക്ഷ്മീ പത്മാവതി സമേത ശ്രീ വെങ്കടേശ്വര സ്വാമിന്യേ നമ: -
ആവാഹയാമി (ഭഗവാന്റെ വിഗ്രഹത്തിലോ ചിത്രത്തിലോ ഒരു പൂവോ തുളസിയിലയോ സമർപ്പിക്കുക)

## ആസനം

ദൈവദൈവ ജഗന്നാഥ പ്രണുത ക്ലേശനാശന |

രത്നസിംഹാസനം ദിവ്യം ഗൃഹാണമധുസൂദന ||
ശ്രീ ലക്ഷ്മീ പത്മാവതി സമേതസ്യ

ശ്രീ വെങ്കടേശ്വര സ്വാമിന്യേ നമ: -രത്നസിംഹാസനം സമർപ്പയാമി
(ഭഗവാന്റെ വിഗ്രഹത്തിലോ ചിത്രത്തിലോ ഒരു പൂവോ തുളസിയിലയോ സമർപ്പിക്കുക)

## പാദ്യം

വാഞ്ചിതം കുരമേ ദൈവ ദുഷ്കൃതം ച വിനാശായ |

പാദ്യം ഗൃഹാണ ഭഗവാൻ മാതുരുത് സംഗ സംസ്ഥിത ||

ശ്രീ ലക്ഷ്മീ പത്മാവതി സമേതസ്യ

ശ്രീ വെങ്കടേശ്വര സ്വാമിന്യേ നമ: -പാദയോ,പാദ്യം സമർപ്പയാമി
(ഗ്ലാസിലെ വെള്ളത്തിൽ നിന്നും ഒരു സ്പൂൺ വെള്ളം ചെറിയ തട്ടത്തിലേക്ക് ഒഴിക്കുക)

## അർഘ്യം

കുരുഷ്വമേ ദയാം ദൈവ സംസാരാർത്തി ഭയാപഹ |

ദധിക്ഷീര ഫലോപൈതം ഗൃഹാനാർഘ്യം നമോസ്തുതേ ||
ശ്രീ ലക്ഷ്മീ പത്മാവതി സമേതസ്യ

ശ്രീ വെങ്കടേശ്വര സ്വാമിന്യേ നമ: -ഹസ്തയോരർഘ്യം സമർപ്പയാമി
(ഗ്ലാസിലെ വെള്ളത്തിൽ നിന്നും ഒരുസ്പൂൺ വെള്ളം ചെറിയ തട്ടത്തിലേക്ക് ഒഴിക്കുക)

## ആചമനം

നമ സത്യായയ ശുദ്ധായ നിത്യായ ഗ്ന്യാന രൂപിണ്യേ |

ഗൃഹാനാചമനം ദൈവ സർവ്വലോകൈക നായക ||
ശ്രീ ലക്ഷ്മീ പത്മാവതി സമേതസ്യ

ശ്രീ വെങ്കടേശ്വര സ്വാമിന്യേ നമ: -മുഖേ ആചമനീയം സമർപ്പയാമി
(ഗ്ലാസിലെ വെള്ളത്തിൽ നിന്നും ഒരുസ്പൂൺ വെള്ളം ചെറിയ തട്ടത്തിലേക്ക് ഒഴിക്കുക)

## പഞ്ചാമൃതസ്നാനം

പഞ്ചാമൃതം മയാനീതം പയോദധിഘൃതം മധു |

ശർക്കരാ സഹിതം ചൈവ ദൈവത്വം പ്രതിഗൃഹ്യതാം ||
ശ്രീ ലക്ഷ്മീ പത്മാവതി സമേതസ്യ

ശ്രീ വെങ്കടേശ്വര സ്വാമിന്യേ നമ: -പഞ്ചാമൃതസ്നാനം സമർപ്പയാമി
(ഭഗവാനു പഞ്ചാമൃതം സമർപ്പിക്കുക)
(പഞ്ചാമൃതം :പാൽ, തൈര്, നെയ്യ്, തേൻ, പഞ്ചസാര)

## സ്നാനം

സ്വർണ്ണപാത്രോദകം ഗംഗ യമുനാദിസമന്വിതം |

ശുദ്ധോദകം ഗൃഹാനേഷ സ്നാനം കുരു യഥാവിധി ||

ശ്രീ ലക്ഷ്മീ പത്മാവതി സമേത ശ്രീ വെങ്കടേശ്വര സ്വാമിന്യേ നമ: -
ശുദ്ധോദക സ്നാനം സമർപ്പയാമി (ഗ്ലാസിലെ വെള്ളത്തിൽ നിന്നും ഒരുസ്പൂൺ വെള്ളം ചെറിയ തട്ടത്തിലേക്ക് ഒഴിക്കുക)

## വസ്ത്രം

തപ്തകാഞ്ചനസങ്കാശം പീതാംബരമിദം ഹരേ |

സുഗൃഹാന ജഗന്നാഥ ശ്രീനിവാസ നമോസ്തുതേ ||

ശ്രീ ലക്ഷ്മീ പത്മാവതി സമേത ശ്രീ വെങ്കടേശ്വര സ്വാമിന്യേ നമ: - വസ്ത്രയുഗ്മം

സമർപ്പയാമി

## യഗ്നോപവീതം

യഗ്നോപവീതം പരമംപവിത്രം പ്രജാപത്യൈർയജ് സഹജം പുരസ്താത് |

ആയുഷ്യമഗ്രം പ്രതിമുഞ്ചശുഭ്രം യഗ്നോപവീതം ബലമസ്തുതേജ: ||

ശ്രീ ലക്ഷ്മീ പത്മാവതി സമേത ശ്രീ വെങ്കടേശ്വര സ്വാമിന്യേ നമ: - യഗ്നോപവീതം

സമർപ്പയാമി

## ഗന്ധം

ചന്ദനാഗരു കസ്തൂരി ഘനസാര സമന്വിതം |
ഗന്ധം ഗൃഹാന ഗോവിന്ദ നാനാ ഗന്ധസ്ചധാരയാ ||

ശ്രീ ലക്ഷ്മീ പത്മാവതി സമേത ശ്രീ വെങ്കടേശ്വര സ്വാമിന്യേ നമ: - ദിവ്യപരിമള

ഗന്ധാൻ സമർപ്പയാമി (ഭഗവാന് കുറച്ച് ചന്ദനം ചാർത്തുക)

## അക്ഷതാൻ

ഗോവിന്ദാ പരമാനന്ദാ ഹരിദ്ര സഹിതക്ഷതാൻ |
വിശ്വേശ്വര വിശാലാക്ഷ ഗൃഹാനാ പരമേശ്വര ||

ശ്രീ ലക്ഷ്മീ പത്മാവതി സമേത ശ്രീ വെങ്കടേശ്വര സ്വാമിന്യേ നമ: - അക്ഷതാൻ സമർപ്പയാമി

(ഭഗവാന്റെ ചിത്രത്തിലോ വിഗ്രഹത്തിലോ കുറച്ച് അക്ഷിന്ത വിതറുക)

(അക്ഷിന്ത: അരിയും മഞ്ഞൾപ്പൊടിയും എണ്ണയും കൂടി മിക്സ് ചെയ്തത്)

## പുഷ്പം

സുഗന്ധീനി സുപുഷ്പാനി ജാജീകുണ്ഠമുഖനിച
മാലതിവകുലാദേവി പൂജർത്ഥം പ്രതിഗൃഹ്യതാം

ശ്രീ ലക്ഷ്മീ പത്മാവതി സമേതേ ശ്രീ വെങ്കടേശ്വര സ്വാമിന്യേ നമ: -പുഷ്പം സമർപ്പയാമി
(ഭഗവാന് പൂക്കൾ സമർപ്പിക്കുക)

# അതാംഗ പൂജ

(ഓരോവരി ചൊല്ലുമ്പോഴും തുളസി കലശത്തിൻമേൽ സമർപ്പിക്കുക)

ഓം ശ്രീ വെങ്കടേശ്വരായ നമ: -പാദൗ പൂജയാമി

ഓം ശ്രീ വെങ്കടചലദീശായ നമ: - ഗുൽഫൗ പൂജയാമി |

ഓം ശ്രീ പ്രദായകായ നമ: - ജാനുനീ പൂജയാമി |

ഓം പത്മാവതീ പതയെ നമ: - ജംഘേ പൂജയാമി |

ഓം ജ്ഞാനപ്രദായ നമ: - ഊരൂ പൂജയാമി |

ഓം ശ്രീ നിവാസായ നമ: - കഠിം പൂജയാമി |

ഓം മഹാഭാഗായ നമ: - നാഭിം പൂജയാമി |

ഓം നിർമ്മലായ നമ: - ഉദരം പൂജയാമി |

ഓം വിശാല ഹൃദയായ നമ: - ഹൃദയം പൂജയാമി |

ഓം പരിശുദ്ധാത്മനേനമ: - സ്ഥാനൗ പൂജയാമി |

ഓം പുരുഷോത്തമായ നമ: - ഭുജൗ പൂജയാമി |

ഓം സ്വർണ്ണഹസ്തായ നമ: - ഹസ്തൗ പൂജയാമി |

ഓം വരപ്രദായ നമ: - കണ്ഠം പൂജയാമി |

ഓം ലോകനാഥായ നമ: - സ്കന്ദൗ പൂജയാമി |

ഓം സർവ്വേശ്വരായ നമ: - മുഖം പൂജയാമി |

ഓം രസഗ്നായ നമ: - നാസികാം പൂജയാമി |

ഓം പുണ്യശ്രവണകീർത്തനായ നമ: - ശ്രോത്രൈ പൂജയാമി |

ഓം ഫുല്ലാംബുജ വിലോചനായ നമ: - നേത്ര്യ പൂജയാമി |

ഓം വർച്ചസ്വിന്യേ നമ: - ലലാടം പൂജയാമി |

ഓം രമ്യവിഗ്രഹായ നമ: - സർവ്വാന്യംഗാനി പൂജയാമി |

ഓംശ്രീലക്ഷ്മി പത്മാവതി സമേതേ ശ്രീ വെങ്കടേശ്വര പരമാത്മനേ നമ: -
ദിവ്യസുന്ദരവിഗ്രഹം പൂജയാമി

# ശ്രീ വെങ്കടേശ്വര അഷ്ടോത്തര ശതനാമാവലി

| | |
|---|---|
| ഓം വെങ്കടേശായ നമഃ | ഓം വിഷ്ണവേ നമഃ |
| ഓം ശ്രീനിവാസായ നമഃ | ഓം അച്യുതായ നമഃ |
| ഓം ലക്ഷ്മിപതയേ നമഃ | ഓം പദ്മിനീപ്രിയായ നമഃ |
| ഓം അനമായായ നമഃ | ഓം ധരാപതയേ നമഃ |
| ഓം അമൃതാശായ നമഃ | ഓം സുരപതയേ നമഃ |
| ഓം ജഗദ്വംദ്യായ നമഃ | ഓം നിർമ്മലായ നമഃ |
| ഓം ഗോവിന്ദായ നമഃ | ഓം ദേവപൂജിതായ നമഃ |
| ഓം ശാശ്വതായ നമഃ | ഓം ചതുർഭുജായ നമഃ |
| ഓം പ്രഭവേ നമഃ | ഓം ചക്രധരായ നമഃ |
| ഓം ശേഷോദ്രിനിലയായ നമഃ 10 | ഓം ത്രിധാമ്ന്യേ നമഃ 40 |
| ഓം ദേവായ നമഃ | ഓം ത്രി-ഗുണ-ശ്രയായ നമഃ |
| ഓം കേശവായ നമഃ | ഓം നിർവ്വികല്പായ നമഃ |
| ഓം മധുസൂദനായ നമഃ | ഓം നിഷ്കളങ്കായ നമഃ |
| ഓം അമൃതായ നമഃ | ഓം നിരാത്നകായ നമഃ |
| ഓം മാധവായ നമഃ | ഓം നിരഞ്ജനായ നമഃ |
| ഓം കൃഷ്ണായ നമഃ | ഓം നിരഭാസായ നമഃ |
| ഓം ശ്രീഹരയേ നമഃ | ഓം നിത്യതൃപ്തായ നമഃ |
| ഓം ജ്ഞാനപംജരായ നമഃ | ഓം നിർഗുണായ നമഃ |
| ഓം ശ്രീവത്സ വക്ഷസേ നമഃ | ഓം നിരുപദ്രായ നമഃ |
| ഓം സർവ്വേശായ നമഃ 20 | ഓം ഗദാധരായ നമഃ 50 |
| ഓം ഗോപാലായ നമഃ | ഓം ശർഗപാണയേ നമഃ |
| ഓം പുരുഷോത്തമായ നമഃ | ഓം നന്ദാകിനേ നമഃ |
| ഓം ഗോപീശ്വരായ നമഃ | ഓം ശംഖ-ദാരകായ നമഃ |
| ഓം പരംജ്യോതിഷേ നമഃ | ഓം അനേകമൂർത്തയേ നമഃ |
| ഓം വൈകുണ്ഠ പതയേ നമഃ | ഓം അവ്യക്തായ നമഃ |
| ഓം അവ്യയായ നമഃ | ഓം കടി-ഹസ്തായ നമഃ |
| ഓം ശുദ്ധതനവേ നമഃ | ഓം വരപ്രദായ നമഃ |
| ഓം യാദവേന്ദ്രായ നമഃ | ഓം അനേകാത്മനേ നമഃ |
| ഓം നിത്വ യൗവ്വന രൂപവതേ നമഃ | ഓം ദീനബംധവേ നമഃ |
| ഓം ചതുർ വേദാത്മകായ നമഃ 30 | ഓം ആർത്തലോക-ഭയ- പ്രദായ നമഃ 60 |

| | |
|---|---|
| ഓം ആകാശ- രാജ -വരദായ നമഃ | ഓം കന്യാ ശ്രുവണതാരേജ്യായ നമഃ |
| ഓം യോഗി ഹൃത്പത്മ മണ്ഡിരായ നമഃ | ഓം പീതാംബരധരായ നമഃ |
| ഓം ദാമോദരായ നമഃ | ഓം അനഘായ നമ: |
| ഓം ജഗത്പലായ നമഃ | ഓം വനമാലിനേ നമഃ |
| ഓം പാപഘ്നായ നമഃ | ഓം പദ്മനാഭായ നമഃ |
| ഓം ഭക്തവത്സലായ നമഃ | ഓം മൃഗയ-സക്ത- മാനസായ നമഃ 90 |
| ഓം ത്രിവിക്രമായ നമഃ | ഓം അശ്വരൂഢായ നമഃ |
| ഓം ഷിംഷുമാരായ മഃ | ഓം ഖഡ്ഗധാരിണേ നമഃ |
| ഓം ജടാ മകുട ശോഭിതായ നമഃ | ഓം ധനാർജന സമുത്സുകായ നമഃ |
| ഓം ശംഖ- മദ്ധ്യോല- സൻമൻ ജോകിങ്കിന്യാദ്യ 70 | ഓം ഗണശാരള സൻമദ്ധ്യ കസ്തൂരി |
| ഓം നീലമേഘശ്യാമതനവേ നമഃ | ഓം സച്ചിദാനന്ദ രൂപായ നമഃ |
| ഓം ബില്വ പത്രാർച്ചനപ്രിയായ നമഃ | ഓം ജഗന്മംഗള ദായകായ നമഃ |
| ഓം ജഗത്വ്യാപിന്യേ നമഃ | ഓം യഗ്നരൂപായ നമഃ |
| ഓം ജഗത് കർത്ര്യേ നമഃ | ഓം യജ്ഞഭോക്ത്രേ നമഃ |
| ഓം ജഗത്സാക്ഷിണേ നമഃ | ഓം ചിന്മയായ നമഃ |
| ഓം ജഗത്പതായ നമഃ | ഓം പരമേശ്വരായ നമഃ 100 |
| ഓം ചിന്തിതാർത്ഥപ്രദായകായ നമഃ | ഓം പരമാർത്ഥപ്രദായ നമഃ |
| ഓം ജിഷ്ണവേ നമഃ | ഓം ശാന്തായ നമഃ |
| ഓം ദാശർവായ നമഃ | ഓം ശ്രീ മതേ നമഃ |
| ഓം ദശ രൂപവതേ നമഃ 80 | ഓം ദോർദണ്ഠ് വിക്രമായ നമഃ |
| ഓം ദേവകീ നന്ദനായ നമഃ | ഓം പരാത് പരായ നമഃ |
| ഓം ശൗരയേ നമഃ | ഓം പര ബ്രഹ്മണ്യേ നമഃ |
| ഓം ഹയഗ്രീവായ നമഃ | ഓം ശ്രീ വിഭവേ നമഃ |
| ഓം ജനാർദ്ദനായ നമഃ | ഓം ജഗദീശ്വരായ നമഃ 108 |

## || ഇതി ശ്രീ വെങ്കടേശ്വര അഷ്ടോത്തര ശതനാമാവലി||

# ശ്രീ മഹാലക്ഷ്മി അഷ്ടോത്തര ശതനാമാവലി

| | |
|---|---|
| ഓം പ്രകൃത്യൈ നമഃ | ഓം ബുദ്ധായൈ നമ: |
| ഓം വികൃത്യൈ നമഃ | ഓം അനഘായൈ നമ: |
| ഓം വിദ്യായൈ നമഃ | ഓം ഹരിവല്ലഭായൈ നമ: |
| ഓം സർവ്വഭൂത ഹിതപ്രദായൈ നമ: | ഓം അശോകായൈ നമ: |
| ഓം ശ്രദ്ധായൈ നമഃ | ഓം അമൃതായൈ നമഃ |
| ഓം വിഭൃത്യൈ നമഃ | ഓം ദീപായൈ നമ: |
| ഓം സുരഭ്യൈ നമഃ | ഓം ലോകശോക വിനാശിന്യൈ |
| ഓം പരമാത്മികായൈ നമഃ | ഓം ധർമ്മ നിലയായൈ നമ: |
| ഓം വാചേ നമഃ | ഓം കരുണായൈ നമ: |
| ഓം പദ്മാലയായൈ നമഃ 10 | ഓം ലോകമാത്രേ നമ: 40 |
| ഓം പത്മായൈ നമ: നമ: | ഓം പത്മപ്രിയായൈ നമ: |
| ഓം ശുചായൈ നമ: | ഓം പത്മഹസ്തായൈ നമ: |
| ഓം സ്വാഹായൈ നമ: | ഓം പത്മാക്ഷ്യൈ നമ: |
| ഓം സ്വാധായൈ നമ: | ഓം പത്മസുന്ദര്യൈ നമ: |
| ഓം ശുദ്ധായൈ നമ: | ഓം പത്മോത്ഭവായൈ നമ: |
| ഓം ധന്യായൈ നമ: | ഓം പത്മമുഖ്യൈ നമ: |
| ഓം ഹിരൺമയിയൈ നമ: | ഓം പത്മനാഭപ്രിയായൈ നമ: |
| ഓം ലക്ഷ്മിയൈ നമ: | ഓം രമായൈ നമ: |
| ഓം നിത്യപുഷ്ടായൈ നമ: | ഓം പത്മമാലാധരായൈ നമ: |
| ഓം വിഭവര്യൈ നമ: 20 | ഓം ദേവ്യൈ നമ: 50 |
| ഓം അധിത്യൈ നമ: | ഓം പത്മിന്യൈ നമ: |
| ഓം ധീത്യൈ നമ: | ഓം പത്മഗന്ധിന്യൈ നമ: |
| ഓം ദീപ്തായൈ നമ: | ഓം പുണ്യഗന്ധായൈ നമ: |
| ഓം വസുധായൈ നമ: | ഓം സുപ്രസന്നായൈ നമ: |
| ഓം വസുധാരിണ്യേ നമ: | ഓം പ്രസാദാഭി മുഖായൈ നമ: |
| ഓം കമലായൈ നമ: | ഓം പ്രഭായൈ നമ: |
| ഓം കാന്തായൈ നമ: | ഓം ചന്ദ്രവദനായ നമ: |
| ഓം കാമാക്ഷ്യൈ നമ: | ഓം ചന്ദ്രായൈ നമ: |
| ഓം കമലസംഭവായൈ നമ: | ഓം ചന്ദ്രസഹോദര്യ നമ: |
| ഓം അനുഗ്രഹപ്രദായൈ നമ: 30 | ഓം ചതുർഭുജായൈ നമ: 60 |

| | |
|---|---|
| ഓം ചന്ദ്രരൂപായൈ നമ: | ഓം സിദ്ധായൈ നമ: |
| ഓം ഇന്ദ്രായൈ നമ: | ഓം സ്ത്രൈണ സൗമ്യായൈ നമ: |
| ഓം ഇന്ദുശീതളായൈ നമ: | ഓം ശുഭപ്രദായൈ നമ: |
| ഓം ആഹ്ലാദജനന്യായ നമ: | ഓം നൃബവേമ ഗദനന്ദയൈ നമ: |
| ഓം പുഷ്ട്യൈ നമ: | ഓം വരലക്ഷ്മ്യൈ നമ: |
| ഓം ശിവായൈ നമ: | ഓം വസുപ്രദായൈ നമ: 90 |
| ഓം ശിവകാര്യൈ നമ: | ഓം ശുഭായൈ നമ: |
| ഓം സത്യായൈ നമ: | ഓം ഹിരണ്യ പ്രാകാരായൈ നമ: |
| ഓം വിമലായൈ നമ: | ഓം സമുദ്ര ധനായയൈ |
| ഓം വിശ്വജനന്യൈ നമ: 70 | ഓം ജയായൈ നമ: |
| ഓം ധുഷ്ട്യൈ നമ: | ഓം മംഗളായൈ നമ: |
| ഓം ദാരിദ്ര്യനാശിന്യൈ നമ: | ഓം വിഷ്ണുവക്ഷസ്ഥലസ്ഥിതായൈ നമ: |
| ഓം പ്രീതിപുഷ്കരണ്യൈ നമ: | ഓം വിഷ്ണുപത്ന്യൈ നമ: |
| ഓം ശനതയൈ നമ: | ഓം പ്രസന്നാക്ഷ്യൈ നമ: |
| ഓം ശുക്ലമാല്യാംഭരായൈ നമ: | ഓം നാരായണ സമാശ്രിതായൈ നമ: |
| ഓം ഭാസ്കര്യൈ നമ: | ഓം ദാരിദ്ര്യ ധ്വംസിന്യൈ നമ: 100 |
| ഓം ബില്വനിലയായൈ നമ: | ഓം ദേവലക്ഷ്മി നമ: |
| ഓം വരരോഹായൈ നമ: | ഓം സർവ്വപദ്രവ നിവാരിണ്യൈ നമ: |
| ഓം യശസ്വിന്യൈ നമ: | ഓം നവദുർഗായൈ നമ: |
| ഓം വസുന്ധരായൈ നമ: 80 | ഓം മഹാകാള്യൈ നമ: |
| ഓം ഉദ്ധാരംഗായൈ നമ: | ഓം ബ്രഹ്മ വിഷ്ണു ശിവാത്മികായൈ നമ: |
| ഓം ഹരിണ്യൈ നമ: | ഓം ത്രികാലഗ്യാന സമ്പന്നായൈ നമ: |
| ഓം ഹേമമാലിന്യൈ നമ: | ഓം ഭുവനേശ്വര്യൈ നമ: |
| ഓം ധനധന്യകര്യൈ നമ: | ഓം മഹാലക്ഷ്മീഅഷ്ടോത്തര സദ നമ: 108 |

## || ഇതി ശ്രീ മഹാലക്ഷ്മി അഷ്ടോത്തര ശതനാമാവലിഹി ||

# ശ്രീപത്മാവതി അഷ്ടോത്തര ശതനാമാവലിഹി

| | |
|---|---|
| ഓം പത്മാവത്യൈ നമ: | ഓം ദയാമൃതായായെ നമ: |
| ഓം ദേവ്യൈ നമ: | ഓം പ്രഗ്ജ്ഞായൈ നമ: |
| ഓംപത്മോത് ഭവായൈ നമ: | ഓം മഹധർമ്മായൈ നമ: |
| ഓം കരുണ പ്രദായിന്യൈ നമ: | ഓം ധർമ്മരൂപിണ്യൈ നമ: |
| ഓം സഹൃദായൈ നമ: | ഓം അലങ്കാരപ്രിയായൈ നമ: |
| ഓം തേജസ്വരൂപിണ്യൈ നമ: | ഓം സർവ്വദാരിദ്ര്യ ധ്വംസിന്യൈ നമ: |
| ഓം കമല മുഖ്യൈ നമ: | ഓം ശ്രീ വെങ്കടേശവക്ഷസ്ഥലസ്ഥിതായൈ നമ: |
| ഓം പത്മ ധരായൈ നമ: | ഓം ലോകശോകവിനാശിന്യൈ നമ: |
| ഓം ശ്രീയൈ നമ: | ഓം വൈഷ്ണവ്യൈ നമ: |
| ഓം പത്മനേത്രൈ നമ: | ഓം തിരുചാനുരുപുരവാസിന്യൈ നമ: |
| ഓം കോടിസൂര്യ സമപ്രഭായൈ നമ: | ഓം പൂജഫലദായിന്യൈ നമ: |
| ഓം പത്മ കരായൈ നമ: | ഓം കമലാസന്നാദി സർവ്വദേവതായൈ നമ: |
| ഓം സുഗുണായൈ നമ: | ഓം സർവ്വലോകമാത്രൈ നമ: |
| ഓം കുങ്കുമപ്രിയായൈ നമ: | ഓം വൈദവൈദ്യവിഷരദായൈ നമ: |
| ഓം ഹേമവർണ്ണായൈ നമ: | ഓം വിഷ്ണുപാദസേവിതായൈ നമ: |
| ഓം ചന്ദ്രവന്ദിതേ നമ: | ഓം രത്നപ്രകാശകിരീടധാരിണ്യൈ നമ: |
| ഓം ധഗധഗപ്രകാശ ശരീര ധാരീണ്യ നമ: | ഓം ജഗന്മോഹിന്യൈ നമ: |
| ഓം വിഷ്ണു പ്രിയായൈ നമ: | ഓം ശക്തിസ്വരൂപിണ്യൈ നമ: |
| ഓം നിത്യ കല്യാണ്യൈ നമ: | ഓം പ്രസന്നോദയായൈ നമ: |
| ഓം കോടി സൂര്യപ്രകാശിന്യൈ നമ: | ഓം ഇന്ദ്രാദി ദൈവത യക്ഷകിനീര കിംപുരുഷ പൂജതായൈ നമ: |
| ഓം മഹാസൗന്ദര്യരൂപിണ്യേ നമ: | ഓം സർവ്വലോക നിവാസിന്യൈ നമ: |
| ഓം ഭക്തവൽസലായൈ നമ: | ഓം ഭൂജയായൈ നമ: |
| ഓം ബ്രഹ്മാണ്ഠ വാസിന്യൈ നമ: | ഓം ഈശ്വര്യൈ പ്രദായിന്യൈ നമ: |
| ഓം സർവ്വാഞ്ജ ഫലദായിന്യൈ നമ: | ഓം അഭയദായിന്യൈ നമ: |
| ഓം ധർമ്മസങ്കൽപ്പായൈ നമ: | ഓം വൈകുണ്ഠ വാസിന്യൈ നമ: |
| ഓം ദാക്ഷിണ്യ കടാക്ഷിണ്യൈ നമ: | ഓം ശാന്തായൈ നമ: |
| ഓം ഭക്തി പ്രദാന്യൈ നമ: | ഓം ഉന്നതസ്ഥാനസ്ഥിതായൈ നമ: |
| ഓം ഗുണത്രയ വിവർജ്ജിതായൈ നമ: | ഓം മന്ദാരകാമിന്യൈ നമ: |
| ഓം കലശോദശസംയുതായൈ നമ: | ഓം കമലാകരായൈ നമ: |
| ഓം സർവ്വലോകാ നാഞ്ചനന്യൈ നമ: | ഓം വേദാന്ദജ്ഞാനരൂപിണ്യൈ നമ: |

| | |
|---|---|
| ഓം മുക്തിദായിന്യൈ നമ: | ഓം സർവ്വ സമ്പത്തിരൂപിണ്യൈ നമ: |
| ഓം ധ്രാക്ഷാ ഫലപായസപ്രിയായൈ നമ: | ഓം അഭിമതദായിന്യൈ നമ: |
| ഓം നൃത്യഗീതപ്രിയായൈ നമ: | ഓം ലളിത വദോത്യൈ നമ: |
| ഓം ക്ഷീരസാഗരോത്ഭവായൈ നമ: | ഓം സമസ്തശാസ്ത്ര വിശരദായൈ നമ: |
| ഓം ആകാശരാജ പുത്രികായൈ നമ: | ഓം സുവർണ്ണാഭരണ ധാരിണ്യൈ നമ: |
| ഓം സുവർണ്ണഹസ്തധാരിണ്യൈ നമ: | ഓം ഇഹപരലോകസുഖപ്രദായിന്യൈ നമ: |
| ഓം കാമരൂപിണ്യൈ നമ: | ഓം കരവീര നിവാസിന്യൈ നമ: |
| ഓം കരുണകടാക്ഷധാരിണ്യൈ നമ: | ഓം നാഗലോകമനിസഹ ആകാശസിന്ധു കമലേശ്വര പൂരിതരധഗമനായൈ നമ: |
| ഓം അമൃതസുജായൈ നമ: | ഓം ശ്രീ ശ്രീനിവാസപ്രിയായൈ നമ: |
| ഓം ഭൂലോക സ്വർഗ്ഗ സുഖദായിന്യൈ നമ: | ഓം ചന്ദ്രമണ്ഡലസ്ഥിതായൈ നമ: |
| ഓം അഷ്ടദിക്പാലകാധിപത്യൈ നമ: | ഓം അലിവേലുമങ്കായൈ നമ: |
| ഓം മന്മഥദർപ്പ സംഹാരിണ്യൈ നമ: | ഓം ദിവ്യമംഗള ധാരിണ്യൈ നമ: |
| ഓം കമലാർത്ത ഭാഗായൈ നമ: | ഓം സുകല്യനപീതസ്ഥിതായൈ നമ: |
| ഓം സ്വൽപപരധമഹാപരാധ ക്ഷമായൈ നമ: | ഓം കാമകവണപുഷ്പപ്രിയായൈ നമ: |
| ഓം ഷട്കോടി തീർത്ഥവാസിതായൈ നമ: | ഓം കോടിമന്മഥരൂപിണ്യൈ നമ: |
| ഓം നാരദാദി മുനിശ്രേഷ്ഠ പൂജിതായൈ നമ: | ഓം ഭാനുമദലരൂപിണ്യൈ നമ: |
| ഓം ആദിശങ്കരപൂജിതായൈ നമ: | ഓം പത്മപാദായൈ നമ: |
| ഓം പ്രീതിദായിന്യൈ നമ: | ഓം രമായൈ നമ: |
| ഓം സൗഭാഗ്യപ്രദായിന്യൈനമ: | ഓം സർവ്വലോക സഭന്ദര ധാരിണ്യൈ നമ: |
| ഓം മഹാകീർത്തി പ്രദായിന്യൈ നമ: | ഓം സർവ്വമാനസവാസിന്യൈ നമ: |
| ഓം കൃഷ്ണാദി പ്രിയായൈ നമ: | ഓം സർവ്വായൈ നമ: |
| ഓം ഗന്ധർവ്വ ശാപവിമോചകായൈ നമ: | ഓം വിശ്വരൂപായൈ നമ: |
| ഓം കൃഷ്ണപത്ന്യൈ നമ: | ഓം ദിവ്യജ്ഞാനായൈ നമ: |
| ഓം ത്രിലോക പൂജിതായൈ നമ: | ഓം സ്വമംഗളരൂപിണ്യൈ നമ: |
| ഓം ജഗന്മോഹിന്യൈ നമ: | ഓം സർവ്വാനുഗ്രഹപ്രദായിന്യൈ നമ: |
| ഓം സുലഭായൈ നമ: | ഓം ഓംങ്കാരസ്വരൂപിണ്യൈ നമ: |
| ഓം സുശീലായൈ നമ: | ഓം ബ്രഹ്മജ്ഞാനസംഭൂതായൈ നമ: |
| ഓം അജ്ഞനാസുതാനുഗ്രഹപ്രദായിന്യൈ നമ: | ഓം ശ്രീ പത്മാവത്യൈ നമ: |
| ഓം ഭക്തത് മനിവാസിന്യൈ നമ: | ഓം സദ്യോവേദവത്യൈ നമ: |
| ഓം സന്ധ്യവന്ദിന്യൈ നമ: | ഓം ശ്രീ മഹാലക്ഷ്മ്യൈ നമ: |

## ... ശ്രീപത്മാവതി അഷ്ടോത്തര ശതനാമാവലിഹി ....

## ധൂപം

ദശാംഗം ഗുഗ്ഗുലോ പൈതം ഗോഘൃതൈന സമന്വിതം|
ധൂപം ഗൃഹാന ദേവേശ സർവ്വലോക നമസ്കാര||
ശ്രീ ലക്ഷ്മി പത്മാവതി സമേത ശ്രീ വെങ്കടേശ്വര സ്വാമിന്യൈ നമ:
ധൂപമാഗ്രാപയാമി (കൈയുടെ ആംഗ്യം കൊണ്ട് ചന്ദനത്തിരി ഭഗവാനു സമർപ്പിക്കൂക)

## ദീപം

ത്രിലോകേശ മഹാദേവ സർവ്വജ്ഞാന പ്രദയക|
ദീപം ദാശ്യാമി ദേവേശ രക്ഷമാം ഭക്തവൽസല||
ശ്രീ ലക്ഷ്മി പത്മാവതി സമേത ശ്രീ വെങ്കടേശ്വര സ്വാമിന്യൈ നമ: - ദീപം ദർശയാമി
(കൈയുടെ ആംഗ്യം ദീപം കൊണ്ട് ഭഗവാനു സമർപ്പിക്കൂക)

## നൈവേദ്യം

സർവ്വഭക്ഷിസ്ച ഭോജ്യസ്ച രസിശ്ഷഢ്ഭി സമന്വിതം|
നൈവേദ്യന്ദു മയാനീതം ഗൃഹാന പുരുഷോത്തമ||
ശ്രീ ലക്ഷ്മി പത്മാവതി സമേത ശ്രീ വെങ്കടേശ്വര സ്വാമിന്യൈ നമ: - നൈവേദ്യം സമർപ്പയാമി
(താഴെ വിവരിക്കുന്ന രീതിയിൽ ഭഗവാനു നൈവേദ്യം സമർപ്പിക്കുക. നേന്ത്രപ്പഴം സമർപ്പിക്കുകയാണെങ്കിൽ

'കദളീഫലം' എന്നും തേങ്ങ ആണെങ്കിൽ 'നാളീകേരഫലം നിവേദയാമി' എന്നും ശർക്കര ആണെങ്കിൽ 'ഗൂഢോപഹാര നൈവേദ്യം സമർപ്പയാമി' എന്നും പറയുക.)

ഓം പ്രാണായ സ്വാഹാ , ഓം അപാനായ സ്വാഹാ, ഓം വ്യാനായ സ്വാഹാ ,

ഓം ഉദനായ സ്വാഹാ , ഓം സമാനായ സ്വാഹാ, ഓം പരബ്രഹ്മണേ സ്വാഹാ (ഗ്ലാസിലെ വെള്ളത്തിൽ നിന്നും ഒരു സ്പൂൺ വെള്ളം ചെറിയ തട്ടിലേക്ക് ഒഴിക്കുക)

ഓം ഭുർഭുവസ്വ: തത് സവിധുർ വരേണ്യം ഭർഗോദേവസ്യധീമഹി, ധിയോയോനഹ പ്രജോദയാത് ,

ഒമാപോ ജ്യോതീരാപോ മൃതം ബ്രഹ്മ ഭൂർഭുവസ്വരം മധ്യേ മധ്യേ പാനീയം സമർപ്പയാമി.

(ഗ്ലാസിലെ വെള്ളത്തിൽ നിന്നും ഒരു സ്പൂൺ വെള്ളം ചെറിയ തട്ടിലേക്ക് ഒഴിക്കുക)

അമൃതാപിദാനാമസി, ഉത്തരാപോഷണം സമർപ്പയാമി ,ഹസ്തൗ പ്രക്ഷാലയാമി, പാദൗ പ്രക്ഷാലയാമി

പുനരാചമനീയം സമർപ്പയാമി.

## താംബൂലം

പൂഗീഫലൈ സകർപ്പൂരി ഋണാഗവല്ലി ദല്യർയുതം|
മുക്താചൂർണ്ണ സമായുക്തം താംബൂലം പ്രതിഗൃഹ്യതാം||

ശ്രീ ലക്ഷ്മി പത്മാവതി സമേത ശ്രീ വെങ്കടേശ്വര സ്വാമിന്യൈ നമ: - താംബൂലം സമർപ്പയാമി

(ഒരു വെററിലയിൽ ഏതെങ്കിലും ഫലം ഭഗവാന് സമർപ്പിക്കുക)

## നീരാഞ്ജനം

ശ്രീയാഹ കാന്തായ കല്യാണ നിഥയേ നിഥയേർധിനാം|

ശ്രീ വെങ്കട നിവാസായ ശ്രീനിവാസായ മംഗളം||

ശ്രീ ലക്ഷ്മി പത്മാവതി സമേത ശ്രീ വെങ്കടേശ്വര സ്വാമിന്യൈ നമ: - നീരാഞ്ജനം ദർശയാമി
(താഴെ പറയുന്ന മന്ത്രം ചൊല്ലി ഗ്ലാസിലെ വെള്ളത്തിൽ നിന്ന് ഒരു സ്പൂൺ വെള്ളം ചെറിയ തട്ടത്തിലേക്ക് ഒഴിക്കുക)
'പുനരാചമനം സമർപ്പയാമി '

## മന്ത്രപുഷ്പം

ഓം സഹസ്രശീർഷം ദൈവം വിശ്വാക്ഷം വിശ്വശംഭുവം
വിശ്വം നാരായണ ദൈവം അക്ഷരം പരമം പദം 1
വിശ്വതഹ പരമാനിത്യം വിശ്വംനാരായണം ഹരിം
വിശ്വമേവൈദം പുരുഷസ്തദ്വിശ്വ മുപജീവതി 2
പതിം വിശ്വാസ്യാത്മേശ്വരം ശാശ്വതംശിവംഅച്യുതം
നാരായണം മഹാജ്ഞേയം വിശ്വാത്മനം പാരായണം 3
നാരായണ പരോജ്യോതിരാത്മ നാരായണഹപരഹ
നാരായണപരം ബ്രഹ്മത്വം നാരായണഹപരഹ
നാരായണപരോധ്യാതാ ധ്യാനം നാരായണഹപരഹ 4
യച്ഛകിഞ്ചി ജഗത്സർവ്വം ദൃശ്യതേ ശ്രുയതേപി വാ
അന്തർഭഹിശ്ച തത്സർവ്വം വ്യാപ്യ നാരായണഹ സ്ഥിതഹ 5
അനന്തമവ്യയം കവിം സമുദ്രേന്തം വിശ്വശംഭുവം
പത്മകോശ പ്രതീകാശം ഹൃദയം ചാപ്യദോമുഖം 6
അധോ നിഷ്ട്യാ വിതസ്താന്തേ നാഭ്യാ മുപരി തിഷ്ടഹി
ജ്വാലാമാലാകുലം ഭാതി വിശ്വസ്യായതനം മഹത് 7
ശാന്തതം ശിലാഭിസ്തു ലംബത്യാകോശ സന്നിഭം
തസ്യാന്തേ സുശിരം സൂക്ഷ്മം തസ്മിൻ സർവ്വം പ്രതിഷ്ഠിതം 8
തസ്യ മധ്യേ മഹാഗ്നി ഋവിശ്വാർച്ചി ഋവിശ്വതോ മുഖഹ
സോഗ്രഭുഗ് വിഭജൻ തിഷ്ടനാഹാര മജരഹ കവിഹി
ത്രിയഗൂർധ്വ മധസ്സായീ രശ്മയ സ്തസ്യ ശന്തതാ 9
ശാന്താപയന്തി സ്വം ദേഹമാപാദതല മസ്തകഹ
തസ്യ മധ്യേ വഹ്നി ശിഖ അനീയോർധവ വ്യവസ്ഥിതഹ 10
നീലതോയത മദ്ധ്യസ്ഥാ ദ്വിദ്യുല്ലേഖൈവ ഭാസ്വരാ
നീവാരസൂകവതൻവി പീതഭാ സ്വത്യനൂപമാ 11
തസ്യാ ശിഖായാ മധ്യേ പരമാത്മാ വ്യവസ്ഥിതഹ
സ ബ്രഹ്മ സ ശിവ ശശിശേന്ദ്ര സോക്ഷരഹ പരമസ്വരാത് 12
ഓം തത് ബ്രഹ്മ, ഓം തത് വായുഹു, ഓം തദാത്മാ,
ഓം തത് സത്യം, ഓം തത് സർവ്വം, ഓം തത്പുരോർനമ :
അന്തസ്ചരതി ഭൂതേശു ഗുഹായാം വിശ്വമൂർത്തിശു
ത്വം യഗസ്ഥ്വം വഷട്കാരാസ്ത്വ മിന്ദ്രസ്ത്വം
രുദ്രസ്ത്വം വിഷ്ണുസ്ത്വം ബ്രഹ്മത്വം പ്രജാപതിഹി

ത്വം തദാപ ആപൊ ജ്യോതീരസോമൃതം ബ്രഹ്മഭൂർഭുവസ്വരം 13

ഗദാ പുനസ്സംഗരധാംഗ കല്പക ധ്വജാരവിന്ദാങ്കുശ വജ്രലലാസ്ചിത
ഹേ! ശ്രീനിവാസ ത്വചരണാംബുജ ധ്വയം മദീയ മൂർദ്ധാന മലജ
ഓം നിരഞ്ജനായ വിദ്മഹേ നിരാഭാസായ ധീമഹി
തന്നോ ശ്രീനിവാസഹ പ്രജോതയാത്

ശ്രീ ലക്ഷ്മി പത്മാവതി സമേത ശ്രീ വെങ്കടേശ്വര സ്വാമിന്യൈ നമ: -ദിവ്യമന്ത്രപുഷ്പം സമർപ്പയാമി

## പ്രദക്ഷിണ നമസ്കാരം

ശ്ലോകം

യാനികാനി ച പാപാനി ജൻമാന്തര കൃതാനിച |
താനി താനി പ്രണശ്യന്തി പ്രദക്ഷിണ പദേപദേ||
പാപോഹം പാപകർമ്മാഹം പാപാത്മ പാപ സംഭവഹ|
ത്രാഹിമാം കൃപമയാ ദേവ ശരണാംഗതവത്സല||
അന്യഥാ ശരണം നാസ്തി ത്വ മേ ശരണം മമ|
തസ്മത് കാരുണ്യ ഭാവേന രക്ഷ രക്ഷ ജനാർദ്ദന ||

ശ്രീ ലക്ഷ്മി പത്മാവതി സമേത ശ്രീ വെങ്കടേശ്വര സ്വാമിന്യൈ നമ: - ആത്മപ്രദക്ഷിണ നമസ്കാരം സമർപ്പയാമി

(ഈ മന്ത്രം ചൊല്ലിക്കൊണ്ട് മൂന്ന് തവണ ഭഗവാനെ പ്രദക്ഷിണം ചെയ്തിട്ട് സാഷ്ടാംഗം നമസ്കരിക്കുക)

(പ്രദക്ഷിണം എന്നാൽ എഴുന്നേററ് നിന്ന് മൂന്നു പ്രാവശ്യം തിരിയുക)

## വിവിധോപചാര പൂജ

ചത്ര ധാരയാമി | ചാമരം വീജയാമി |നൃത്യം ദർശയാമി |ഗീതം ശ്രാവയാമി |വാദ്യം ഘോഷയാമി |ആന്തോലികാൻ ആരോഹ യാമി| അശ്വാനാരോഹ യാമി| ഗജാനാരോഹയാമി |സമസ്ത രാജോപചാര, ശക്ത്യുപചര, യന്ത്രോപചാര, ദേവോപചാര , സർവ്വോപചാര പൂജം സമർപ്പയാമി ||

# വ്രതം കഥകൾ

### കഥ 1

## ശ്രീ ഭഗവാൻ ഉവാച

ഈ കലിയുഗത്തിലെ ഒരു വിശേഷ നാളിൽ ഭഗവാൻ ശ്രീമാൻ നാരായണൻ ശ്രീ വെങ്കടേശ്വര ഭഗവാന്റെ രൂപത്തിൽ തിരുമലയിലെ വിശ്വപതി എന്ന ഒരു ഭക്തന്റെ മുൻപിൽ പ്രത്യക്ഷപ്പെട്ടു. (തിരുമല എന്നാൽ ശ്രീമാൻ നാരായണൻ വസിക്കുന്ന വൈകുണ്ഠമായാണ് അറിയപ്പെടുന്നത്)

എന്നിട്ട് താഴെ വിവരിക്കുന്നതു പോലെ പറയുകയുണ്ടായി. കൂടാതെ ഈ വ്രതത്തിനെകുറിച്ച് ഒരു പുസ്തകം എഴുതാനും കൂടി ഉപദേശിച്ചു.

" ഹേ എന്റെ പ്രിയപ്പെട്ട ഭക്താ,വിശ്വപതി, ഞാൻഒരു വിശേഷപ്പെട്ട വ്രതത്തിനെകുറിച്ച് നിന്നോട് പറയാം. ഈ വ്രതം എനിക്ക് ഏററവും പ്രിയപ്പെട്ടതും വളരെ എളുപ്പം ചെയ്യാൻ പററുന്നതുമാണ്.

ഈ കലിയുഗത്തിൽ കഴിഞ്ഞ ജൻമത്തിലെ പ്രവൃത്തിയുടെ ഫലമാണ് ആളുകൾ അനുഭവിക്കുന്നത്. എങ്കിലും വീണ്ടും ഇവർ തെററുകൾ തന്നെ ചെയ്ത് ദു:ഖങ്ങളും ദുരിതങ്ങളും വീണ്ടും അനുഭവിക്കുന്നു. ചില ഭക്തർ അവരുടെ ബുദ്ധിമുട്ടുകളും ദുരിതങ്ങളും ഒഴിഞ്ഞു മാറാനായി എന്നോടു പ്രാർത്ഥിക്കുന്നു. അവർ എല്ലാ തടസങ്ങളെയും മറികടന്നു തിരുമല തിരുപ്പതിയിൽ എത്തിച്ചേരുമ്പോൾ എന്റെ ദർശനം ലഭിക്കുന്നു. എന്റെ ഭക്തരെ എല്ലാവരെയും ഞാൻ വളരെയധികം സ്നേഹിക്കുന്നു. വളരെ താഴ്മയായ ജീവിതം നയിക്കുന്നവരും എന്നിൽ സ്വയം സമർപ്പിക്കുന്നവരുമായ എല്ലാ ഭക്തരുടേയും മുഴുവൻ ചുമതലയും ഞാൻ ഏറെറടുക്കും. ശ്രീ വെങ്കടേശ്വര വ്രതം' എന്ന പേരിൽ അറിയപ്പെടാൻ പോകുന്ന ഈ വ്രതത്തിനെ കുറിച്ചാണ് ഞാൻ നിന്നോട് വിവരിക്കാൻ പോകുന്നത്. എനിക്ക് വളരെ പ്രിയപ്പെട്ടതാണ് ഈ വ്രതം. ഭക്തിയോടെ ഈ വ്രതം ചെയ്യുന്ന എല്ലാ ഭക്തർക്കും അവരുടെ എല്ലാ വിഷമതകളും ഉടനടി മാറുന്നതായി അനുഭവപ്പെടും. അവരവരുടെ സൗകര്യം അനുസരിച്ചും സാമ്പത്തിക സ്ഥിതി അനുസരിച്ചും ഏതു സമയത്തും ഈ വ്രതം ചെയ്യാം. ഈ വ്രതത്തിന്റെ ഫലം കൂടുതലായി അനുഭവപ്പെടുന്നത ്മാർഘഷീര, മാഘ, പഞ്ചമി,പൗർണ്ണമി, സപ്തമി, ഏകാദശി എന്നീ ദിവസങ്ങളിലും,ശ്രാവണ അല്ലെങ്കിൽ ചോതി നാളുകളിലും ചെയ്യുമ്പോഴാണ്.

ഈ കലിയുഗത്തിലെ എന്റെ എല്ലാ ഭക്തരും നേരിടുന്ന ബുദ്ധിമുട്ടുകൾ ഞാൻമുഴുവനായും മനസ്സിലാക്കുന്നു. ഈ വ്രതം ചെയ്യുന്നതിലൂടെ എല്ലാ ഭക്തരും അവരുടെ ആരോഗ്യ പ്രശ്നങ്ങളിൽ നിന്നും, സാമ്പത്തിക പ്രശ്നങ്ങളിൽ നിന്നും, കുടുംബ പ്രശ്നങ്ങളിൽ നിന്നും മുക്തി നേടും. അതുപോലെ മന:സമാധാനം ലഭിക്കുകയും ചെയ്യും. ജീവിതത്തിന്റെ എല്ലാ പ്രതിസന്ധികളും ഒഴിഞ്ഞു മാറും.കുടുംബങ്ങളിലെ എല്ലാ വിശേഷാവസരങ്ങളിലും ഈ വ്രതം ചെയ്യാവുന്നതാണ് . ഈ വ്രതം ചെയ്യുന്നത് വഴി എല്ലാ ഭക്തർക്കും അവരുടെ ജോലിയിലും ബിസിനസ്സിലും പുരോഗതി ഉണ്ടാകുന്നതായി അറിയാൻ സാധിക്കും.

ഈ വ്രതം രാവിലെയോ വൈകുന്നേരമോ ചെയ്യാം. ഈ വ്രതത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള 5 കഥകളും വളരെ ഭക്തിയോടും വിശ്വാസത്തോടും കൂടി വായിക്കുക. ഇത് വീടുകളിലും ഭഗവാന്റെ ക്ഷേത്രങ്ങളിലും ശുദ്ധിയുള്ള സ്ഥലങ്ങളിലും പുണ്യ നദീതീരങ്ങളിലും ചെയ്യാവുന്നതാണ്.

കഴിയുന്നതും എല്ലാ സുഹൃത്തുക്കളെയും കുടുംബാംഗങ്ങളെയും ക്ഷണിക്കുക . ഈ വ്രതത്തിൽ പങ്കു ചേരുകയും വ്രതം കേൾക്കുകയും പ്രസാദം സ്വീകരിക്കുകയും ചെയ്യുന്ന എല്ലാ ഭക്തർക്കും അഷ്ട ഐശ്വര്യങ്ങളും ലഭിക്കും. ഭൂതകാലത്തിൽ പല ശ്രേഷ്ഠ മുനിമാരും ഈ വ്രതം ചെയ്ത് എന്റെ അനുഗ്രഹം മുഴുവനായി ലഭിച്ചിട്ടുണ്ട്. എന്റെ എല്ലാ ഭക്തർക്കും ഈ വ്രതം സന്തോഷം പ്രദാനം ചെയ്യും . ഈ വ്രതം ചെയ്യുന്നത് വഴി എന്റെ എല്ലാ ഭക്തർക്കും വളരെ പ്രയോജനം ലഭിക്കും.

ഈ വ്രതം വളരെ എളുപ്പം ചെയ്യാം. ഈ കലിയുഗത്തിൽ എന്റെ ഭക്തർ അനുഭവിക്കുന്ന എല്ലാ ദുരിതങ്ങളും ഞാൻ മനസിലാക്കുന്നു. വളരെ വലിയ ത്യാഗങ്ങളും ബുദ്ധിമുട്ടുകളും വഴി ലഭിക്കുന്ന നല്ല ഫലങ്ങൾ വളരെ പതുക്കെ മാത്രമേ സാധ്യമാകൂ.എന്നാൽ ഈ വ്രതം ചെയ്യുന്നത് വഴി നല്ല ഫലങ്ങൾ വളരെ എളുപ്പം സാധ്യമാകും.
ആദ്യം വളരെ പവിത്രവും ശുദ്ധവുമായ ഒരു സ്ഥലം തിരഞ്ഞെടുക്കുക .അവിടെ ഒരു മണ്ഡപമുണ്ടാക്കി എന്റെ ഒരു ചിത്രം അതിനുള്ളിൽ വെയ്ക്കുക. എന്റെ ഭാര്യമാരായ ഭൂദേവിയോടും ശ്രീദേവിയോടും ചേർന്നുള്ള വിഗ്രഹങ്ങളോ ചിത്രമോ ആണെങ്കിൽ കൂടുതൽ ഫലസിദ്ധി ഉണ്ടാകും. നിങ്ങൾക്ക് ഇഷ്ടമുള്ള മറ്റു ദൈവങ്ങളുടെയും ചിത്രങ്ങൾ സ്ഥാപിക്കാം .ആദ്യം അഷ്ടദിക് പാലകൻമാരെ നമസ്കരിക്കുക . അതിനു ശേഷം ആദ്യം വിനായക പൂജ ചെയ്യുക.പിന്നീട് ഭക്തിയോടെ 5 കഥകളും വായിക്കുക. ഈ വ്രതത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള 5 കഥകളിൽ ആദ്യത്തെ കഥയാണിത് .ശേഷമുള്ള 4 കഥകളും വിവരിച്ചിട്ടുള്ളത് മഹാമുനിമാരായ വിശ്വാമിത്രൻ, വസിഷ്ഠൻ, ഭരദ്വാജൻ, അത്രി എന്നിവരാണ് .

ഓരോ കഥ വായിച്ചു കഴിയുമ്പോഴും ഭഗവാന്റെ തിരുനാമം ഗോവിന്ദാ ...........ഗോവിന്ദാ ...................ഗോവിന്ദാ
എന്ന് 3 പ്രാവശ്യം പ്രാർത്ഥനയായി ചൊല്ലുക.

ഒരു കാര്യം കൂടി എനിക്ക് പറയാനുണ്ട് . ഇനി മേൽപറഞ്ഞത് പോലെ സമയക്കുറവോ മറ്റു ബുദ്ധിമുട്ടുകൾ മൂലമോ ഈ വ്രതം ചെയ്യാൻ സാധിച്ചില്ലെങ്കിൽ ആർക്കും തനിച്ചിരുന്നു വേണമെങ്കിൽ വ്രതം ചെയ്യാം. ആദ്യം എന്റെ ചിത്രത്തിന്റെ മുൻപിൽ ഇരുന്നു മനസ്സിൽ വിഘ്നേശ്വരനോട് പ്രാർത്ഥിക്കുക. പിന്നീട് അഷ്ടദിക് പാലകരെയും നവഗ്രഹങ്ങളെയും മനസ്സിൽ നമസ്കരിക്കുക. ഒരു പാത്രത്തിൽ കുറച്ചു തുളസിയില, നാളികേരങ്ങൾ, പൂക്കൾ, പഴവർഗ്ഗങ്ങൾ എന്നിവ നിരത്തുക. അതിനുശേഷം എന്നെ നമസ്കരിച്ചു വ്രതത്തിലൂൾപ്പെടുത്തിയിട്ടുള്ള എല്ലാ കഥകളും വായിക്കുക .അവസാനം നൈവേദ്യമായി ഈ പൂക്കളും , നാളികേരങ്ങളും, പഴവർഗ്ഗങ്ങളും എനിക്ക് സമർപ്പിക്കുക . ഈ പ്രസാദം (നൈവേദ്യമായി എനിക്ക് സമർപ്പിച്ചത് ) കഴിക്കുക വഴി എല്ലാ ബുദ്ധിമുട്ടുകളും മാറിപ്പോകും . ഭക്തിയോടും ആത്മാർത്ഥതയോടും കൂടി ഈ വ്രതം ചെയ്യുന്ന എല്ലാ സ്ഥലങ്ങളും ഞാൻ സന്ദർശിച്ചു പ്രസാദം സ്വീകരിക്കും. എല്ലാവരിലും ഞാൻ എന്റെ അനുഗ്രഹം ചൊരിയും.

തിരുമല തിരുപ്പതിയിലെ തിമ്മരാജ വിശ്വപതി രാമകൃഷ്ണമൂർത്തി അഥവാ "വിശ്വപതി " എന്ന നാമധേയമുള്ള ഒരു ഭക്തന് ഭഗവാൻ നേരിട്ട് നൽകിയതാണ് ഈ വ്രതം ചെയ്യേണ്ട രീതി. നമ്മളെല്ലാവരും ഈ വ്രതം ചെയ്ത് വെങ്കടേശ്വര ഭഗവാന്റെ അനുഗ്രഹം സ്വീകരിക്കുക.

ഗോവിന്ദാ ..................ഗോവിന്ദാ ..................ഗോവിന്ദാ ..................

# || ആദ്യ കഥയുടെ സമാപ്തം ||

ശ്രീയാഹ കാന്തായ കല്യാണ നിധയേ നിധയേർധിനാം |
ശ്രീ വെങ്കട നിവാസായ ശ്രീനിവാസായ മംഗളം ||

# കഥ 2

# ശ്രീ വിശ്വാമിത്ര ഉവാച

മുനി ശ്രേഷ്ഠനായ ശ്രീ വിശ്വാമിത്രൻ അനുഗ്രഹിച്ചു പറഞ്ഞ കഥയാണ് താഴെ വിവരിക്കുന്നത് . ഈ കലിയുഗത്തിൽ ജീവിക്കുന്ന മഹാജനങ്ങളെ, ശ്രീനിവാസ ഭഗവാന്റെ ഭക്തൻമാരെ ,നിങ്ങൾ ചെയ്യുന്ന ഈ വെങ്കടേശ്വര വ്രതം വളരെ പുണ്യമുള്ളതാകുന്നു. ഇതു എല്ലാ വ്രതങ്ങളിലും വെച്ച് ശ്രേഷ്ഠമാണ്. ഭഗവാൻ ശ്രീമൻ നാരായണന്റെ കരുണാ കടാക്ഷം ലഭിക്കാനുള്ള ഏറ്റവും എളുപ്പ വഴി ഈ വ്രതം ചെയ്യുക എന്നതാണ് .കഴിഞ്ഞ കാലത്തിൽ ഭഗവാന്റെ ഭക്തന്മാർ ഈ വ്രതം അനുഷ്ഠിച്ചതിലൂടെ ആണ് അവരുടെ ആഗ്രഹങ്ങൾ സഫലീകരിച്ചിരുന്നത്. ആദ്യമായി, ഈ വ്രതം മനുഷ്യരാശിക്കും മറ്റു ദൈവങ്ങൾക്കുമായി അനുഗ്രഹിച്ചു പറഞ്ഞു തന്ന ഭഗവാൻ ശ്രീ വെങ്കടേശ്വരനെ നമസ്കരിക്കണം .

വർഷങ്ങൾക്കു മുൻപ് മഗധ രാജ്യത്തിൽ ഭഗവാൻ വെങ്കടേശ്വരന്റെ ഒരു പ്രിയ ഭക്തൻ ജീവിച്ചിരുന്നു.അദ്ദേഹത്തിന്റെ പേര് വിഷ്ണുചിത്തൻ എന്നായിരുന്നു. അദ്ദേഹത്തിന് ഒൻപതു പെണ്മക്കൾ ഉണ്ടായിരുന്നു. വിദ്യാസമ്പന്നൻ ആയിരുന്നെങ്കിലും അദ്ദേഹം ദാരിദ്ര്യ ദുഖത്താൽ വിഷമിക്കുകയായിരുന്നു.അദ്ദേഹത്തിന്റെ ഭാര്യ താരാമതി ശ്രീമാൻ നാരായണന്റെ തൃപ്പാദത്തിങ്കൽ എല്ലാം സമർപ്പിച്ച് വളരെ ഭക്തിയോടെ പ്രാർത്ഥിച്ചിരുന്നു . മറ്റു വീടുകളിലെ വിശേഷാവസരങ്ങളിൽ പൂജ ചെയ്യുന്നത് വഴി ലഭിച്ചിരുന്ന വളരെ തുച്ഛമായ വരുമാനത്തിലാണ് ഈ ദമ്പതികൾ ജീവിച്ചിരുന്നത് . താരാമതി തന്റെ മകളുടെ വിവാഹത്തെച്ചൊല്ലി വളരെ വ്യാകുലപ്പെട്ടിരുന്നു .ഇതിനായി അവർ എന്നും ഭഗവാൻ ശ്രീനിവാസനോട് പ്രാർത്ഥിച്ചിരുന്നു.

ഹേ ! ശ്രീനിവാസ ഭക്തന്മാരെ !

എല്ലാവർക്കും അറിയാവുന്ന ഒരു വസ്തുതയാണല്ലോ ഭഗവാൻ വെങ്കടേശ്വരനിൽ എല്ലാം അടിയറ വച്ച് ഭക്തിയോടെ ജീവിക്കുന്നവരെ അദ്ദേഹം അകമഴിഞ്ഞ് സ്നേഹിക്കുകയും സംരക്ഷിക്കുകയും ചെയ്യുമെന്നുള്ളത് .അന്ന് മാഘപൌർണമി ആയിരുന്നു .അതിരാവിലെ ഒരു വൃദ്ധ ബ്രാഹ്മണൻ വിഷ്ണുചിത്തന്റെ വീട്ടുപടിക്കൽ മുട്ടി വിളിച്ചിട്ട് ഇങ്ങനെ പറഞ്ഞു ."ഞാൻ വങ്കദേശത്തിൽ നിന്ന് വരികയാണ്. ഞാൻ ഒരു യാഗം ചെയ്യാൻ പോകുന്ന വഴിയാണ് . ഈ രാത്രിയിൽ ഇവിടെ തങ്ങാൻ ദയവായി എന്നെ അനുവദിക്കണം . നാളെ രാവിലെ ഞാൻ യാഗസ്ഥലത്തേക്ക് പോയ് കൊള്ളാം". ഇതു കേട്ടപ്പോൾ വിഷ്ണുചിത്തൻ വിനയാന്വിതനായി ഇങ്ങനെ മറുപടി പറഞ്ഞു ."സ്വാമി ഇത് ഞങ്ങൾക്ക് കിട്ടാവുന്നതിൽ വച്ച് ഏറ്റവും വലിയ ഭാഗ്യമാണ്. മഹത് വ്യക്തികൾ പറഞ്ഞിട്ടുണ്ടല്ലോ അതിഥികൾ ഭഗവാൻ ശ്രീമാൻ നാരായണന് തുല്യരാണെന്നുള്ളത്.

അതിനാൽ അങ്ങ് സംശയത്തിന്റെ ഒരു കണിക പോലുമില്ലാതെ ഇവിടെ താമസിച്ചാലും". ഇതും പറഞ്ഞു വിഷ്ണുചിത്തൻ ആ വൃദ്ധ ബ്രാഹ്മണനെ വീടിനുള്ളിലേക്ക് ക്ഷണിച്ചു .

അന്ന് ഉച്ചയൂണിനു ശേഷം ആ വൃദ്ധ ബ്രാഹ്മണൻ താരാമതിയോടു ചോദിച്ചു , "അമ്മേ എന്താണ് നിങ്ങൾ ഇങ്ങനെ വിഷമിച്ച് ഇരിക്കുന്നത്?നിങ്ങളുടെ വിഷമത്തിന്റെ കാരണം എന്താണ്?എന്താണെങ്കിലും എന്നോട് മടി കൂടാതെ പറയൂ?". "സ്വാമീ , അങ്ങേയ്ക്ക് ചുറ്റുമുള്ള പ്രഭാവലയം ശ്രീ വെങ്കടേശ്വരസ്വാമിയെ ഓർമ്മിപ്പിക്കുന്നു .എനിക്ക് ഒളിച്ചു വയ്ക്കാൻ ഒന്നും തന്നെ ഇല്ല . എന്റെ മകളുടെ വിവാഹത്തെച്ചൊല്ലിയാണ് എന്റെ വിഷമം മുഴുവനും. ഇതു കേട്ട് ഒരു ചെറു മന്ദഹാസത്തോടെ ആ വൃദ്ധ ബ്രാഹ്മണൻ ഇങ്ങനെ പറഞ്ഞു " അമ്മേ ! ഞാൻ നിങ്ങളുടെ വിഷമം മനസ്സിലാക്കുന്നു. നിങ്ങളുടെ എല്ലാ വിഷമങ്ങളും അകറ്റി മകളുടെ വിവാഹം നടക്കുന്നതിനു വേണ്ടി വളരെ മനോഹരമായ ഒരു വ്രതത്തെപ്പറ്റി നിങ്ങളോട് ഞാൻ പറയാം. ഈ വ്രതം അനുഷ്ഠിക്കുന്നതിലൂടെ നിങ്ങളുടെ എല്ലാ ദുരിതങ്ങളും മാറി നിങ്ങളുടെ ജീവിതം സന്തോഷപൂർണ്ണവും, സമ്പന്നവും ഭാഗ്യം നിറഞ്ഞതും ആയിത്തീരും .ഈ വ്രതം അനുഷ്ഠിക്കാൻ വളരെ എളുപ്പമാണ് .

അദ്ദേഹം ഉടൻ തന്നെ വിഷ്ണുചിത്തനോട് ഈ വ്രതം അനുഷ്ഠിക്കുന്നതിനെ കുറിച്ച് വിശദീകരിച്ചു കൊടുത്തു .കേട്ടയുടൻ വിഷ്ണുചിത്തൻ ഈ വ്രതം ചെയ്യാമെന്ന് സമ്മതിച്ചു. വിഷ്ണുചിത്തൻ സന്തോഷത്തോടെ ആ ബ്രാഹ്മണനോട് തന്റെ നന്ദി അറിയിച്ചു . ഈ വ്രതത്തെപ്പറ്റി അറിയാൻ കഴിഞ്ഞത് തന്റെ ഭാഗ്യമാണെന്ന് അദ്ദേഹം അറിയിച്ചു. വിഷ്ണുചിത്തൻ ഈ പുണ്യ കർമ്മം ഒട്ടും വൈകാതെ ചെയ്യാൻ തീരുമാനിച്ചു . അന്ന് മാഘപൗർണ്ണമി ആയതിനാൽ അന്ന് തന്നെ ഈ വെങ്കടേശ്വര വ്രതം അനുഷ്ഠിക്കാൻ അദ്ദേഹം തീരുമാനിച്ചു . അന്ന് വൈകുന്നേരം ആ ദമ്പതികൾ തങ്ങളുടെ മക്കളോടോത്ത് ഈ വ്രതം അനുഷ്ഠിച്ചു . അവരുടെ സുഹൃത്തുക്കളെയും ബന്ധുക്കളെയും ക്ഷണിച്ച് നിറഞ്ഞ ഭക്തിയോടെ അവർ വ്രതം ചെയ്തു. വ്രതത്തിന് ശേഷം പ്രസാദം സ്വീകരിച്ച് അതിഥികളെല്ലാം അവരവരുടെ ഗൃഹങ്ങളിലേക്ക് മടങ്ങി. വിഷ്ണുചിത്തനും ഭാര്യയും വൃദ്ധബ്രാഹ്മണന്റെ അനുഗ്രഹത്തിനായി അദ്ദേഹത്തിന്റെ കാലുകൾ തൊട്ടു വണങ്ങി . പ്രസാദം സ്വീകരിച്ചതിനു ശേഷം ആ ദമ്പതികളെ അനുഗ്രഹിച്ച് അദ്ദേഹം ഇങ്ങനെ പറഞ്ഞു ."നിങ്ങളുടെ ആഗ്രഹങ്ങൾ നിറവേററപ്പെടും. നിങ്ങളിൽ ശ്രീലക്ഷ്മി ശ്രീനിവാസന്റെ കൃപാ കടാക്ഷം ഉണ്ടാകുന്നതായിരിക്കും. "രാത്രിയായി , എല്ലാവർക്കും ഉറങ്ങാനുള്ള സമയവുമായി . അപ്പോൾ നിറകണ്ണുകളോടെ വിഷ്ണുചിത്തൻ പഴകി കീറിയ പുതപ്പുമായി ആ ബ്രാഹ്മണനെ സമീപിച്ചു . എന്നിട്ട് ഇങ്ങനെ പറഞ്ഞു " ഞങ്ങൾ വളരെ പാവപ്പെട്ടവരാണ്. ഈ കീറിയ പുതപ്പല്ലാതെ അങ്ങേക്ക് തരുവാൻ മറ്റൊന്നും തന്നെ ഞങ്ങൾക്കില്ല. ദയവായി ഞങ്ങളോട് ക്ഷമിച്ച് ഇതു സ്വീകരിച്ചാലും ". ബ്രാഹ്മണൻ പുഞ്ചിരിയോടെ ആ പുതപ്പ് സ്വീകരിച്ച് ഒട്ടും വിഷമിക്കേണ്ടതില്ലെന്ന് വിഷ്ണുചിത്തനോട് പറഞ്ഞു.അതിനുശേഷം അദ്ദേഹം പുതപ്പുമായി വരാന്തയിലേക്ക് ഉറങ്ങാൻ പോയി .

അർദ്ധരാത്രിയോടെ ഇടിമിന്നലോട് കൂടി ശക്തമായ മഴ പെയ്തു തുടങ്ങി . ബ്രാഹ്മണനെ ഓർത്ത് വിഷ്ണുചിത്തൻ വ്യാകുലനായി. സൂര്യോദയത്തിനായി അദ്ദേഹം കാത്തിരുന്നു . രാത്രി മുഴുവൻ ആ കുടുംബാംഗങ്ങൾ ബ്രാഹ്മണനെ ഓർത്ത് വിഷമിക്കുകയായിരുന്നു . പിറേറന്ന് രാവിലെ മഴ തോർന്നു. ബ്രാഹ്മണനെ നോക്കുവാനായി അവർ എല്ലാവരും പുറത്തു വന്നപ്പോൾ കണ്ടത് വളരെ മനോഹരമായ കാഴ്ച ആയിരുന്നു .ബ്രാഹ്മണനെ അവിടെ കണ്ടില്ല . പക്ഷേ കീറിയ പുതപ്പിന് പകരം ഒരു പീതാംബരപ്പട്ടു കാണാൻ കഴിഞ്ഞു .ആ പട്ടിൽ ഭഗവാൻ വെങ്കടേശ്വരന്റെ വിഗ്രഹം പ്രത്യക്ഷപ്പെട്ടു.അവർക്ക് അപ്പോഴാണ് കാര്യങ്ങൾ ബോധ്യപ്പെട്ടത്. അവരുടെ സന്തോഷത്തിന് അതിരുകളില്ലായിരുന്നു . അതിഥിയായി അവരുടെ മുന്നിൽ വന്നത് ഭഗവാൻ ശ്രീമാൻ നാരായണൻ തന്നെ ആയിരുന്നു.ഹോ!എന്തൊരുഭാഗ്യം!നമ്മുടെ മുജ്ജന്മ സുകൃതഫലമാണിത് .പക്ഷെ നമ്മൾക്ക് ഭഗവാനെ തിരിച്ചറിയാൻ കഴിയാതെ പോയല്ലോ.ഭഗവാന് കീറിയ പുതപ്പു കൊടുത്തതിൽ അവർ വളരെയധികം വിഷമിച്ചു. അവർ വെങ്കടേശ്വര വിഗ്രഹം പ്രാർത്ഥനയോടെ കൈകളിലെടുത്തു വീടിനുള്ളിലേക്ക് കൊണ്ട് പോയി . അവരുടെ ഗൃഹം സ്വർണമയമായി.അവർക്ക് വീട് മുഴുവനും ധനവും സ്വർണവും കാണുവാൻ കഴിഞ്ഞു. അവർ അത്ഭുത പരവശരായി ഭഗവാനെ പ്രകീർത്തിക്കാൻ തുടങ്ങി .ശ്രീ വെങ്കടേശ്വര വ്രതം അനുഷ്ഠിച്ചതിനാലാണ് ഈ ഭാഗ്യം കൈ വന്നത് എന്ന് അവർക്ക് മനസിലായി .

ഇത് ഭഗവാന്റെ അനുഗ്രഹമാണ് . അതിഥിയുടെ രൂപത്തിൽ ഭഗവാൻ തന്നെയാണ് ആ ഭക്തന്റെ വീട്ടിൽ ചെന്നത് .ഭഗവാൻ സ്വയം അവർക്ക് വ്രതത്തെക്കുറിച്ച് പറയുക കൂടാതെ പ്രസാദം സ്വീകരിക്കുകയും ചെയ്തു .ഭഗവാൻ കരുണക്കടലാണ് . ഭക്തിയോടും വിശ്വാസത്തോടെയും ഈ വ്രതം അനുഷ്ഠിക്കുന്ന എല്ലാ ഭക്തന്മാരുടെയും ഗൃഹങ്ങൾ അദ്ദേഹം സന്ദർശിക്കും. അതിനാൽ എല്ലാവരും ഭക്തിയോടെ ഈ വ്രതം അനുഷ്ഠിച്ച് ഭഗവാന്റെ അനുഗ്രഹം നേടുക ." ശ്രീലക്ഷ്മി ശ്രീനിവാസ കടാക്ഷ സിദ്ധിരസ്തു". (നിങ്ങൾക്ക് ഭഗവാൻ ശ്രീലക്ഷ്മി ശ്രീനിവാസന്റെ അനുഗ്രഹ കടാക്ഷം ലഭിക്കും) . ഇങ്ങനെയാണ് മുനി ശ്രേഷ്ഠനായ വിശ്വാമിത്രൻ ഈ കഥ വിവരിച്ചത് .

ഗോവിന്ദാ ..................ഗോവിന്ദാ ..................ഗോവിന്ദാ ..................

## കഥ 2 സമാപ്തം

ശ്രീയാഹ കാന്തായ കല്യാണ നിധയേ നിധയേർഥിനാം |
ശ്രീ വെങ്കട നിവാസായ ശ്രീനിവാസായ മംഗളം ||

# കഥ 3

# ശ്രീ വസിഷ്ഠം ഉവാച

ഭഗവാൻ ശ്രീമാൻ നാരായണന്റെ അനുഗ്രഹത്താൽ മുനി ശ്രേഷ്ഠനായ വസിഷ്ഠ മഹർഷി പറഞ്ഞതാണ് ഈ കഥ. "കലിയുഗത്തിലെ ജനങ്ങളെ , ശ്രീനിവാസ ഭക്തന്മാരെ ! വൈകുണ്ഠം നാഥനായ ഭഗവാൻ ശ്രീമാൻ നാരായണൻ തന്നെയാണ് തിരുമല തിരുപ്പതിയിൽ കുടി കൊള്ളുന്ന ഭഗവാൻ ശ്രീ വെങ്കടേശ്വരൻ . തന്റെ ഭക്തരുടെ ദുരിതങ്ങളും പ്രയാസങ്ങളും അകറ്റുവാനാണ് ഭഗവാൻ തിരുമലയിൽ അവതരിച്ചിരിക്കുന്നത് .ഭഗവാന്റെ പ്രീതി സമ്പാദിക്കുന്നതിനുള്ള ഏറ്റവും എളുപ്പമുള്ള മാർഗ്ഗമാണ് ഈ വ്രതം അനുഷ്ഠിക്കുക എന്നുള്ളത് .ഭക്തിയോടെയും വിശ്വാസ ത്തോടെയും ഈ വ്രതം അനുഷ്ഠിക്കുന്ന ഭക്തന്മാർക്ക് എല്ലാ വിധ ഐശ്വര്യവും ലഭിക്കും .

വർഷങ്ങൾക്ക് മുമ്പ് അവന്തി മഹാരാജ്യത്തിൽ ഭാഗ്യനഗരം എന്നൊരു നഗരമുണ്ടായിരുന്നു .പേരുപോലെ തന്നെ ഈ നഗരത്തിലെ എല്ലാ ആളുകളും സമ്പന്നരായിരുന്നു . എല്ലാവരും അവരുടെ ഈ സമ്പന്നതയിൽ അഹങ്കാരം കൊണ്ടിരുന്നു . സാധുക്കളോട് അവർ അവജ്ഞയോടെയാണ് പെരുമാറിയിരുന്നത്. ഈ സമ്പത്തെല്ലാം അവരുടെ മഹാത്മ്യം കൊണ്ടാണെന്ന് വിചാരിച്ച് ഭഗവാനെ പൂജിക്കുന്നത് നിർത്തി ,വിശേഷാവസരങ്ങളിൽ കൂടി അവർ ക്ഷേത്രങ്ങളിൽ പോകാതെയായി. ശ്രീമാൻ നാരായണൻ അവരുടെ കണ്ണുകൾ തുറപ്പിച്ച് അവരെ നേർവഴിക്കു നയിക്കാൻ തീരുമാനിച്ചു .ഇതുവഴി അവർക്ക് ദിവ്യജ്ഞാനവും ലഭിച്ചു. നഗരത്തിന്റെ കിഴക്ക് ഭാഗത്തായി ഒരു ശ്രീലക്ഷ്മി നാരായണ ക്ഷേത്രമുണ്ടായിരുന്നു. അന്ന് വിശേഷപ്പെട്ട ഏകാദശി (മാസത്തിലെ 11 - ാം ദിവസം ) നാളായിട്ട് കൂടി ആരും തന്നെ ക്ഷേത്രത്തിൽ വിളക്കുകൾ കത്തിച്ചില്ല . കാരണം എല്ലാ സമ്പന്നരായ ആളുകളും അവരുടെ സുഖഭോഗങ്ങളിൽ മുഴുകിയിരിക്കുകയായിരുന്നു .ക്ഷേത്രത്തിലെ ഭഗവാന്റെ വിഗ്രഹങ്ങളെ അലങ്കരിക്കുവാനോ പൂജ ചെയ്യാനോ ആരും മെനക്കെട്ടില്ല. അവരെ ഒരു പാഠം പഠിപ്പിക്കുവാനായി ഭഗവാൻ തീരുമാനിച്ചു .അന്ന് വൈകുന്നേരം അപ്രതീക്ഷിതമായി ഇടിയോടു കൂടി മഴ തകർത്തു പെയ്തു തുടങ്ങി .ആകാശം മേഘാവൃതമായി , നഗരം മുഴുവൻ ഇരുട്ടിലുമായി . രാത്രി മുഴുവൻ പെരുമഴയായിരുന്നു . ശക്തമായ മഴയെ തുടർന്ന് ആ നഗരം മുഴുവൻ വെള്ളത്തിനടിയൽ ആവുകയും വീടുകൾ എല്ലാം തകർന്നു പോകുകയും ചെയ്തു .

എല്ലാ സമ്പന്നരുടേയും വീടുകൾ നശിക്കുകയും സമ്പത്തെല്ലാം ഒലിച്ച് പോകുകയും ചെയ്തു . ധരിച്ചിരുന്ന വസ്ത്രങ്ങൾ ഒഴികെ ബാക്കിയെല്ലാം അവർക്ക് നഷ്ടപ്പെട്ടു . ഈ നഷ്ടങ്ങൾ എങ്ങനെ സംഭവിച്ചു എന്നവർക്ക് മനസ്സിലായില്ല എന്നു മാത്രമല്ല ഇങ്ങനെ ഒരു അവസ്ഥ ഉണ്ടാകുമെന്ന് അവർ ചിന്തിച്ചിട്ടു പോലുമില്ലായിരുന്നു. അങ്ങനെയിരിക്കുമ്പോൾ അത്ഭുതകരമായ ഒരു കാഴ്ച അവർ കണ്ടു. നഗരാതിർത്തിയിലെ കുറച്ചു കുടിലുകൾക്ക് ഒരു കേടുപാടും സംഭവിച്ചിരുന്നില്ല.കനത്ത കാറ്റും മഴയും ഈ കുടിലുകളെ തീരെബാധിച്ചിരുന്നില്ല. അവർ തികച്ചും സുരക്ഷിതരായിരുന്നു.സമ്പന്നരായ ആളുകൾ ഇത് കണ്ടു അന്ധാളിച്ചു നിന്നു. ആ നിമിഷം ആകാശത്ത് ഒരു വലിയ മിന്നൽ പിണർ ഉണ്ടായി . കൂടാതെ ഒരു അശരീരിയുമുണ്ടായി, " വിഡ്ഢികളായ മനുഷ്യരെ , നിങ്ങളുടെ മഹത്വം കൊണ്ടാണ് ഈ സമ്പത്തെല്ലാം ഉണ്ടായത് എന്നോർത്ത് അഹങ്കരിച്ചതിനാലാണ് ഈ നഷ്ടങ്ങൾ നിങ്ങൾക്ക് ഉണ്ടായത് .ആ കുടിലുകളിൽ ഒന്നിൽ താമസിക്കുന്ന ദേവയ്യ എന്റെ പ്രിയ ഭക്തനാണ് .അയാൾ പാവപ്പെട്ടവനും സാധാരണക്കാരനുമാണ് എന്നാലും അയാൾ ശ്രീലക്ഷ്മി നാരായണ ക്ഷേത്രത്തിൽ എല്ലാ ദിവസവും വിളക്കുകൾ കത്തിക്കുമായിരുന്നു . കൂടാതെ എല്ലാ ഏകാദശി നാളിലും വെങ്കടേശ്വര വ്രതവും അനുഷ്ഠിച്ചു പോന്നിരുന്നു . അതിനാലാണ് ദേവയ്യ ഉൾപ്പെടെ ആ കുടിലുകളിൽ താമസിച്ചിരുന്ന എല്ലാ ആളുകളുടെയും ജീവൻ സംരക്ഷിക്കപ്പെട്ടത്. നിങ്ങൾ എല്ലാവരും ഭക്തിയോടെ ഈ വ്രതം അനുഷ്ഠിക്കുകയാണെങ്കിൽ നഷ്ടപ്പെട്ട എല്ലാ സമ്പത്തും തിരികെ ലഭിക്കും ". ഈ വാക്കുകൾ ശ്രവിച്ച എല്ലാ ആളുകളും ഉടനടി വ്രതത്തിനാവശ്യമുള്ള സാധനങ്ങൾ സ്വരൂപിച്ച് കൊണ്ട് ക്ഷേത്രത്തിൽ പോയി ഭക്തിയോടെ വ്രതം അനുഷ്ഠിച്ചു . വ്രതം കഴിഞ്ഞയുടൻ നഷ്ടപ്പെട്ടു പോയ അവരുടെ വീടുകൾ വീണ്ടും യഥാസ്ഥാനത്ത് പ്രത്യക്ഷപ്പെട്ടു . അന്നുമുതൽ എല്ലാ സമ്പന്നരും ഏകാദശി നാളുകളിൽ ശ്രീ വെങ്കടേശ്വര വ്രതം അനുഷ്ഠിക്കാൻ തുടങ്ങി.അവരുടെ ജീവിതം മുഴുവൻ സന്തോഷപ്രദവും ഐശ്വര്യ പൂർണവുമായി തീർന്നു .അവസാനം മുക്തിയും ലഭിച്ചു .ഇങ്ങനെയാണ് മുനി ശ്രേഷ്ഠനായ വസിഷ്ഠൻ കഥ വിവരിച്ചിരിക്കുന്നത് .

ഗോവിന്ദാ ..................ഗോവിന്ദാ ..................ഗോവിന്ദാ ..................

# കഥ 3 സമാപ്തം

ശ്രീയാഹ കാന്തായ കല്യാണ നിധയേ നിധയേർധിനാം |
ശ്രീ വെങ്കട നിവാസായ ശ്രീനിവാസായ മംഗളം ||

# കഥ 4

# ശ്രീ ഭരദ്വാജ ഉവാച

ശ്രീ വെങ്കടേശ്വര വ്രതത്തിലെ നാലാം കഥ മഹാമുനി ശ്രീ ഭരദ്വാജ ആണ് വിവരിച്ചിരിക്കുന്നത്. ഹേ ! കലിയുഗത്തിലെ ജനങ്ങളെ ഭഗവാൻ ശ്രീമാൻ നാരായണന്റെ പ്രിയ ഭക്തന്മാരെ ! നിങ്ങൾ അനുഷ്ഠിച്ചു പോരുന്ന ഈ വെങ്കടേശ്വര വ്രതം അത്ഭുതം ഉളവാക്കുന്നതാണ് . ഇത് മാത്രമാണ് നിങ്ങളുടെ ആഗ്രഹങ്ങൾ സഫലീകരിക്കാനുള്ള ഏക മാർഗ്ഗം .ഭഗവാനെ പ്രീതി പ്പെടുത്താനും ഭഗവാന്റെ അനുഗ്രഹം ലഭിക്കാനുമുള്ള ഏറ്റവും എളുപ്പ മാർഗമാണിത് . ഭഗവാൻ ശ്രീനിവാസൻ തന്നെയാണ് ഈ കലിയുഗത്തിൽ നമ്മളെ അനുഗ്രഹിക്കുവാനായി തിരുമലയിൽ അവതരിച്ചിരിക്കുന്നത് . മുജ്ജന്മ സുകൃതം കൊണ്ട് മാത്രമേ നമുക്ക് തിരുമലയിൽ പോകുവാനും ഭഗവാനെ ദർശിക്കുവാനും സാധിക്കുകയുള്ളൂ . ഇത് പോലെ മുജ്ജന്മ സുകൃതം കൊണ്ട് മാത്രമേ ശ്രീ വെങ്കടേശ്വര വ്രതം അനുഷ്ഠിക്കുവാൻ സാധിക്കുകയുള്ളൂ .ഈ വ്രതം അനുഷ്ഠിക്കുന്നവരും ഇതിൽ പങ്കു കൊള്ളുന്നവരും പ്രസാദം സ്വീകരിക്കുന്നവരും ഭഗവാന്റെ അനുഗ്രഹത്തിന് പാത്രീഭവിക്കും . ഇവർ വളരെ ഭാഗ്യമുള്ളവരുമാണ് .

പുരാതനകാലത്ത് "നഗരി" എന്ന ഒരു ഗ്രാമമുണ്ടായിരുന്നു .അവിടെ ധനഗുപ്ത എന്ന് പേരുള്ള ഒരു വ്യാപാരി ജീവിച്ചിരുന്നു. അയാൾ ഒരു പിശുക്കനായിരുന്നു. ധാരാളം ധനം സമ്പാദിച്ചിരുന്നെങ്കിലും അയാളുടെ പിശുക്കിന് ഒരു കുറവും ഇല്ലായിരുന്നു .

ഈ സമ്പത്തെല്ലാം അയാളുടെ മഹത്വം കൊണ്ട് ഉണ്ടായതാണെന്ന് അയാൾക്ക് ഒരു തെറ്റിദ്ധാരണ ഉണ്ടായിരുന്നു.മഹത് വ്യക്തികളുടെ പോലും പതനത്തിനു അഹങ്കാരം ഒരു കാരണമാകും .

ധനഗുപ്തന്റെ ഭാര്യ കാന്തിമതി ഭഗവാനിൽ അടിയുറച്ചു വിശ്വസിച്ചിരുന്നു .ഈ ദമ്പതികൾക്ക് മൂന്ന് പെൺമക്കൾ ആയിരുന്നു . ഏറ്റവും ഇളയ മകൾ കുമാരിയും ഒരു വലിയ ഭക്ത ആയിരുന്നു. അവൾ എപ്പോഴും ഭഗവാൻ ശ്രീനിവാസനോട് പ്രാർത്ഥിക്കുമായിരുന്നു . അവസരം കിട്ടുമ്പോഴെല്ലാം അച്ഛനറിയാതെ അവൾ ശ്രീ വെങ്കടേശ്വര ഭഗവാനെ ദർശിക്കാൻ ക്ഷേത്രത്തിൽ പോകുമായിരുന്നു .ക്ഷേത്രത്തിൽ നിന്നും കൊണ്ട് വരുന്ന പ്രസാദം അവളുടെ അച്ഛനൊഴികെ ബാക്കി എല്ലാവരും കഴിക്കുമായിരുന്നു . കാന്തിമതി അവരുടെ ഭർത്താവിന്റെ ഈ സ്വഭാവത്തിൽ അതീവ ദുഖിതയായിരുന്നു .

ഒരു ദിവസം കുമാരി അവളുടെ കൂട്ടുകാരിയുടെ വീട്ടിൽ ശ്രീ വെങ്കടേശ്വര വ്രതത്തിൽ പങ്കെടുക്കുവാനും കഥകൾ കേൾക്കുവാനുമായി പോയി . ഉച്ചയോടെ വ്രതം സമാപിച്ചു. അവിടെ നിന്നു അവൾ കുറച്ചു പ്രസാദം കഴിക്കുകയും ബാക്കി വീട്ടിലേക്കു കൊണ്ട് വരികയും ചെയ്തു. പകുതി വഴിയായപ്പോൾ ചൂടിന്റെ ആധിക്യം കൊണ്ട് അവൾക്കു വല്ലാത്ത ദാഹം അനുഭവപ്പെട്ടു . അച്ഛന്റെ വ്യാപാര സ്ഥാപനം അടുത്തായതിനാൽ അവൾ വെള്ളം കുടിക്കാൻ അവിടേക്ക് പോയി .പക്ഷെ അച്ഛനോട് വ്രതത്തിനെ പറ്റി ഒന്നും തന്നെ പറഞ്ഞില്ല . അച്ഛന്റെ പ്രതികരണം ഓർത്തപ്പോൾ

അവൾക്ക പറയാൻ ഭയം തോന്നി . പ്രസാദം അവിടെ വച്ചു മറന്ന് അവൾ വീട്ടിലേക്ക പോയി . ഇതിനിടയിൽ ആ തെരുവിൽ ഒരു തിക്കും തിരക്കും അനുഭവപ്പെട്ടു . ആളുകൾ തലങ്ങും വിലങ്ങും കരഞ്ഞു കൊണ്ട് ഓട്ടുന്നുണ്ടായിരുന്നു . ഉച്ച ആയതിനാൽ ചൂടിന്റെ കാഠിന്യം കൊണ്ട് തീ ആളിക്കത്താൻ തുടങ്ങി . ഇത് കണ്ടു ഭയപ്പെട്ട ധനഗുപ്തയുടെ ശരീരം വിറയ്ക്കാൻ തുടങ്ങി . തന്റെ വ്യാപാര സ്ഥാപനം കണ്മുമ്പിൽ വെച്ച് കത്തി ചാമ്പലാകുമെന്ന് ഓർത്തപ്പോൾ അയാളുടെ കൈകൾ വിറയ്ക്കാൻ തുടങ്ങി . സ്ഥാപനത്തിലെ ആളുകളെല്ലാം പുറത്തേക്ക് ഓടി . പക്ഷെ ധനഗുപ്തയുടെ മനസ്സ് അനുവദിക്കാതിരുന്നതിനാൽ അയാൾക്ക് പുറത്തേക്ക് പോകാൻ തോന്നിയില്ല .എന്നാൽ പോകാതിരുന്നാലോ ആ തീയിൽപ്പെട്ടു കത്തി ചാമ്പലാകുകയും ചെയ്യും . ഇതിനിടയിൽ മകൾ മറന്നു വെച്ചു പോയ പ്രസാദപ്പൊതിയിൽ അയാൾ തൊടുകയും മാറ്റൊന്നും ചിന്തിക്കാതെ അയാൾ അത് കഴിക്കുകയും ചെയ്തു . ആ പ്രസാദത്തിന്റെ മാധുര്യം അയാൾ അനുഭവിച്ചറിഞ്ഞു . അത് മാത്രമല്ല മനസ്സിൽ ഒരു ശാന്തത അനുഭവപ്പെടുകയും ചെയ്തു . ആ നിമിഷം ഒരത്ഭുതകരമായ സംഭവം ഉണ്ടായി. ധനഗുപ്തയുടെ സ്ഥാപനത്തിന്റെ അരികിൽ എത്തിയപ്പോൾ തീയണഞ്ഞു. ഒരു തീപ്പൊരി പോലും അയാളുടെ സ്ഥാപനത്തിലേക്ക് വീണില്ല. എന്തൊരത്ഭുതം ! ധനഗുപ്ത ഒരു വാക്ക് പോലും ഉരിയാടാനാകാതെ സ്തബ്ധനായി നിന്നു .തെരുവിലെ കടകളെല്ലാം തീയിൽപ്പെട്ടു ചാമ്പലാകുന്ന വിവരം ഇതിനിടയിൽ ധനഗുപ്തയുടെ ഭാര്യ കാന്തിമതി അറിയാനിടയായി .ഇത് കേട്ട് അവർ വല്ലാതെ പരിഭ്രമിച്ചു . അവർ ഭഗവാൻ ശ്രീനിവാസനോട് പ്രാർത്ഥിച്ചുകൊണ്ട് മകളോട് കൂടി സംഭവസ്ഥലത്തേക്ക് ഓടിച്ചെന്നു . അവരുടെ സ്ഥാപനത്തിന് ഒരു കേടുപാടും സംഭവിച്ചിട്ടില്ലെന്നും തീ സ്ഥാപനത്തിന് തൊട്ടു മുൻപിൽ വച്ച് അണഞ്ഞതുമായ കാഴ്ചയാണ് അവർ കണ്ടത് . അപ്പോഴാണ് കുമാരിക്ക് താൻ പ്രസാദം അച്ഛന്റെ സ്ഥാപനത്തിൽ മറന്നു വച്ച കാര്യം ഓർമ്മയിൽ വന്നത് . അപ്പോൾ തന്നെ ധനഗുപ്തക്കും താൻ പ്രസാദം കഴിച്ച കാര്യം ഓർമ്മ വന്നു . കുമാരി അവൾ പങ്കെടുത്ത വെങ്കടേശ്വര വ്രതത്തിനെക്കുറിച്ച് അച്ഛനോട് പറഞ്ഞു. ധനഗുപ്തക്ക് , താൻ കഴിച്ച പ്രസാദത്തിന്റെ മഹത്വവും ഭഗവാന്റെ അകമഴിഞ്ഞ അനുഗ്രഹവും കൊണ്ട് മാത്രമാണ് ഈ വലിയ ആപത്തിൽ നിന്നും താൻ രക്ഷപ്പെട്ടത് എന്ന് മനസിലായി .

അയാൾ ഭഗവാനോട് ക്ഷമാർപ്പണം നടത്തി .അന്ന് വൈകുന്നേരം ധനഗുപ്ത ഗ്രാമത്തിലെ എല്ലാ ആളുകളെയും തന്റെ ഗൃഹത്തിലേക്ക് ക്ഷണിക്കുകയും ശ്രീ വെങ്കടേശ്വര വ്രതം ഭക്തിയോടും വിശ്വാസത്തോടും കൂടി അനുഷ്ഠിക്കുകയും ചെയ്തു . അന്ന് മുതൽ തന്റെ ജീവിതം മുഴുവൻ ശ്രീ വെങ്കടേശ്വര ഭഗവാനായി ഉഴിഞ്ഞു വച്ചു. അവസാനം അയാൾക്ക് മുക്തി ലഭിക്കുകയും ചെയ്തു .ഭഗവാന്റെ പ്രസാദം കഴിച്ചത് കൊണ്ട് മാത്രം ധനഗുപ്ത ആപത്തിൽ നിന്നും മുക്തനായി എന്നത് അതിശയകരമായ കാര്യം തന്നെ . ഭഗവാൻ ശ്രീനിവാസന്റെ അനുഗ്രഹത്തിനായി അവസരം കിട്ടുമ്പോഴെല്ലാം എല്ലാവരും ഈ വ്രതം അനുഷ്ഠിക്കണം .

ഗോവിന്ദാ ..................ഗോവിന്ദാ ..................ഗോവിന്ദാ ..................

**കഥ 4 സമാപ്തം**

ശ്രീയാഹ കാന്തായ കല്യാണ നിധയേ നിധയേർധിനാം |
ശ്രീ വെങ്കടനിവാസായ ശ്രീനിവാസായ മംഗളം ||

# കഥ 5

# ശ്രീ അത്രി ഉവാച

മഹത് വ്യക്തികൾ പ്രവചിച്ചതു പോലെ ഭൂലോക വൈകുണ്ഠമാണ് തിരുമല തിരുപ്പതി . ഇത് പോലെ പുണ്യമുള്ള വേറെ ഒരു സ്ഥലവുമില്ല . ഭൂതകാലത്തിലും ഭാവികാലത്തിലും ഭഗവാൻ വെങ്കടേശ്വരന് തുല്യനായി മറ്റൊരു ഈശ്വരനുമില്ല . ശ്രീനിവാസനായി അവതരിച്ച ശ്രീമാൻ നാരായണ ഭഗവാൻ ഭക്തവത്സലനാണ്. ഭഗവാന്റെ ഭക്ത വാത്സല്യം വിവരണാതീതമാണ് . സത്കർമങ്ങൾ ചെയ്യുകയും ഭഗവാനെ പൂർണ്ണമായ വിശ്വാസത്തോടും ഭക്തിയോടും കൂടി പ്രാർത്ഥിക്കുന്ന എല്ലാ ഭക്തന്മാരെയും ഭഗവാൻ എപ്പോഴും സംരക്ഷിക്കും .ഭഗവാനെ പ്രീതിപ്പെടുത്താനുള്ള ഏറ്റവും എളുപ്പമാർഗ്ഗം "ശ്രീ വെങ്കടേശ്വര വ്രതം " അനുഷ്ഠിക്കുക എന്നതാണ് .

വെങ്കടേശ്വര വ്രതത്തിലെ അഞ്ചാമത്തെ കഥ മുനി ശ്രേഷ്ഠനായ ശ്രീ അത്രിയാണ് വിവരിച്ചിരിക്കുന്നത്. ഹേ ! ശ്രീനിവാസ ഭക്തന്മാരെ ! നിങ്ങൾ എത്ര മാത്രം ഭാഗ്യം ചെയ്തവരാണെന്ന് വിവരിക്കാൻ പ്രയാസമാണ് .കൃത , ത്രേതാ , ദ്വാപര യുഗങ്ങളിൽ എത്ര ഭക്തിയോടും വിശ്വാസത്തോടും കൂടി പ്രാർത്ഥിച്ചാലും ശ്രീമാൻ നാരായണനെ പ്രീതിപ്പെടുത്താൻ വളരെ പ്രയാസമായിരുന്നു. പക്ഷെ ഈ കലിയുഗത്തിൽ ഭഗവാന്റെ നാമം ഉച്ചരിച്ചാൽ മാത്രം മതി ഭഗവാന്റെ പ്രീതി നേടാൻ .ഭഗവാനിൽ പൂർണ്ണമായി സമർപ്പിച്ചാൽ ആ നിമിഷം ഭഗവാൻ അവിടെ ഉണ്ടാകും .ഭഗവാൻ ശ്രീനിവാസൻ കരുണക്കടലാണ്. തിരുമല മുഴുവൻ ഭഗവാന്റെ ദിവ്യത്വം കൊണ്ട് നിറഞ്ഞിരിക്കുന്നു. തിരുമലയിൽ നമ്മൾ വെയ്ക്കുന്ന ഓരോ കാൽച്ചുവടും മുജ്ജന്മ സുകൃതഫലമാണ് .

പുരാതന കാലത്തിൽ കൌമാര മഹാരാജ്യത്ത് മിത്ര എന്ന് പേരുള്ള ഒരു അലക്കുകാരൻ ജീവിച്ചിരുന്നു .വികലാംഗനായതിനാൽ വസ്ത്രങ്ങൾ അലക്കുവാനും അത് തിരികെ ആൾക്കാർക്ക് എത്തിക്കുവാനും അയാൾ വളരെ പ്രയാസപ്പെട്ടിരുന്നു. അയാളായിരുന്നു ആ വലിയ കുടുംബത്തിന്റെ ഏക ആശ്രയം .ഭഗവാൻ ശ്രീനിവാസന്റെ ഉത്തമ ഭക്തനായിരുന്നു മിത്ര. ഭഗവാൻ ശ്രീനിവാസന്റെ കരുണാകടാക്ഷം തനിക്കു ലഭിക്കുമെന്ന് മിത്ര അടിയുറച്ചു വിശ്വസിച്ചിരുന്നു. ഭഗവാൻ ശ്രീനിവാസൻ എല്ലാം കാണുന്നുണ്ട്. കർമങ്ങൾക്കൊടുവിൽ ശ്രീനിവാസ ഭഗവാൻ പ്രത്യക്ഷപ്പെട്ട് തന്റെ ഭക്തന്മാരെ സംരക്ഷിക്കും .

സാധാരണ പോലെ അന്ന് വൈകുന്നേരവും മിത്ര തുണിക്കെട്ടുകളുമായി തന്റെ ജോലി സ്ഥലത്ത് നിന്ന് വരികയായിരുന്നു .അയാൾ വളരെ ക്ഷീണിതനായിരുന്നു .വരുന്ന വഴിയിൽ ഒരു വൃദ്ധ ബ്രാഹ്മണനെ കാണാനിടയായി .ബ്രാഹ്മണനെ കണ്ടപ്പോൾ തന്റെ തുണിക്കെട്ട് താഴെ വച്ച് മിത്ര വിനയാന്വിതനായി തൊഴുതു . വികലാംഗനായ മിത്രയുടെ കഷ്ടപ്പാട് കണ്ട് ബ്രാഹ്മണൻ ദയാപൂർവ്വം ചോദിച്ചു . "നീ വളരെ കഷ്ടപ്പെടുന്നുണ്ട് അല്ലെ?'' മിത്ര വിനയാന്വിതനായി മറുപടി പറഞ്ഞു . "സ്വാമി അങ്ങ് ആരാണെന്നു ഞാൻ അറിയുന്നില്ല . എങ്കിലും അങ്ങയിൽ ഒരു ദിവ്യത്വം ഞാൻ കാണുന്നു . എന്റെ കുടുംബത്തിന്റെ പ്രാരാബ്ധം മുഴുവൻ എന്നിലാണ് . അതിൽ നിന്നും എനിക്ക് മുക്തിയുമില്ല. ദയവായി എന്റെ വികലാംഗത്വത്തിൽ നിന്നും ദുരിതങ്ങളിൽ നിന്നും കരകയറുവാൻ ഒരു മാർഗ്ഗം അങ്ങ് പറഞ്ഞു തന്നാലും ."

ഇത് കേട്ട് ബ്രാഹ്മണൻ ഇങ്ങനെ പറഞ്ഞു " തീർച്ചയായും ഞാൻ നിനക്ക് ഒരു വഴി പറഞ്ഞു തരാം.ശ്രദ്ധിച്ചു കേട്ടാലും.നിന്റെ വികലാംഗത്വം മാറുകയും നിനക്ക് ജീവിതത്തിൽ എല്ലാ

ഐശ്വര്യങ്ങൾ ലഭിക്കുകയും ചെയ്യും .ഇതൊക്കെയും ലഭിക്കാനായി ഞാനൊരു മഹത്തായ വ്രതത്തെപ്പറ്റി പറഞ്ഞു തരാം . ഈ വ്രതം അനുഷ്ഠിച്ചു കഴിയുന്ന ഉടൻ നിനക്ക് ആയിരം പൊൻപണം കിട്ടും .എന്നാൽ ഒരു വ്യവസ്ഥയുണ്ട് . അതായത് കിട്ടുന്ന പൊൻപണത്തിൽ നിന്നും പകുതി എനിക്ക് തരണം .എനിക്കുള്ള പൊൻപണം സ്വീകരിക്കാനായി നാളെ ഇതേ സമയത്ത് ഞാൻ ഇവിടെ വരും" .മിത്ര പ്രാർത്ഥനയോടെ ആ ബ്രാഹ്മണനോട് ചോദിച്ചു " ഹേ സ്വാമി ! ഞാൻ എത്ര ഭാഗ്യവാനാണ്. ദയവായി ആ വ്രതത്തെ കുറിച്ച് എനിക്ക് പറഞ്ഞു തരിക.തീർച്ചയായും ഞാനത് ചെയ്യാം". ആ ബ്രാഹ്മണൻ ഉടൻ തന്നെ ശ്രീ വെങ്കടേശ്വര വ്രതകൽപ്പത്തെക്കുറിച്ച് വിശദമായി പറഞ്ഞു കൊടുത്തു .

മിത്ര സന്തുഷ്ടനായി വീട്ടിലെത്തി തന്റെ ഭാര്യയോട് നടന്നതെല്ലാം വിവരിച്ചു കൊടുത്തു . മിത്ര തന്റെ അയൽക്കാരെയെല്ലാം വീട്ടിലേക്കു ക്ഷണിച്ച് വളരെ ഭക്തിയോടു കൂടി ശ്രീ വെങ്കടേശ്വര വ്രതം അനുഷ്ഠിച്ചു . മിത്ര തീർത്ഥവും പ്രസാദവും സ്വയം സ്വീകരിക്കുകയും മറ്റുള്ളവർക്ക് വിതരണം ചെയ്യുകയും ചെയ്തു .ഇതിനിടയിൽ പുറത്ത് ഒരാരവം കേട്ട് മിത്രയുടെ മകൻ അന്വേഷിക്കാൻ പോയി . അവൻ പെട്ടെന്ന് തിരികെ വന്നു മിത്രയോടു പറഞ്ഞു "അച്ഛാ! രാജാവ് കൊടുത്തയച്ച കുറെ സമ്മാനങ്ങളുമായി രാജഭൃത്യന്മാർ വന്നിരിക്കുന്നു".കൊട്ടാരത്തിലെ പ്രധാന അലങ്കാരനായി മിത്രയെ രാജാവ് നിയോഗിച്ച കാര്യം രാജഭൃത്യന്മാർ അയാളെ അറിയിച്ചു .ഇത് കൂടാതെ സമ്മാനമായി രാജാവ് കൊടുത്തയച്ച ആയിരം പൊൻപണവും അവർ മിത്രയ്ക്ക് കൈമാറി .മിത്രയുടെ സന്തോഷത്തിനു അതിരുകൾ ഇല്ലായിരുന്നു .ജോലി ഏറ്റെടുക്കാൻ മിത്രയ്ക്ക് രാജാവ് ഒരാഴ്ച നൽകിയിരുന്നെങ്കിലും അത്രയും കാത്തിരിക്കാനുള്ള ക്ഷമ അയാൾക്ക് ഇല്ലായിരുന്നു . പിറ്റേന്ന് രാവിലെ തന്നെ അയാൾ കൊട്ടാരത്തിലേക്ക് യാത്രയായി . സന്തോഷാധിക്യത്താൽ വൃദ്ധ ബ്രാഹ്മണന് കൊടുത്ത വാക്ക് അയാൾ മറന്നു പോയി. എന്നാൽ പോകുന്ന വഴിയിൽ മിത്ര ബ്രാഹ്മണനെ ഓർത്തെങ്കിലും അദ്ദേഹത്തിന് കൊടുത്ത വാക്കിനു പ്രാധാന്യം കൽപ്പിക്കാതെ ബ്രാഹ്മണനെ ഒരു മാസത്തിനു ശേഷം കാണാമെന്നു മനസ്സിൽ വിചാരിച്ച് അയാൾ നടന്നു നീങ്ങി.കൊട്ടാരത്തിൽ അയാൾ തന്റെ ജോലി ഏറ്റെടുത്തു . മാസങ്ങൾ കടന്നു പോയി , പക്ഷെ വൃദ്ധ ബ്രാഹ്മണന് കൊടുത്ത വാക്ക് അയാൾ പാടെ മറന്നു പോയി.ഭഗവാൻ ശ്രീമാൻ നാരായണൻ തന്നെയായിരുന്നു ബ്രാഹ്മണ രൂപത്തിൽ മിത്രയുടെ മുന്നിൽ ചെന്നിരുന്നത് .എന്നാൽ മിത്ര അത് മനസിലാക്കിയില്ല . ഭഗവാൻ അയാളെ ഒരു പാഠം പഠിപ്പിക്കാൻ തീരുമാനിച്ചു .

അടുത്ത ദിവസം രാജ്ഞിയുടെ ആഭരണങ്ങൾ കാണാതാകുകയും ആ കുറ്റം മിത്രയുടെ മേൽ ചുമത്തപ്പെടുകയും , അയാൾ തുറുങ്കിലടക്കപ്പെടുകയും ചെയ്തു .പല രീതിയിലും അയാൾ ശിക്ഷിക്കപ്പെട്ടു . എന്താണെനിക്ക് ഇങ്ങനെയൊക്കെ സംഭവിക്കാൻ കാരണം എന്നോർത്തു മിത്ര കുണ്ഠിതപ്പെട്ടു . അന്നു രാത്രി മിത്ര സ്വപ്നത്തിൽ വൃദ്ധ ബ്രാഹ്മണനെ കാണുകയും താൻ മറ്റാരുമല്ല ഭഗവാൻ ശ്രീനിവാസൻ തന്നെയാണെന്ന് മിത്രയെ അറിയിക്കുകയും ചെയ്തു.ഭഗവാനു കൊടുത്ത വാക്ക് പാലിക്കാതിരുന്നതിനാലാണ് അയാൾക്ക് ഈ ശിക്ഷ അനുഭവിക്കേണ്ടി വന്നതെന്നും പറഞ്ഞു.മിത്ര പ്രാർത്ഥനയോടെ ഭഗവാനോട് പറഞ്ഞു "ഭഗവാനെ,ഞാൻ വലിയ ഒരപരാധിയാണ്.ഞാൻ ചെയ്തത് വലിയ തെറ്റ് തന്നെയാണ്. സമസ്താപരാധവും പൊറുക്കേണമേ .ഇന്ന് മുതൽ എന്റെ ജീവിതാവസാനം വരെ എല്ലാ മാസവും ഭക്തിയോടെ

ഞാൻ വെങ്കടേശ്വര വ്രതം അനുഷ്ഠിക്കുകയും എന്റെ വരുമാനത്തിന്റെ പകുതി അങ്ങേക്ക് സമർപ്പിക്കുകയും ചെയ്തു കൊള്ളാം". തന്റെ ഭക്തരുടെ സംരക്ഷകനാണ് ഭഗവാൻ . മിത്രയുടെ വാക്കുകൾ കേട്ട് ഭഗവാൻ പ്രീതിപ്പെടുകയും അയാളെ അനുഗ്രഹിക്കുകയും ചെയ്തു . അടുത്ത ദിവസം തന്നെ രാജ്ഞിയുടെ ആഭരണങ്ങൾ കണ്ടു കിട്ടി .ഇതിൽ നിന്നും മിത്ര കുറ്റക്കാരനല്ലെന്നു രാജാവിന് ബോധ്യമായി .തടങ്കലിൽ നിന്നും മിത്രയെ മോചിപ്പിക്കാൻ രാജാവ് ഉത്തരവിട്ടു . അതിനു ശേഷം എല്ലാ മാസവും മിത്ര ശ്രീ വെങ്കടേശ്വര വ്രതം ഭക്തിയോടും വിശ്വാസത്തോടും കൂടി അനുഷ്ഠിക്കുകയും തന്റെ വരുമാനത്തിന്റെ പകുതി ഭഗവാന് സമർപ്പിച്ച് പോരുകയും ചെയ്തു .ശേഷമുള്ള മിത്രയുടെ ജീവിതം വളരെ സന്തോഷപ്രദമായിരുന്നു .അവസാനം അയാൾക്ക് മുക്തി ലഭിക്കുകയും ചെയ്തു .

ഗോവിന്ദാ ..................ഗോവിന്ദാ ..................ഗോവിന്ദാ ..................

# കഥ 5 സമാപ്തം

ശ്രീയാഹ കാന്തായ കല്യാണ നിധയേ നിധയേർധിനാം |
ശ്രീ വെങ്കട നിവാസായ ശ്രീനിവാസായ മംഗളം ||

## ക്ഷമാർപ്പണം

മന്ത്രഹീനം ക്രിയാഹീനം ഭക്തിഹീനം ജനാർദ്ദന|

യത്പൂജിതം മയാ ദേവ പരിപൂർണ്ണം തദാസ്തുതേ||
(ഭഗവാനെ സാഷ്ടാംഗം നമസ്കരിക്കുക)

അനയാ ധ്യാനാ വാഹനാദി ഷോദശപചര പൂജയാ ച ഭഗവാൻ
സർവ്വാത്മകഹ ശ്രീ ലക്ഷ്മി പത്മാവതി സമേത ശ്രീ വെങ്കടേശ്വര സ്വരൂപോ ഭഗവാൻ സുപ്രീത സുപ്രസന്നോ വരദോ ഭവതു . ശ്രീ വെങ്കടേശ്വര ദേവ പ്രസാദം ശിരസാ ഗൃഹനാമി

**തീർത്ഥം എടുക്കുക**

അകാലമൃത്യുഹരണം സർവ്വവ്യാധി നിവാരണം|

സർവ്വപാപക്ഷയകരം ദേവപാദോദകം പാവനം ശുഭം||
(ഗ്ലാസിലെ വെള്ളം തീർത്ഥമായി കുടിക്കുക)

## നൈവേദ്യം

ഓം ഭുർഭുവസ്വ: തത് സവിതുർ വരേണ്യം ഭർഗോദേവസ്യധീമഹി, ധിയോയോനഹ പ്രജോദയാത് ,

സത്യം ത്വർതെന പരിഷിഞ്ചാമി , അമൃതമസ്തു അമൃതോപസ്തരനമസി , ഓം പ്രാണായ സ്വാഹാ ,

ഓം ആപാനായ സ്വാഹാ , ഓം വ്യാനായ സ്വാഹാ , ഓം ഉദനായ സ്വാഹാ ,ഓം സമാനായ

സ്വാഹാ , ഓം ബ്രാഹ്മണേ സ്വാഹാ , ശ്രീ ലക്ഷ്മി പത്മാവതി സമേത ശ്രീ വെങ്കടേശ്വര സ്വാമിന്യൈ നമ: - മഹാനൈവേദ്യം സമർപ്പയാമി||

അമൃതാഭി ധാനാമസി ഉത്തരാപോഷണം സമർപ്പയാമി ,
ഹസ്തൗ പ്രക്ഷലയാമി, ശുദ്ധ ആചമനീയം സമർപ്പയാമി ||

താംബൂലം സമർപ്പയാമി, സുവർണ്ണമന്ത്രപുഷ്പം സമർപ്പയാമി, പ്രദക്ഷിണ നമസ്കാരം സമർപ്പയാമി,
അനയാധ്യാനാ വാഹനാദി ഷോദശോപചര പൂജയാ ഭഗവാൻ സർവ്വാത്മകഹ
ശ്രീ ലക്ഷ്മി പത്മാവതി സമേത ശ്രീ വെങ്കടേശ്വര സ്വാമി സുപ്രീത സുപ്രസന്നോ വരദോ ഭവതു ,
ശ്രീ ലക്ഷ്മി പത്മാവതി സമേത ശ്രീ വെങ്കടേശ്വര സ്വാമി പ്രസാദം ശിരസാ ഗൃഹനാമി ||

## ഉദ്വാസനം

യഗ്നേന യഗ്ന മയജന്ത ദേവാസ്ഥാനി ധർമ്മാണി പ്രഥമാന്യാസൻ |
തേഹനാകം മഹിമാനസ്സചന്തേ യത്ര പൂർവ്വേ സാധ്യാശാന്തി ദേവാഹാ ||
ഗച്ഛ ഗച്ഛ സുരശ്രേഷ്ഠ സ്വസ്ഥാന ശ്രീ വെങ്കടേശ്വര |
ഭക്താഭീഷ്ട സമൃദ്ധ്യർഥം പുനരാഗമനായച||

ശ്രീ ലക്ഷ്മി പത്മാവതി സമേത ശ്രീ വെങ്കടേശ്വര സ്വാമി യഥാസ്ഥാനം ഉദ്വാസയാമി

## നിങ്ങളുടെ സംശയങ്ങളും അതിനുള്ള ഉത്തരങ്ങളും

### Visit our website for the latest updated list of this FAQ: [http://www.venkateswaravratham.org/faq](http://www.venkateswaravratham.org/faq)

**1. ബാലാജി ഭഗവാന്റെ വിവിധ നാമങ്ങൾ ഏതെല്ലാം?**

ബാലാജി ഭഗവാൻ ഭക്തരുടെയിടയിൽ അറിയപ്പെടുന്ന ചില നാമങ്ങൾ ഇതൊക്കെയാണ്.ഏഴു മലകളുടെ അധിപൻ, വെങ്കടേശ്വരൻ, വെങ്കടേശ, ബാലാജി, തിരുമലേശൻ, പെരുമല്ല, ഗോവിന്ദൻ, ശ്രീനിവാസൻ.

**2. എത്ര തവണ ശ്രീ വെങ്കടേശ്വരവ്രതം ചെയ്യാം?**

എത്ര തവണ എന്നില്ല. ആർക്കും ഈ വ്രതംദിവസേനയോ,ആഴ്ചയിൽ ഒരിക്കലോ , മാസത്തിൽ ഒരിക്കലോ, വർഷത്തിൽ ഒരിക്കലോ ചെയ്യാം. ഈ വ്രതം ഏഴാഴ്ചക്കകം ഏഴ് തവണ ചെയ്യണമെന്ന് കേട്ടിട്ടുണ്ടെങ്കിൽ അത് ഈ വ്രതം അല്ല.

**3. ഈ വ്രതം ചെയ്യുന്നതു വഴി വീടുകളിൽ അത്ഭുതങ്ങൾ സംഭവിക്കുമോ?**

ഈ വ്രതം ചെയ്ത ശേഷം അത്ഭുതങ്ങൾ കണ്ടതായി ഞങ്ങളെ അറിയിച്ചിട്ടുണ്ട്.അത്ഭുതങ്ങൾക്കായി മാത്രം ഈ വ്രതം ചെയ്യുകയാണെങ്കിൽ ആരും ഒന്നു കൂടി ചിന്തിക്കേണ്ടതാണ്. ഭക്തർ ഈവ്രതം ചെയ്യുന്നതു വഴി അവരുടെ ദുഷ്കർമ്മങ്ങൾ കുറയുകയും സത്കർമ്മങ്ങൾ കൂടുകയും ചെയ്യും.

**4. മാർഗഷിര ഏത് ഇംഗ്ലീഷ് മാസത്തിലാണ്?**

നവംബർ 26 – ഡിസംബർ 24

**5. എന്താണ് ഗോതമ്പ് റവ?**

ഗോതമ്പ് നുറുക്ക്.

**6. തുണി കൊണ്ടുള്ള മാലക്ക് പകരം പൂമാല ഉപയോഗിക്കാമോ?**

ഉപയോഗിക്കാം.

**7.പ്രത്യേകം പൂജാമുറി ഇല്ലാത്തവർക്ക് മറ്റ് മുറികളിൽ ഈവ്രതം ചെയ്യാമോ?**

തീർച്ചയായും ഏത് വൃത്തിയുള്ള മുറിയിലും ചെയ്യാം.

**8. ഈ വ്രതത്തിനായി ബാലാജി ഭഗവാന്റെ പുതിയ ചിത്രം വാങ്ങണോ?**

നിർബന്ധമില്ല. കൈയ്യിൽ ഉണ്ടെങ്കിൽ ആ ചിത്രം മതി.

**9. ബാലാജി ഭഗവാന്റെ ചിത്രത്തിനൊപ്പം മറ്റ് ദേവന്മാരുടെചത്രങ്ങൾ വെക്കാമോ?**

കുഴപ്പമില്ല.

**10. നിത്യ പൂജയ്ക്ക് ശേഷം ഭഗവാന് എന്തൊക്കെ നിവേദിക്കാം?**

ഇറച്ചി, മീൻ, മുട്ട, ഉള്ളി, വെളുത്തുള്ളി മുതലായവ അടങ്ങാത്ത എന്തും ഭഗവാന് നിവേദിക്കാം.

**11. മന്ത്രങ്ങൾ ശരിയായി ഉച്ചരിച്ചിട്ടില്ലെങ്കിൽ ദോഷം വരുമോ?**

ഒരു ദോഷവുമില്ല. ഭക്തിയോടെ സാവധാനം ശ്രദ്ധിച്ചു വായിക്കുക.കൂടാതെ ഞങ്ങളുടെ വെബ് സൈറ്റിൽ

നിന്ന് മന്ത്രങ്ങൾ കേൾക്കുകയും ചെയ്യാം. ബാക്കിയെല്ലാം ഭഗവാന് സമർപ്പിക്കുക.

**12. അക്ഷിന്ത ഉണ്ടാക്കാൻ ഏത് എണ്ണ ഉപയോഗിക്കാം?**

നല്ലെണ്ണ

**13. പ്രസാദം ഉണ്ടാക്കാൻ പുതിയ അടുപ്പും പാത്രങ്ങളും വാങ്ങണോ?**

പുതിയ പാത്രങ്ങൾ മാത്രം വാങ്ങുക.അത് പിന്നെ മറ്റൊന്നിനും ഉപയോഗിക്കാതിരിക്കുക.

**14. എങ്ങനെയാണ് പുതിയ ബ്ലൗസ് പീസ് ഉപയോഗിക്കുക?**

കലശത്തിലെ തേങ്ങ പൊതിയാൻ ഉപയോഗിക്കാം.

**15. എപ്പോഴാണ് തേങ്ങ കലശത്തിൽ വെയ്ക്കേ ണ്ടത്?**

വ്രതത്തിന് തൊട്ടു മുമ്പ്.

**16. കലശം ഏത് ഭാഗത്താണ് വെയ്ക്കേ ണ്ടത്?**

ഭഗവാൻെറ വലത് ഭാഗത്ത്.

**17. അഞ്ചു തേങ്ങ സമർപ്പിക്കണം എന്ന് നിർബ്ബന്ധമുണ്ടോ?**

തേങ്ങ കിട്ടിയില്ലെങ്കിൽ തുളസിയോ പൂക്കളോ സമർപ്പിക്കുക.

**18. പൂജയ്ക്ക് വെറ്റിലയാണോ മാവിലയാണോ ഉപയോഗീക്കേ ണ്ടത്?**

കിട്ടുന്നതനുസരിച്ച് ഏത് വേണമെങ്കിലും ഉപയോഗിക്കാം.

**19. വെങ്കടേശ്വര വ്രതത്തിന്റെ ബുക്ക് എവിടെ ലഭിക്കും?**

ഞങ്ങളുടെ വെബ്സൈറ്റിൽ ലഭ്യമാണ്.

**20. പൂജാരി ഇല്ലാതെ ഈ വ്രതം ചെയ്യാമോ?**

ചെയ്യാം.വേണമെങ്കിൽ പൂജാരിയെ ക്കൊണ്ടും ചെയ്യിക്കാം.

**21. വ്രതത്തിനു ഉപയോഗിച്ച പഴങ്ങളും,ഇലകളും,പൂക്കളും എന്തു ചെയ്യും?**

പഴങ്ങൾ പ്രസാദമായി വിതരണം ചെയ്യാം.കഥകൾക്ക് വേണ്ടി ഉപയോഗിച്ച തേങ്ങ പ്രസാദമായി വിതരണം ചെയ്യുകയോ പാചകത്തിന് ഉപയോഗിക്കുകയോ ചെയ്യാം.കലശത്തിന് ഉപയോഗിച്ച തേങ്ങ മധുരം ഉണ്ടാക്കാൻ എടുക്കാം. തേങ്ങാവെള്ളം തീർത്ഥമയി കുടിക്കാം.പൂക്കളും ഇലകളും അമ്പലത്തിലോ ചെടികൾക്ക് വളമായോ ഇടാം.

**22.ഏത് തരത്തിലുള്ള സഹായമാണ് ഞങ്ങൾ നിങ്ങൾക്കായി ചെയ്യേണ്ടത്?**

ശ്രീ വെങ്കടേശ്വരവ്രതം മറ്റ് ഭക്തരിലേക്ക് പ്രചരിപ്പിക്കുക.



September 13, 2010




September 18, 2010



September 18, 2010



September 20, 2010



September 20, 2010



September 21, 2010



September 26, 2010



October 10, 2010

# ശ്രീ വെങ്കടേശ്വര വ്രതം

**Sree Kalyana Venkateswara Swamy**



https://www.venkateswaravratham.org
info@venkateswaravratham.org